# UNIVERSITY OF KERALA

*(Re-accredited by NAAC with 'A++' Grade)*

## Assurances given and Decisions taken at the Meeting of the Senate held on 10th, 30th and 31st March 2023

| | | |
|---|---|---|
| ***Day-1*** | **:** | ***10.03.2023 (Friday)*** |
| ***Time*** | **:** | ***2.00 pm*** |
| ***Place of Meeting*** | **:** | ***Senate Chamber, University Buildings, Palayam, Thiruvananthapuram.*** |

**Members Present:**

1. (Dr.) Mohanan Kunnummal
   Vice-Chancellor (In the Chair)
2. Sri. Vishnu A
3. Dr. Sobha K.D
4. Dr. Latha M.S
5. Sri. V. Sasi, MLA
6. Dr. Nazeeb S
7. Dr. Vishnu V.S
8. Dr. Sabeen H.M
9. Sri. Jairaj. J
10. Dr. Dileep A.S
11. Dr. Babitha G.S
12. Dr. Kavitha K.R
13. Dr. Sekaran .S
14. Dr. Rani Abraham
15. Dr. K. Jayakumar
16. Smt. Shajitha .S
17. Sri. Sony.P.John
18. Dr. M. Vijayan Pillai
19. Sri. R. Arunkumar
20. Dr. Pramod N
21. Dr. Soju S
22. Sri. B.P Murali
23. Sri. P. Rajendrakumar
24. Sri. Bijukumar .G
25. Sri. Anilkumar .R

26. Sri. Osbon .Y
27. Sri. Adithyan S.R
28. Sri. Ajinth Ajay
29. Sri. Arpan P. Varghese
30. Sri. Muhammed Shahin A.S
31. Sri. Muhammed Asif M.A
32. Sri. Sandeep Lal .S
33. Smt. Sruthi M.R
34. Sri. Vishnu J
35. Prof. A.M Unnikrishnan
36. Dr. K.B Manoj
37. Prof. K. Lalitha
38. Dr. Gopchandran K.G

**Online Presence**

1. Sri. Sibi C. Babu
2. Dr. Helen .A
3. Sri. Jayaram .S
4. Dr. Vinodkumar T.G Nair
5. Adv. Gopukrishnan C.G
6. Dr. Pramod Kiran R.B
7. Dr. Joy V.S
8. Dr. B. Rajendran
9. Adv. A. Ajikumar
10. Dr. A. Balakrishnan
11. Sri. Liju P.R
12. Sri. Abhijith A.K
13. Sri. C.R Mahesh M.L.A

വൈസ് ചാൻസിലർ സെനറ്റ് യോഗത്തിലേയ്ക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്ന് കാര്യവട്ടം ക്യാമ്പസിലെ ജോയിന്റ് രജിസ്ട്രാർ ശ്രീ.രാജ് നാരായണൻ.ആർ രാവിലെ മരണപ്പെട്ട ദുഃഖകരമായ വിവരം സഭയെ അറിയിച്ചു.

**വൈസ് ചാൻസിലർ**

കുറച്ചു ദിവസങ്ങൾക്കുള്ളിൽ **ഞാൻ** മനസ്സിലാക്കിയ **മികച്ച** വ്യക്തിത്വമാണ് ശ്രീ.രാജ് നാരായണന്റേത്. എല്ലാ പ്രശ്നങ്ങളിലും ഊർജസ്വലനായി ഇടപെട്ടുനിന്ന വ്യക്തിയായ അദ്ദേഹത്തിന്റെ **അകാലത്തിലെ** വേർപാടിലുള്ള **ദു:ഖത്തിൽ പങ്ക് ചേർന്ന് ബഹുമാന്യ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.**

തുടർന്ന് സിൻഡിക്കേറ്റ് അംഗം ശ്രീ. ജി. ബിജുകുമാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചന പ്രമേയം**

1994 ൽ കേരള സർവകലാശാലയുടെ സർവ്വീസിൽ പ്രവർത്തനം തുടങ്ങിയ സമർഥമായ ഉദ്യോഗസ്ഥ നേതൃത്വമായിരുന്നു ഇന്ന് രാവിലെ അന്തരിച്ച സർവകലാശാല ജോയിന്റ് രജിസ്ട്രാർ ശ്രീ. ആർ. രാജ് നാരായണൻ. നമ്മുടെ സർവകലാശാലയുടെ സമഗ്ര വികസനത്തിനായി എക്കാലവും പ്രവർത്തിച്ചിട്ടുള്ള

അദ്ദേഹം, വഹിച്ചിരുന്ന സ്ഥാനങ്ങളുടെയെല്ലാം ഔന്നത്യവും മഹത്വവും എല്ലാ അർത്ഥത്തിലും കാത്ത് സൂക്ഷിച്ചിരുന്നു എന്നത് അഭിമാനകരമാണ്. 'നാക് ' അക്രഡിറ്റേഷൻ കാലയളവിൽ ക്യമ്പസ് അഡ്മിനിസ്ട്രേറ്റർ എന്ന നിലവിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിലും, ജാഗ്രതയോടെ ഏകോപിപ്പിക്കുന്നതിലും സമർപ്പിത മനസ്ക്കനായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ സർവകലാശാല അഭിമാനത്തോടെ ഓർക്കുന്നു. പുരോഗമന ചിന്തകൾ എക്കാലവും ജീവിതത്തിന്റെ ഭാഗമാക്കിയ മനുഷ്യസ്നേഹിയും സമർത്ഥനായ ഉദ്യോഗസ്ഥനുമായിരുന്ന ശ്രീ. ആർ രാജ് നാരായണന്റെ അകാല വിയോഗം സർവകലാശാലയുടെ നഷ്ടങ്ങളിൽ ഒന്നാണ്.

ആദരണീയനായ ജോയിന്റ് രജിസ്ട്രാർ ശ്രീ. ആർ. രാജ് നാരായണന്റെ അകാല വിയോഗത്തിൽ ഈ സഭ അനുശോചനം രേഖപ്പെടുത്തുന്നു.

സഭയിലെ അംഗങ്ങൾ എഴുന്നേറ്റ നിന്ന് മൗനം ആചരിച്ചു. തുടർന്ന് **താഴെ പറയുന്ന** അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി സംസാരിച്ചു.

<u>ഡോ.എസ്.നസീബ്</u>

സർവകലാശാലയിൽ സമർപ്പിത മനസ്കരായ നിരവധി ഉദ്യോഗസ്ഥരുള്ളതിൽ കാര്യവട്ടം ക്യാമ്പസിലെ 44 പഠന വകുപ്പുകളിലും അഭിപ്രായ വ്യത്യാസം ഉണ്ടാകാതെ ഒരാൾക്ക് പ്രവർത്തിക്കുവാൻ സാധിച്ചുവെന്നത് പ്രവർത്തനത്തിന്റെ മികവാണ് സൂചിപ്പിക്കുന്നത്. നാക് **അക്രഡിറ്റേഷൻ** സമയത്ത് സർവകലാശാല നൽകിയ നിർദ്ദേശങ്ങളെയും പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും അഭിപ്രായ വ്യത്യാസങ്ങളെല്ലാം സമാധാനപരമായി സമരസപ്പെടുത്തുകയും നമ്മുടെ വലിയ ലക്ഷ്യങ്ങളെ അർത്ഥപൂർണമായി നടപ്പാക്കുന്നതിന് സേവനമനുഷ്ഠിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ്സിലെ പുരോഗമന ആശയങ്ങൾ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പ്രാപ്യമാക്കുന്നതിന് ലൈബ്രറി സംവിധാനം ഏറ്റവും ജനകീയമായി പരിപാലിക്കുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകുകയും അവരെ ഉപദേശിക്കുകയും ചെയ്തുകൊണ്ടാണ് ശ്രീ രാജ് നാരായൺ യാത്ര പറഞ്ഞത്. രാവിലെ കിംസ് ആശുപത്രിയിൽ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളോടൊപ്പം ചെന്നു കണ്ട അദ്ദേഹത്തിന്റെ ചേതനയറ്റ മുഖം സർവകലാശാലയുടെ സമഗ്രതയ്ക്കുവേണ്ടി സമർപ്പിച്ച മുഖമായിരുന്നു എന്നതാണ് അതിലെ ഏറ്റവും പ്രധാനപ്പെട്ടത്. ഈ സർവകലാശാല എല്ലാ ആദരവോടെയും ബഹുമാനത്തോടെയും ആ മനുഷ്യന്റെ സേവനങ്ങളെ കാണുമെന്ന് എനിക്ക് ഉറപ്പാണ്. അദ്ദേഹത്തിന്റെ അകാല വിയോഗത്തിൽ എല്ലാ അനുശോചനവും, കേരള സർവകലാശാല **അധ്യാപകർക്കു**വേണ്ടി, രേഖപ്പെടുത്തുവാൻ ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്.

<u>ശ്രീ.ആർ.അരുൺ കുമാർ</u>

**ശ്രീ. രാജ് നാരായണന്റെ** അഭാവം വളരെ വലുതാണ്. ക്യാമ്പസ് ജോയിന്റ് രജിസ്ട്രാറായ**തിനുശേഷമാണ് അദ്ദേഹവുമായി** കൂടുതൽ പരിചയപ്പെടാൻ ഇടയായത്. കാര്യവട്ടത്തെ ക്രിക്കറ്റ് മാച്ചുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ സർവകലാശാലയ്ക്കും ക്രിക്കറ്റ് അസോസിയേഷനും ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിലുള്ള നിർദേശങ്ങൾ വച്ച് അദ്ദേഹം അത് പരിഹരിച്ചു. കാര്യവട്ടത്തെ വികസന പ്രവർത്തനങ്ങളിൽ വലിയ കാര്യങ്ങൾക്കും ചെറിയ കാര്യങ്ങൾക്കും കൃത്യമായി

ഫോളോഅപ്പ് വർക്ക് ചെയ്യുന്ന രീതിയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. തന്റെ ആരോഗ്യം ശ്രദ്ധിക്കാതെ സർവകലാശാലയ്ക്കുവേണ്ടി വർക്ക് ചെയ്യുന്ന ഒരാളായിട്ടാണ് അതിൽ നിന്നും മനസിലാക്കിയിട്ടുള്ളത്. നേരത്തെ മിനിസ്റ്ററുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നപ്പോഴും ഇവിടെ ഒരുപാടുപേർക്ക് അദ്ദേഹം ചെയ്ത സേവനങ്ങൾ നമുക്ക് വിസ്മരിക്കാൻ സാധിക്കില്ല. അദ്ദേഹത്തെപ്പോലെ സർവകലാശാലയുടെ ഉന്നതിക്കുവേണ്ടി ഇത്രയും പ്രവർത്തിച്ച ഒരു വ്യക്തിയുടെ അകാല വിയോഗത്തിൽ സെനറ്റ് മീറ്റിംഗ് തുടരണമോ എന്നത് നമ്മൾ തീർച്ചയായും അലോചിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ദേഹ വിയോഗത്തിൽ എല്ലാ വിധ അനുശോചനങ്ങളും രേഖപ്പെടുത്തുന്നു.

**<u>അഡ്വ. അജികുമാർ എ</u>**

സെനറ്റ് യോഗം അധികം നീട്ടിക്കൊണ്ട് പോകുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം പ്ലാനിംഗ് ആന്റ് ഡവലപ്പ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യാൻ അടുത്താഴ്ച വരുമെന്ന് അറിയിച്ചിരുന്നു. എന്നാൽ അതിന് അവസരമില്ലാതെ അദ്ദേഹം പോയിരിക്കുകയാണ്. സർവകലാശാല പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായിരുന്നു. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണയ്ക്ക് മുന്നിൽ ആദരാജ്ഞലികൾ .

പോസ്റ്റുമോർട്ടത്തിനുശേഷം ഭൗതിക ശരീരം കാര്യവട്ടം കാമ്പസിലെ ഒ.എൻ.വി ബിൽഡിംഗിൽ പൊതുദർശനത്തിന് വയ്ക്കുമെന്നും പിന്നീട് സ്വദേശമായ കൊല്ലത്തേക്ക് കൊണ്ടുപോകുമെന്നും അതിനാവശ്യമായ സൗകര്യങ്ങളെല്ലാം ചെയ്ത് കൊടുത്തിട്ടുണ്ടെന്നും രജിസ്ട്രാർ സഭയെ അറിയിച്ചു.

ഔപചാരികമായി അനുശോചന യോഗം പിന്നീട് നടത്തുമെന്നും അംഗങ്ങൾക്ക് ഈ വിഷയത്തിൽ പറയാനുള്ളത് പറഞ്ഞതിനുശേഷം സെനറ്റിന് ഉചിതമായ തീരുമാനമെടുക്കാമെന്നും വൈസ് ചാൻസിലർ അറിയിച്ചു.

തുടർന്ന് അനുശോചന പ്രമേയം പാസാക്കി പിരിയണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ബഹുമാനപ്പെട്ട അംഗങ്ങളുടെ **ഏകകണ്ഠമായ അഭിപ്രായത്തിന്റെ** അടിസ്ഥാനത്തിൽ അനുശോചന പ്രമേയം പാസാക്കിക്കൊണ്ട് അദ്ദേഹത്തോടുള്ള ആദര സൂചനകമായി സെനറ്റ് യോഗം ഇന്നത്തേക്ക് പിരിയുകയാണെന്നും അജണ്ടയിലെ ബാക്കിയുള്ള ഇനങ്ങൾ പരിഗണിക്കുന്നതിനായി ഈ മാസം 30–ാം തീയതി സെനറ്റ് വീണ്ടും കൂടുന്നതാണെന്നും വൈസ് ചാൻസിലർ അറിയിച്ചു.

The meeting came to a close at 2.30 pm.

| | | |
|---|---|---|
| ***Day-2*** | **:** | ***30.03.2023 (Thursday)*** |
| ***Time*** | **:** | ***11.30 am*** |

**Members Present:**

1. (Dr.) Mohanan Kunnummal
   Vice-Chancellor (In the Chair)
2. Dr. Bindu K
3. Dr. Binu G Bheemnath
4. Dr. Shaila C.A
5. Sri. Vishnu A
6. Dr. B. Rajendran
7. Dr. Sobha K.D
8. Dr. Latha M.S
9. Sri. M.S Arun Kumar MLA
10. Sri. V. Sasi, MLA
11. Dr. Pramod Kiran R.B
12. Dr. Helen A
13. Dr. Nazeeb S
14. Dr. Vishnu V.S
15. Dr. A. Balakrishnan
16. Dr. Sabeen H.M
17. Sri. Jairaj. J
18. Dr. Dileep A.S
19. Dr. Kavitha K.R
20. Dr. Sekaran .S
21. Sri. Sibi C Babu
22. Dr. Abraham A
23. Dr. Rani Abraham
24. Dr. K. Jayakumar
25. Smt. Shajitha .S
26. Sri. Sony.P.John
27. Dr. M. Vijayan Pillai
28. Sri. R. Arunkumar
29. Dr. Pramod N
30. Dr. Soju S
31. Sri. B.P Murali
32. Sri. Liju P R
33. Sri. Praveen G Panicker
34. Smt. Priyanka Prathap
35. Adv. Gopu Krishnan C.G
36. Sri. P. Rajendrakumar
37. Sri. Bijukumar .G
38. Sri. Anilkumar .R
39. Sri. Osbon .Y
40. Sri. Abhijith A K
41. Sri. Adithyan S.R
42. Sri. Ajinth Ajay
43. Sri. Muhammed Shahin A.S
44. Sri. Muhammed Asif M.A
45. Sri. Sandeep Lal .S

46. Sri. Vishnu J
47. Smt. Yamuna Devi T.S
48. Sri. Harikumar G.K
49. Sri. Ajayakumar V
50. Adv. Muralidharan Pillai G
51. Adv. B. Balachandran
52. Sri. Shaik P Harriz
53. Sri. Sri. Joy Sukumaran
54. Prof. A.M Unnikrishnan
55. Dr. N. P Chandrasekharan
56. Adv. K.H Babujan
57. Dr. K.B Manoj
58. Smt. Renju Suresh
59. Prof. K. Lalitha
60. Dr. Gopchandran K.G

**Online Presence**

1. Dr. Joy V.S
2. Sri. Jayaram S
3. Dr. Vinodkumar T.G Nair
4. Dr. S Ajayakumar
5. Sri. Suresh Babu R.S
6. Adv. A. Ajikumar
7. Sri. M. Vincent MLA

The meeting was called to order at 11.30 am by Dr. Mohanan Kunnummal, Hon'ble Vice-Chancellor. He welcomed all the members present for the meeting.

## Condolences & Felicitations

### അനുശോചനം

കഥകളി കലാകാരൻ വാസു പിഷാരടി, ഗമക പ്രതിഭയും പത്മശ്രീ ജേതാവുമായ എച്ച്.ആർ.കേശവ മൂർത്തി, കർണാടക സംഗീതജ്ഞൻ മാവേലിക്കര പി സുബ്രഹ്മണ്യം, കവിയും ഗാനരചയിതാവുമായ ബീയാർ പ്രസാദ്, നർത്തകിയും ചിത്രകാരിയുമായ ചന്ദ്രലേഖ ശ്രീനിവാസൻ, കർണാടക സംഗീതജ്ഞരായ ബോംബൈ സിസ്റ്റേഴ്സിലെ സി. ലളിത, ഗായിക വാണി ജയറാം, നർത്തകി ഡോ.കനക് റെലെ, അമേരിക്കൻ ഗായകൻ ബോബി കാഡ്വെൽ, കലാകാരൻ വിവാൻ സുന്ദരം, ബ്രസീലിയൻ ഫുട്ബോൾ താരം പെലെ, മുൻ ഇന്ത്യൻ ഫുട്ബോൾ ടീം താരങ്ങളായ ബാബു മണി, ആന്റണി റിബല്ലോ, ബാസ്കറ്റ്ബോൾ താരം അബ്ബാസ് മൂണ്ടാസിർ, മുൻ ഇറ്റാലിയൻ ഫുട്ബോൾ താരം ജിയാൻ ലൂക്ക വിയാലി, മുൻ ഇന്ത്യൻ ഫുട്ബോൾ താരം തുളസിദാസ് ബലറാം, ഘാന ഫുട്ബോൾ താരം ക്രിസ്റ്റ്യൻ അറ്റ്സു, മുൻ ഫ്രാൻസ് ഫുട്ബോളർ ജസ്റ്റ് ഫൊണ്ടെയ്ൻ, മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ഗോൾകീപ്പർ കുപ്പുസ്വാമി സമ്പത്ത്, ഹൈജംപ് താരം ഡിക്ക് ഫോസ്ബറി, എഴുത്തുകാരൻ ഡൊമിനിക് ലാപിയർ, കന്നഡ എഴുത്തുകാരി സാറ അബൂബക്കർ, വിവർത്തകയും എഴുത്തുകാരിയുമായ വാസന്തി ശങ്കരനാരായണൻ, സെർബിയൻ – അമേരിക്കൻ കവി ചാൾസ് സിമിക്, ഭാഷാപണ്ഡിതൻ പ്രൊഫ.റോഡ്നി മോഗ്, അമേരിക്കൻ എഴുത്തുകാരി ജൂസി

ഹ്യൂമാൻ, കവിയും ചിത്രകാരനുമായ ബിജു കാഞ്ഞങ്ങാട്, നൊബേൽ സമ്മാന ജേതാവും നോവലിസ്റ്റുമായ കെൻസാബു റോ ഒയെ, ബ്രിട്ടീഷ് ഗ്രന്ഥകാരൻ പാട്രിക് ഫ്രെഞ്ച്, കഥാകൃത്തും വിവർത്തകനുമായ എസ്.ജയേഷ്, ഇംഗ്ലീഷ് കവി അന്ന സുജാത മത്തായി, ചലച്ചിത്ര നടൻമാരായ കൊച്ചു പ്രേമൻ, കാലടി ജയൻ, കെവിൻ കോൺറോയ്, ഘട്ടമനേനി കൃഷ്ണ, ദൽജീത് കൗർ ഖാൻഗുര, ജാവേദ് ഖാൻ, ഷാനവാസ് പ്രധാൻ, സതീഷ് കൗശിക്, കലാസംവിധായകൻ സുനിൽ ബാബു, തെന്നിന്ത്യൻ സംവിധായകൻ കെ.വിശ്വനാഥ്, നടിയും അവതാരകയുമായ സുബി സുരേഷ്, അവതാരകയും നർത്തകിയുമായ ഷീബ ശ്യാമപ്രസാദ്, സംഗീത സംവിധായകൻ എൻ.പി.പ്രഭാകരൻ, മുൻ എം.പി.യും ചലച്ചിത്ര നടനുമായ ഇന്നസന്റ്, സീരിയൽ-സിനിമ നടൻ വിക്രമൻ നായർ, ഗണിതശാസ്ത്രജ്ഞൻ ആർ.എൽ.കശ്യപ്, ടാറ്റ സൺസ് മുൻ ഡയറക്ടർ ആർ.കെ.കൃഷ്ണകുമാർ, ആണവ ശാസ്ത്രജ്ഞൻ ഡോ.എ.ഡി.ദാമോദരൻ, ജനസംഖ്യാ ശാസ്ത്രജ്ഞൻ ഡോ.കെ.സി.സക്കറിയ, ഇന്റൽ കോർപറേഷൻ സഹസ്ഥാപകൻ ഗോർഡൻ മൂർ,

ബംഗാൾ മുൻ ഗവർണർ കേസരിനാഥ് ത്രിപാഠി, മുൻ ജെ.ഡി.യു.നേതാവ് ശരദ് യാദവ്, മുൻ കേന്ദ്ര നിയമമന്ത്രി അഡ്വ.ശാന്തി ഭൂഷൺ, മുതിർന്ന പത്രപ്രവർത്തകരായ തപസ് ഗാംഗുലി, ജി.ശേഖരൻ നായർ സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് എ.എം.അഹ്മദി, സ്വാതന്ത്ര്യസമര സേനാനി ഇ.കെ.നാരായണൻ നമ്പ്യാർ, മുൻ അഡ്വക്കേറ്റ് ജനറൽ അഡ്വ.കെ.പി.ദണ്ഡപാണി, മുൻ അഡീഷണൽ ചീഫ് സെക്രട്ടറി പി.മാരപാണ്ഡ്യൻ, കത്തോലിക്കസഭ മുൻ പരമാധ്യക്ഷൻ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ (കർദിനാൾ ജോസഫ് റാറ്റ്സിങ്ങർ), സീറോ മലബാർ സഭ ചങ്ങനാശ്ശേരി മുൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ, ബഹിരാകാശ യാത്രികൻ വാൾട്ടർ കണ്ണിങ്ഹാം, പാക്കിസ്ഥാൻ മുൻ പ്രസിഡന്റ് ജനറൽ പർവേസ് മുഷറഫ്, നേപ്പാളിലുണ്ടായ വിമാനാപടത്തിൽ മരണമടഞ്ഞവർ, തെക്കൻ തുർക്കിയിലും വടക്കൻ സിറിയയിലുമുണ്ടായ ഭൂകമ്പത്തിൽ മരണമടഞ്ഞവർ, മാവേലിക്കര രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് ചിത്രകലാവിഭാഗം മുൻ മേധാവി പ്രൊഫ. ജി. ഉണ്ണിക്കൃഷ്ണൻ, കേരളസർവകലാശാല ബോട്ടണി വിഭാഗം ജീവനക്കാരൻ ധീരേന്ദ്ര സിംഗ് കെ.വി. എന്നിവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

*A minute's Silence was observed as a mark of respect to the departed souls.*

## <u>അനുമോദനം</u>

ജിമ്മി ജോർജ് ഫൗണ്ടേഷൻ അവാർഡ് ലഭിച്ച എച്ച്.എസ്.പ്രണോയ്, ലോക ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ മീരാഭായ് ചാനു, പാരാ ബാഡ്മിന്റൺ ഇന്റർനാഷണലിൽ സ്വർണമെഡൽ നേടിയ സുകാന്ത് കദം, ബി.ഡബ്ല്യൂ.എഫ്. പാരാബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡൽ നേടിയ പ്രമോദ് ഭഗത്ത്, മനീഷ രാംദാസ്, ഡബ്ല്യു.ടി.എ.അവാർഡ്സിൽ പ്ലെയർ ഓഫ് ദി ഇയറായി തെരഞ്ഞടുക്കപ്പെട്ട ഇഗാ സ്വിയാടെക്, ബാഡ്മിന്റൺ ഫെഡറേഷന്റെ മികച്ച വനിതാ പാരാ ബാഡ്മിന്റൺ പ്ലെയറായി തെരഞ്ഞെടുക്കപ്പെട്ട മനീഷ രാംദാസ്, കാഴ്ച പരിമിതരുടെ ട്വന്റി-20 ലോകകപ്പിൽ ചാമ്പ്യൻമാരായ ഇന്ത്യൻ ടീം അംഗങ്ങൾ, 2022 ഫിഫ ലോകകപ്പ് ഫുട്ബോൾ ജേതാക്കളായ അർജന്റീന ടീം അംഗങ്ങൾ, ഐ.ടി.എഫ്. ലോക ചാമ്പ്യൻമാരായി കിരീടം നേടിയ റാഫേൽ നദാൽ, ഇഗാ സ്വിയാടെക്, ബി.ബി.സി. സ്പോർട്സ് പേഴ്സണാലിറ്റി ഓഫ് ദി ഇയർ അവാർഡ് നേടിയ ബെത്ത് മീഡ്, ലോക ബ്ലിറ്റ്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിത ചെസ് ഗ്രാൻഡ്മാസ്റ്ററായ കൊനേരു ഹംപി, ഏഷ്യൻ കപ്പ് ടേബിൾ ടെന്നീസ് ടൂർണമെന്റിൽ മെഡൽ നേടിയ മണിക ബത്ര, ഏഷ്യൻ എയർഗൺ ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡൽ നേടിയ ശിവ നർവാൾ, ഓസ്ട്രേലിയൻ ഓപ്പൺ

ടെന്നീസ് പുരുഷ വിഭാഗം ജേതാവായ നൊവാക് ജോക്കോവിച്ച്, വനിതാ വിഭാഗം ജേതാവായ അരീന സബലേങ്ക, മിക്സഡ് ഡബിൾസ് വിജയികളായ ലൂയിസ സ്റ്റെഫാനി, റാഫേൽ മാറ്റോസ്, റണ്ണേഴ്സ് അപ്പായ സാനിയ മിർസ, രോഹൻ ബൊപ്പണ്ണ, പ്രഥമ അണ്ടർ-19 വനിതാ ട്വന്റി 20 ലോകകപ്പിൽ ജേതാക്കളായ ഇന്ത്യൻ ക്രിക്കറ്റ് ടീം അംഗങ്ങൾ, ഹോക്കി ലോകകപ്പ് ജേതാക്കളായ ജർമനി ടീം അംഗങ്ങൾ, വനിതാ ട്വന്റി-20 ലോകകപ്പ് കിരീടം നേടിയ ഓസ്ട്രേലിയൻ ടീം അംഗങ്ങൾ, ഫിഫ ദ് ബെസ്റ്റ് 2022 പുരസ്കാരത്തിൽ മികച്ച പുരുഷ താരമായി തെരഞ്ഞെടുക്കപ്പെട്ട ലയണൽ മെസ്സി, മികച്ച വനിതാ താരമായി തെരഞ്ഞെടുക്കപ്പെട്ട അലക്സിയ പ്യൂട്ടയാസ്, സന്തോഷ് ട്രോഫി ഫുട്ബോൾ ചാംപ്യൻമാരായ കർണാടക ടീം അംഗങ്ങൾ, ഐ.എസ്.എൽ. കിരീടം നേടിയ എ.ടി.കെ.മോഹൻബഗാൻ ടീം അംഗങ്ങൾ, ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയ നിതു ഗൻഖാസ്, സ്വീറ്റി ബുറ, നിഖാത് സരീൻ, ലവ്‌ലിന ബോർഗോഹെയ്ൻ, പ്രഥമ വനിതാ പ്രീമിയർ ലീഗ് ട്വന്റി 20 ക്രിക്കറ്റ് കിരീടം നേടിയ മുംബൈ ഇന്ത്യൻസ്, സ്വിസ് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ ഡബിൾസ് വിഭാഗം ജേതാക്കളായ സാത്വിക്സായ് രാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി, മനോരമ സ്പോർട്സ് സ്റ്റാർ 2022 പുരസ്കാരം നേടിയ സഞ്ജു സാംസൺ,

2022 ലെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ സാഹിത്യ നിരൂപണത്തിനുള്ള പുരസ്കാരം നേടിയ എം.തോമസ് മാത്യു, വിശിഷ്ട അംഗത്വം നേടിയ സി.രാധാകൃഷ്ണൻ, വിവർത്തനത്തിനുള്ള പുരസ്കാരം നേടിയ ഡോ.ചാത്തനാത്ത് അച്യുതനുണ്ണി, ഇംഗ്ലീഷ് ഭാഷയ്ക്കുള്ള പുരസ്കാരം നേടിയ അനുരാധ റോയ്, ഹിന്ദി ഭാഷയ്ക്കുള്ള പുരസ്കാരം നേടിയ ബദ്രി നാരായൺ, രവീന്ദ്രനാഥ ടാഗോർ സാഹിത്യ പുരസ്കാരം നേടിയ സുദീപ് സെൻ, ശോഭന കുമാർ, ഒഡീഷാ കവി ഗംഗാധർ മെഹറിന്റെ പേരിലുള്ള ഒഡീഷാ ഗംഗാധർ പുരസ്കാരം ലഭിച്ച കെ.ജി.ശങ്കരപ്പിള്ള, ജെ.സി.ബി. സാഹിത്യ പുരസ്കാരം നേടിയ ഉറുദു എഴുത്തുകാരൻ പ്രൊഫ.ഖാലിദ് ജാവേദ്, ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ബാരൺ ഫാറൂഖി, ഓടക്കുഴൽ അവാർഡ് നേടിയ അംബികാസുതൻ മാങ്ങാട്, സ്വദേശാഭിമാനി കേസരി പുരസ്കാരം നേടിയ എസ്.ആർ.ശക്തിധരൻ, ജ്ഞാനപ്പാന പുരസ്കാരം നേടിയ പ്രൊഫ.വി.മധുസൂദനൻ നായർ,

2019 ലെ കേന്ദ്ര സംഗീത നാടക അക്കാദമിയുടെ പുരസ്കാരത്തിന് അർഹരായ പാലാ സി.കെ.രാമചന്ദ്രൻ, തിരുവനന്തപുരം വി.സുരേന്ദ്രൻ, നിർമല പണിക്കർ, പെരുവനം കുട്ടൻ മാരാർ, കോട്ടക്കൽ നന്ദകുമാരൻ നായർ, സമഗ്രസംഭാവന പുരസ്കാരത്തിന് അർഹരായ ഉത്പൽ കെ. ബാനർജി, റീത്ത രാജൻ, 2020 ലെ സമഗ്രസംഭാവന പുരസ്കാരത്തിന് അർഹരായ മഹേഷ് ചമ്പക്ലാൽ, നന്ദകിഷോർ കപോട്ടെ, 2021 ലെ അക്കാദമി പുരസ്കാരത്തിന് അർഹരായ ഇഞ്ചക്കാട് രാമചന്ദ്രൻപിള്ള, നീന പ്രസാദ്, കലാമണ്ഡലം ഗിരിജ, സമഗ്രസംഭാവന പുരസ്കാരത്തിന് അർഹരായ വിഭാ ദധീച്, പ്രേംചന്ദ് ഹോമ്പൽ, അക്കാദമി ഫെല്ലോഷിപ്പിന് അർഹരായ സദനം കൃഷ്ണൻകുട്ടി, ടി.വി.ഗോപാലകൃഷ്ണൻ, അക്കാദമിയുടെ അമൃത് അവാർഡിന് അർഹരായ സി.എൽ.ജോസ്, എൻ.അപ്പുണ്ണി തരകൻ, കലാക്ഷേത്ര വിലാസിനി, കലാമണ്ഡലം പ്രഭാകരൻ, മാങ്ങാട് നടേശൻ, ദേവസ്ഥാനം നാട്യമയൂരി പുരസ്കാരം നേടിയ മേതിൽ ദേവിക, ദക്ഷിണാമൂർത്തി നാദ പുരസ്കാരം നേടിയ ഹരിപ്രസാദ് ചൗരസ്യ, നാഞ്ചിയമ്മ, ശിവമണി, മികച്ച ഗാനത്തിനുള്ള ഗോൾഡൻ ഗ്ലോബ് പുരസ്കാരം നേടിയ എം.എം.കീരവാണി, ഹരിവരാസനം പുരസ്കാരം നേടിയ ശ്രീകുമാരൻ തമ്പി, കേരള സംഗീത നാടക അക്കാദമിയുടെ ഫെല്ലോഷിപ്പിന് അർഹരായ ഗോപിനാഥ് കോഴിക്കോട്, വിദ്യാധ രൻ, കലാമണ്ഡലം ഉണ്ണിക്കൃഷ്ണൻ, അവാർഡിന് അർഹരായ വൽസൻ നിസരി, ബാബു അന്നൂർ, സുരേഷ്ബാബു ശ്രീസ്ഥ, ലെനിൻ ഇടക്കൊച്ചി, രജിത മധു, കോട്ട യ്ക്കൽ മുരളി, കലാമണ്ഡലം ഷീബ കൃഷ്ണകുമാർ, ബിജുല ബാലകൃഷ്ണൻ, പാല ക്കാട് ശ്രീറാം, തിരുവിഴ വിജു എസ്. ആനന്ദ്, ആലപ്പുഴ എസ്. വിജയകുമാർ, പ്രകാശ്

ഉള്ള്യേരി, വിജയൻ കോവൂർ, എൻ.ലതിക, കലാമണ്ഡലം രാധാമണി, കലാമണ്ഡലം രാജീവ്, എസ്.നോവൽ രാജ്, ഗുരുപൂജ പുരസ്കാരത്തിന് അർഹരായ മേപ്പയൂർ ബാലൻ, കെ.ഡി.ആനന്ദൻ, തൃക്കാക്കര വൈ.എൻ.ശാന്താറാം, കെ.വിജയകുമാർ, വൈക്കം ആർ.ഗോപാലകൃഷ്ണൻ, ശിവദാസ് ചേമഞ്ചേരി, ഉസ്താദ് അഷറഫ് ഹൈദ്രോസ്, മാതംഗി സത്യമൂർത്തി, പൂച്ചാക്കൽ ഷാഹുൽ, വെൺകുളം ജയകുമാർ, തൃശ്ശൂർ വിശ്വം, ബാബു കിളിരൂർ, ടി.പി.ഭാസ്കര പൊതുവാൾ, കുളത്തൂർ ലാൽ, കുഞ്ഞിക്കണ്ണൻ ചെറുവത്തൂർ, പൊൻകുന്നം സെയ്ത്, അരിവാൾ ജോൺ, ആർട്ടിസ്റ്റ് രാംദാസ് വടകര, കവടിയാർ സുരേഷ്, കലാമണ്ഡലം കല്ലുവഴി വാസു, കലാനിലയം കുഞ്ചുണ്ണി, തണ്ണീർമുക്കം സദാശിവൻ,

ഗ്രാമീണ വികസനത്തിനുള്ള ആദ്യ രോഹിണി നയ്യാർ പുരസ്കാരം നേടിയ സെത്രി ചെം സംഗതം, പ്രഥമ കെ.ആർ.ഗൗരിയമ്മ ഫൗണ്ടേഷൻ പുരസ്കാരത്തിന് അർഹയായ അലെയ്ദ ഗുവേര, മനോരമ ന്യൂസ് മേക്കർ 2022 പുരസ്കാരം നേടിയ ശശി തരൂർ എം.പി., മികച്ച പാർലമെന്റേറിയനുള്ള സൻസദ് രത്ന അവാർഡിന് അർഹനായ ജോൺ ബ്രിട്ടാസ് എം.പി., ആജീവാനന്ത പുരസ്കാരത്തിന് അർഹനായ മുൻ രാജ്യസഭാംഗം ടി.കെ.രംഗരാജൻ, സുഖോയ് വിമാനത്തിൽ പൈലറ്റാകുന്ന ഇന്ത്യയിലെ ആദ്യ വനിതയായ അവനി ചതുർവേദി, സംസ്ഥാന സർക്കാരിന്റെ വനിതാ രത്ന പുരസ്കാരത്തിന് അർഹരായ നിലമ്പൂർ ആയിഷ, കെ.സി.ലേഖ, ലക്ഷ്മി എൻ. മേനോൻ, ഡോ.ആർ.എസ്.സിന്ധു, സംസ്ഥാന യുവജന കമ്മീഷന്റെ യൂത്ത് ഐക്കൺ പുരസ്കാരങ്ങൾക്ക് അർഹരായ ആസിഫ് അലി, പി.ആർ.ശ്രീജേഷ്, എം.കെ.ഷബിത, എസ്.പി.സുജിത്, ആതിര ഫിറോസ്, അമൽ രാജ്,

2022 ലെ വിൻഫ്യൂച്ചർ പ്രത്യേക സമ്മാനം ലഭിച്ച ഇന്ത്യൻ ശാസ്ത്രജ്ഞനായ പ്രൊഫ.തലപ്പിൽ പ്രദീപ്, യൂറോപ്യൻ മോളിക്യുലാർ ബയോളജി ഓർഗനൈസേഷൻ മികച്ച പ്രതിഭകളിൽ ഒരാളായി ആദരിച്ച ഇന്ത്യൻ ശാസ്ത്രജ്ഞ ഡോ. മഹിമാ സ്വാമി, ഐക്യരാഷ്ട്ര സഭയുടെ പാരിസ്ഥിതിക പുരസ്കാരമായ "ചാമ്പ്യൻസ് ഓഫ് ദി എർത്ത്" പുരസ്കാരത്തിന് അർഹയായ പൂർണിമ ദേവി ബർമൻ, ഗവേഷണ മികവിനുള്ള സംസ്ഥാന സർക്കാരിന്റെ കൈരളി പുരസ്കാരങ്ങൾക്ക് രാജ്യാന്തര തലത്തിൽ ശാസ്ത്ര രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ് നേടിയ സലിം യൂസഫ്, സമഗ്ര സംഭാവനയ്ക്കുള്ള മറ്റ് പുരസ്കാരങ്ങൾക്ക് അർഹരായ ഡോ.എം.ലീലാവതി, ഡോ.എ.അജയഘോഷ്, പ്രൊഫ.എം.എ.ഉമ്മൻ, ഗവേഷകരായ അധ്യാപകർക്കുള്ള പുരസ്കാരങ്ങൾക്ക് അർഹരായ ഡോ.ജി.റീനാമോൾ, ഡോ.ഇ.കെ.രാധാകൃഷ്ണൻ, കേരളസർവകലാശാല ഫിസിക്കൽ സയൻസ് വിഭാഗത്തിലെ ഡോ. അലക്സ് പി. ജയിംസ്, ഡോ. അൻവർ സാദത്ത്, ഡോ. കെ.ടി. ഷംഷാദ് ഹുസൈൻ, ഇന്റർ ഡിസിപ്ലിനറി മേഖലകളിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിനുള്ള പുരസ്കാരങ്ങൾക്ക് അർഹരായ ഡോ. സി.വി. സിജില റോസിലി, ഡോ. പി.വി. മയൂരി, കേരളസർവകലാശാല ഫിസിക്കൽ സയൻസ് വിഭാഗത്തിലെ ഡോ. എം.എസ്. സ്വപ്ന, ഡോ. കെ. മഞ്ജു, യു.എസ്. – ഇന്ത്യ എഡ്യൂക്കേഷണൽ ഫൗണ്ടേഷന്റെ ഫുൾബ്രൈറ്റ് നെഹ്റു അക്കാദമിക് ആന്റ് പ്രഫഷണൽ എക്സലൻസ് അവാർഡ് നേടിയ കേരളസർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അനു ഉണ്ണി, യു.എസ്. – ഇന്ത്യ ഫുൾബ്രൈറ്റ് ഫെല്ലോഷിപ്പ് നേടിയ എം.ജി.സർവകലാശാല പ്രോ–വൈസ് ചാൻസലർ ഡോ. അരവിന്ദകുമാർ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മികച്ച ശാസ്ത്രജ്ഞനുള്ള പ്രഥമ പുരസ്കാരം നേടിയ ഡോ.ബി.സാബുലാൽ,

പത്മഭൂഷൺ നേടിയ വാണി ജയറാം, സുധാ മൂർത്തി, കുമാർ മംഗലം ബിർല, എസ്.എൽ.ഭൈരപ്പ, ദീപക് ധർ, സ്വാമി ചിന്ന ജിയാർ, കമലേഷ് ഡി. പട്ടേൽ, കപിൽ കപൂർ, സുമൻ കല്യാൺ, പത്മവിഭൂഷൺ നേടിയ എസ്.എം.കൃഷ്ണ, സക്കീർ ഹുസൈൻ, ശ്രീനിവാസ് വരദൻ, മുലായം സിംഗ് യാദവ് (മരണാനന്തരം), ഡോ.ദിലീപ് മഹലനാബിസ് (മരണാനന്തരം), ബാലകൃഷ്ണ ദോഷി (മരണാനന്തരം), പത്മശ്രീ നേടിയ അപ്പുക്കുട്ട പൊതുവാൾ, ചെറുവയൽ രാമൻ, സി.ഐ. ഐസക്,

എസ്.ആർ.ഡി. പ്രസാദ്, എം.എം. കീരവാണി ഉൾപ്പെടെയുള്ള 91 പേർ, 2022 ലെ ദേശീയ ധീരതയ്ക്കുള്ള അവാർഡുകൾക്ക് കേരളത്തിൽ നിന്നും അർഹരായ അഹമ്മദ് ഫാസ്, മുഹമ്മദ് ഇർഫാൻ, നിഹാദ്,

2022 ഏഷ്യൻ അക്കാഡമി ക്രിയേറ്റീവ് അവാർഡിൽ മികച്ച സംവിധായകനായി തെരഞ്ഞെടുക്കപ്പെട്ട ബേസിൽ ജോസഫ്, 27–ാമത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിൽ മികച്ച ചിത്രത്തിനുള്ള സുവർണചകോരം നേടിയ അലജാൻഡ്രോ ലോയ്സ ഗ്രിസി സംവിധാനം ചെയ്ത 'ഉത്തമ', മികച്ച സംവിധായകനുള്ള രജതചകോരം നേടിയ തയ്ഫുൻ പിർസെലിമോഗ്ലു, മികച്ച നവാഗത സംവിധായകനുള്ള രജതചകോരം നേടിയ ഫിറോസ് ഘോറി, ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടിയ ബേല താർ, മികച്ച മലയാള സിനിമയ്ക്കുള്ള നെറ്റ് പാക്ക് ജൂറി പുരസ്കാരം നേടിയ 'അറിയിപ്പ്' സംവിധാനം ചെയ്ത മഹേഷ് നാരായണൻ, ജനപ്രിയ ചിത്രത്തിനുള്ള പുരസ്കാരം നേടിയ 'നൻപകൽ നേരത്ത് മയക്കം' സംവിധാനം ചെയ്ത ലിജോ ജോസ് പെല്ലിശ്ശേരി, നവാഗത സംവിധായകനുള്ള കെ.ആർ.മോഹൻ പുരസ്കാരം നേടിയ അമർ കോളനി സംവിധാനം ചെയ്ത സിദ്ധാർഥ് ചൗഹാൻ, 53–ാമത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയിൽ മികച്ച ചിത്രത്തിനുള്ള സുവർണ മയൂരം നേടിയ ''ഐ ഹാവ് ഇലക്ട്രിക് ഡ്രീസ്'', സംവിധാനം ചെയ്ത വാലന്റീന മോറെൽ, മികച്ച നടനുള്ള രജതമയൂരം നേടിയ വാഹിദ് മൊബഷേരി, മികച്ച നടിക്കുള്ള രജതമയൂരം നേടിയ ഡാനിയേല മരീൻ നവാരോ, മികച്ച സംവിധാനത്തിനുള്ള രജതമയൂരം നേടിയ നാദർ സായ്വർ, ഇന്ത്യൻ പേഴ്സണാലിറ്റി ഓഫ് ഇയർ പുരസ്കാരം നേടിയ ചിരഞ്ജീവി, സത്യജിത് റേ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹനായ കാർലോസ് സൗര, ദാദാ സാഹേബ് പുരസ്കാരം നേടിയ ആശ പരേഖ്, പ്രത്യേക ജൂറി പുരസ്കാരം നേടിയ ലാവ് ഡയസ്, കേരളസർക്കാരിന്റെ ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടിയ ശ്യാമപ്രസാദ്, 95–ാമത് ഓസ്കർ പുരസ്കാരങ്ങളിൽ മികച്ച സിനിമയ്ക്കുള്ള പുരസ്കാരം നേടിയ 'എവരിതിങ് എവരിവെയർ ഓൾ അറ്റ് വൺസ്', സംവിധാനം ചെയ്യുകയും മികച്ച സംവിധായകനുമുള്ള പുരസ്കാരം നേടിയ ഡാനിയൽ ക്വാൻ, മികച്ച നടനുള്ള പുരസ്കാരം നേടിയ ബ്രൻഡൻ ഫ്രേസർ, മികച്ച നടിക്കുള്ള പുരസ്കാരം നേടിയ മിഷേൽ യോ, മികച്ച സഹനടിക്കുള്ള പുരസ്കാരം നേടിയ ജെയ്മി ലീ കർട്ടിസ്, മികച്ച സഹനടനുള്ള പുരസ്കാരം നേടിയ കെ.ഹുയി ക്വാൻ, മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം നേടിയ ഡാനിയൽ ഷൈനർട്ട്, മികച്ച രാജ്യാന്തര സിനിമയ്ക്കുള്ള പുരസ്കാരം നേടിയ 'ഓൾ ക്വയറ്റ് ഓൺ ദ് വെസ്റ്റേൺ ഫ്രന്റ്', സംവിധാനം ചെയ്ത എഡ്വേർഡ് ബെർഗർ, മികച്ച ഗാനത്തിനുള്ള പുരസ്കാരം നേടിയ എം.എം.കീരവാണി, ചന്ദ്രബോസ്, മികച്ച ഡോക്യുമെന്ററിക്കുള്ള പുരസ്കാരം നേടിയ 'ദി എലിഫന്റ് വിസ്പറേഴ്സ്', സംവിധാനം ചെയ്ത കാർത്തികി ഗോൺസാൽവസ്, ഗുനീത് മോംഗ, ഡോക്യുമെന്ററിയുടെ പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർവൈസറായി പ്രവർത്തിച്ച മലയാളിയായ അശ്വതി നടുത്തൊടി, അഭിനയിച്ച ബൊമ്മൻ, ബെല്ലി, മികച്ച ഛായാഗ്രഹണത്തിനുള്ള പുരസ്കാരം നേടിയ ജയിംസ് ഫ്രണ്ട്, മികച്ച കോസ്റ്റ്യൂം ഡിസൈനർക്കുള്ള പുരസ്കാരം നേടിയ റൂത്ത് കാർട്ടർ, മികച്ച എഡിറ്റിംഗിനുള്ള പുരസ്കാരം നേടിയ പോൾ റോഗേഴ്സ്,

കേരള കലാമണ്ഡലം കൽപിത സർവകലാശാലയുടെ ചാൻസലറായി നിയമിതയായ മല്ലിക സാരാഭായി, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റായി നിയമിതയായ പി.ടി.ഉഷ, ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിതനായ അരുൺ ഗോയൽ, പശ്ചിമബംഗാൾ ഗവർണറായി ചുമതലയേറ്റ സി.വി.ആനന്ദ ബോസ്,

മിസിസ് വേൾഡ് കിരീടം നേടിയ സർഗം കൗശൽ, ലോകത്തിലെ ഏറ്റവും മികച്ച അദ്ധ്യാപകനുള്ള അവാർഡ് നേടിയ രഞ്ജിത് സിംഗ് ദിസാലെ, കുൽദീപ് നായർ പത്രകാരിത സമ്മാൻ അവാർഡ് നേടിയ അർഫ ഖനും ഷെർവാണി, ഗാന്ധി മണ്ടേല പുരസ്കാരം നേടിയ ദലൈലാമ, ഫ്രഞ്ച് സർക്കാരിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഷെവലിയർ ഡി ഓർ പുരസ്കാരം നേടിയ ഡോ.വി.ആർ. ലളിതാംബിക, യുനെസ്കോ സമാധാന സമ്മാനം നേടിയ ആഞ്ചല മെർക്കൽ,

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ്സ് ഏർപ്പെടുത്തിയ മികച്ച ഗവേഷണ പ്രോജക്ടിനുള്ള 2022 ലെ ഡോ.എസ്.വാസുദേവ് അവാർഡ് നേടിയ കേരളസർവകലാശാല ബോട്ടണി വിഭാഗം പ്രൊഫസർമാരായ ഡോ. ഇ.എ. സിറിൽ, ഡോ. എ. ഗംഗാപ്രസാദ്, "Peptide complex with immunomodulatory and anti-inflammatory function"-ൽ യു.എസ്. പേറ്റന്റ് നേടുന്നതിനുള്ള ഗവേഷണത്തിൽ പങ്കാളികളായ കേരളസർവകലാശാല ബയോകെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. വിജി വിജയൻ, എൻ.ഐ.ഐ..യിലെ സ്റ്റാഫ് സയന്റിസ്റ്റ് സരിക ഗുപ്ത, യൂറോപ്യൻ യൂണിയന്റെ "ഇക്കോ മറൈൻ" പ്രോജക്ടിൽ പങ്കാളികളാകുന്ന കേരളസർവകലാശാല അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് വകുപ്പ് മേധാവിയും പ്രോജക്ട് ലീഡറുമായ ഡോ.എ.ബിജുകുമാർ, കേരളസർവകലാശാലയ്ക്ക് കേന്ദ്രശാസ്ത്രസാങ്കേതിക വകുപ്പിന്റെ മൂന്നേകാൽ കോടി രൂപയുടെ ഗവേഷണത്തിന് നേതൃത്വം നൽകുന്ന ബോട്ടണി വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ. ഇ.എ. സിറിൽ, ജിയോളജി വിഭാഗത്തിലെ ഡോ. കെ.എസ്. സജിൻകുമാർ, തിരുപ്പതിയിൽ നടന്ന സൗത്ത് സോൺ അന്തർ സർവകലാശാല യുവജനോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ കേരളസർവകലാശാല, ബംഗളൂരുവിൽ നടന്ന ദേശീയ അന്തർ സർവകലാശാല യുവജനോൽസവത്തിൽ 6 സ്വർണ്ണവും 4 വെള്ളിയും 1 വെങ്കലവും ഉൾപ്പെടെ 11 മെഡലും ലിറ്റററി-തിയറ്റർ ഇനങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പും കരസ്ഥമാക്കിയ കേരളസർവകലാശാല, കേരളസർവകലാശാലയുടെ 83-ാമത് ഇന്റർ കോളേജിയറ്റ് അത്‌ലറ്റിക്സ് മത്സരങ്ങളിൽ പുരുഷവിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻമാരായ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, രണ്ടാം സ്ഥാനം നേടിയ പുനലൂർ എസ്.എൻ. കോളേജ്, മൂന്നാം സ്ഥാനം നേടിയ കാര്യവട്ടം എൽ.എൻ.സി.പി.ഇ., ദേശീയ അന്തർ സർവകലാശാല അത്‌ലറ്റിക് മീറ്റിൽ ലോങ് ജംപിൽ വെങ്കലം നേടിയ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ ആർ.സജൻ,

'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തിന് അർഹനായ പ്രവീൺരാജ് ആർ.എൽ., പ്രസ്തുത പ്രബന്ധത്തിന്റെ ഗവേഷണ മാർഗ്ഗദർശിയായ ഡോ.എസ്.നസീബ്,

കേരളസർവകലാശാലയിലെ ക്ലിഫിന് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് 48.72 കോടിയും, ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് 24.64 കോടിയും അനുവദിച്ച സംസ്ഥാന സർക്കാർ എന്നിവരെ ഈ യോഗം അനുമോദിക്കുന്നു.

*The Vice-Chancellor informed the House that the next item in the Agenda is Question Hour and invited the members to present their questions.*

**Question No.1 given notice of by Sri. Adithyan S.R was answered by Adv. K H Babujan, Member, Syndicate.**

| ശ്രീ. ആദിത്യൻ.എസ്.ആർ | |
|---|---|
| 1. | കേരള യൂണിവേഴ്സിറ്റിക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എയിഡഡ്, അൺഎയിഡഡ്, സെൽഫ് ഫിനാൻസിങ് കോളേജുകളിലെ യൂണിയൻ പ്രവർത്തനത്തിനായി അനുവദിച്ചിരിക്കുന്ന യൂണിയൻ ഫണ്ട് എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ? |
| **ഉത്തരം** | കേരള യൂണിവേഴ്സിറ്റിക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എയിഡഡ്, അൺഎയിഡഡ്, സെൽഫ് ഫിനാൻസിങ് കോളേജുകളിലെ യൂണിയൻ പ്രവർത്തനത്തിനായി സർവകലാശാല ഫണ്ട് അനുവദിച്ചിട്ടില്ല. |

**Question No.2 given notice of by Sri. Muhammad Shaheen A.S was not considered as the member was not present at that time.**

**Question No.3 given notice of by Sri. M. Vincent MLA was answered by Dr. K.B Manoj, Member, Syndicate.**

| ശ്രീ. എം.വിൻസന്റ്. എം.എൽ.എ | |
|---|---|
| ചോദ്യം : 03 | കേരള യൂണിവേഴ്സിറ്റിയുടെ 2022ലെ അക്കാദമിക്ക് കലണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള ഓരോ കോഴ്സിന്റെയും ക്ലാസുകൾ യഥാർത്ഥത്തിൽ ആരംഭിച്ച തീയതി, അവ ഓരോന്നിന്റെയും പരീക്ഷ ആരംഭിച്ചതും അവസാനിച്ചതും പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചതുമായ തീയതി തുടങ്ങിയ വിവരം അറിയിക്കാമോ? പ്രസ്തുത പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ ആരംഭിക്കുന്ന തീയതി അക്കാദമിക്ക് കലണ്ടറിൽ രേഖപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? |
| ഉത്തരം | CBCSS &ES<br>( 2022-23 Admission Classes started on 31.08.2022) |

| **കോഴ്സ്** | **പരീക്ഷ ആരംഭിച്ച തീയതി** | **പരീക്ഷ അവസാനിച്ച തീയതി** | **പരീക്ഷഫലം പ്രസിദ്ധീകരിച്ച തീയതി** |
|---|---|---|---|
| CBCSS &ES | | | |
| S6 April 2022 (2019 admission) | 01/04/2022 | 13/04/2022 | 23/05/2022 |
| S3 March 2022 (2020 admission) | 31/05/2022 | 20/06/2022 | 09/11/2022 |
| S1 June 2022 (2021 admission) | 01/07/2022 | 22/07/2022 | 10/02/2022 |

| | | | | | |
|---|---|---|---|---|---|
| | | S4 August 2022 (2020 admission) | 10/08/2022 | 31/08/2022 | Valuation not started |
| | | S2 September 2022 (2021 admission) | 20/09/2022 | 12/10/2022 | |
| | | S5 December 2022 (2020 admission) | 12/12/2022 | 09/01/2023 | |
| | | S3 January 2023 (2021 admission) | 07/02/2023 | 24/02/2023 | Exam ongoing |
| | | S1 January 2023 (2022 admission) | Fee dates notified | | |
| | | BBA &B.Sc Mathematics SDE Degree Examination | | | |
| | | 5th and 6th Semester BBA &B.Sc Mathematics SDE Examination, April 2022 | 01.04.2022 | 10.05.2022 | 18.06.2022 |
| | | 3rd and 4th Semester BBA &B.Sc MathematicsSDE Examination, October2022 | 02.11.2022 | 09.12.2022 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടുണ്ട് |
| | | 1st and 2nd Semester BBA &B.Sc MathematicsSDE Examination, December2022 | 04.01.2023 | 01.02.2023 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടില്ല |
| | | BBA Annual Scheme Pvt Regn. Degree Examination | | | |
| | | Final YearBBA Degree ExaminationMarch2022 | 18.04.2022 | 04.05.2022 | 18.07.2022 |
| | | Second Year BBA Degree Examination July 2022 | 19.08.2022 | 27.08.2022 | 23.01.2023 |
| | | First YearBBA Degree ExaminationNov2022 | 08.11.2022 | 21.11.2022 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടുണ്ട് |
| | | B.A SDE Degree Examination | | | |
| | | 5th and 6th Semester B.A SDE Examination, April 2022 | 01.04.2022 | 10.05.2022 | 18.07.2022 |
| | | 3rd and 4th Semester B.A SDE Examination, October2022 | 02.11.2022 | 09.12.2022 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | 1st and 2nd Semester B.A SDE Examination, December2022 | 04.01.2023 | 01.02.2023 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടില്ല |
| | **ബി.എ ആന്വൽ സ്കീം** | | | |
| | Final YearBA(Prat III)Examination, April 2022 | 22.04.2022 | 16.05.2022 | 18.07.2022 |
| | First and Second Year B.A Part III Main and Subsidiaries (Regular &Supplementary) Examination, August 2022 | 07.10.2022 | 18.11.2022 | മൂല്യനിർണ്ണയത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| | First and Second YearB.A (Part I&II) Degree Examination, April 2022 | 13.09.2022 | 29.09.2022 | 30.12.2022 |
| | B.Sc Computer Science/BCA SDE Degree Examination | | | |
| | S5 &S6 B.Sc Computer Science/B.C.A Examination, April 2022 (2019 Admission) | 01.04.2022 | 6.05.2022 | 18.06.2022 |
| | S3 &S4 B.Sc Computer Science/B.C.A Examination, October 2022 (2020 Admission) | 02.11.2022 | 09.12.2022 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടുണ്ട് |
| | S1 &S2 B.Sc Computer Science/B.C.A) Examination, December 2022 (2020Admission supplementary ) | 04.01.2023 | 01.02.2023 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടില്ല |
| | B.LISc Examination | | | |
| | S1 &S2 B.LISc Examination, Feb 2022 (2020 Admission) | 22/02/2022 | 24/03/2022 | 18/07/2022 |

| | | | | |
|---|---|---|---|---|
| | S1 &S2 Examination, Jan 2023 (2021 Admission) | 05/01/2023 | 27/01/2023 | മൂല്യനിർണ്ണയം ആരംഭിച്ചിട്ടില്ല |
| | B.COM(SDE) | | | |
| | 5th and 6th Semester B.Com SDE Examination April 2022 | 01/04/2022 | 10/05/2022 | 18.06.2022 |
| | 3rd and 4th Semester B.Com SDE Examination October 2022 | 02/11/2022 | 28/11/2022 & 09/12/2022 | Valuation Started |
| | 1st and 2nd Semester B.Com SDE Examination December 2022 | 04/01/2023 | 01/02/2023 | Valuation Started |
| | B.COM ANNUAL | | | |
| | Final year B.Com (Part III) Exam April 2022 | 22/04/2022 | 01/06/2022 | 15/07/2022 |
| | I &II year Part III Regular andSupplementary examination August 2022 | 07/10/2022 | 13/12/2022 | To be published |
| | I &II year ( part I &II) Exam August 2022 | 13/09/2022 | 01/10/2022 | 27/01/2023 |
| | PG Non Semester (SDE) | | | |
| | S3 &S4 2020 admission | 02.12.2022 | 09.01.2022 | To bepublished |
| | S1 &S2 2021 admission | 05.01.2023 | 13.03.2023 | To be published |
| | BFA &MFA | | | |
| | IV BFA (HI) (NS) Feb 2022 | 21.02.2022 | 07.03.2022 | 17.08.2022 |
| | VI BFA (HI ) (NS) Feb 2022 | 23.02.2022 | 10.03.2022 | 17.08.2022 |
| | VI B.Des April 2022 | 18.04.2022 | 25.04.2022 | 08.11.2022 |
| | VII B.Des April 2022 | 27.04.2022 | 06.05.2022 | 08.11.2022 |

| | | | | | |
|---|---|---|---|---|---|
| | | I BFA April 2022 | 18.04.2022 | 28.04.2022 | 27.07.2022 |
| | | III MFA ( Paining &Sculpture) June 2022 | 15.06.2022 | 20.06.2022 | 29.11.2022 |
| | | IV BFA May 2022 | 18.05.2022 | 30.05.2022 | 27.07.2022 |
| | | I MFA Paining &Sculpture June 2022 | 06.06.2022 | 13.06.2022 | 02.11.2022 |
| | | PGDHR June 2022 | 8.06.2022 | 15.06.2022 | 11.01.2023 |
| | | Integrated Diploma in Russian | 08.06.2022 | 15.06.2022 | 10.08.2022 |
| | | Certificate in German | 11.07.2022 | 13.07.2022 | 10.08.2022 |
| | | Diploma in German, June 2022 | 11.07.2022 | 13.07.2022 | 10.08.2022 |
| | | IV Sem B.Des August 2022 | 25.08.2022 | 01.09.2022 | Not published |
| | | VIII Sem B.Des July 2022 | 16.08.2022 | 20.08.2022 | 18.11.2022 |
| | | II MFA (Painting &Sculpture) September 2022 | 26.09.2022 | 03.10.2022 | Not published |
| | | German AI, August 2022 | 23.08.2022 | 23.08.2022 | 01.09.2022 |
| | | I B.Des October 2022 | 19.10.2022 | 03.11.2022 | Not published |
| | | III B.Des October 2022 | 18.10.2022 | 04.11.2022 | Not published |
| | | V B.Des October 2022 | 17.10.2022 | 31.10.2022 | Not published |
| | | IV BFA (HI) November 2022 | 23.11.2022 | 07.12.2022 | Not published |
| | | VI BFA (HI) November 2022 | 23.11.22 | 08.12.2022 | Not published |
| | | VIII BFA (HI) November 2022 | 23.11.2022 | 08.12.2022 | Not published |

| | | | | | |
|---|---|---|---|---|---|
| | | I Sem MFA Painting &Sculpture, December 2022 | 16.12.2022 | 23.12.2022 | Not published |
| | | MBA | | | |
| | | Second Semester Five Year MBA(Integrated) | 12/01/2022 | 27/01/2022 | 22/07/2022 |
| | | Third Semester MBA Degree Regular Examination – February 2022 | 15/03/2022 | 06/05/2022 | 20/10/2022 |
| | | First Semester MBA Degree Examinations, May 2022 | 25/05/2022 | 10/06/2022 | Not published |
| | | First, Third, Fifth, Seventh &Ninth Semesters Five Year MBA (Integrated )<br><br>First<br>Third<br>Fifth<br>Seventh<br>Ninth | 02/06/2022<br>23/06/2022<br>03/06/2022<br>15/06/2022<br>29/06/2022 | 21/06/2022<br>07/07/2022<br>13/06/2022<br>27/06/2022<br>13/07/2022 | Not published |
| | | Second Semester MBA Degree Examinations, August 2022 | 25/08/2022 | 26/09/2022 | Not published |
| | | Fourth Semester MBA Degree Examinations, September 2022 | 14/09/2022 | 28/10/2022 | Not published |
| | | Second (2015 Scheme – Supplementary), Fourth, Sixth, Eight &Tenth Semesters Five Year MBA (Integrated )<br><br>Second<br>Fourth<br>Sixth | 14/10/2022<br>27/09/2022<br>14/09/2022<br>26/09/2022<br>13/09/2022 | 27/10/2022<br>18/10/2022<br>23/09/2022<br>12/10/2022<br>22/09/2022 | Not published |

| | | | |
|---|---|---|---|
| Eighth<br>Tenth | | | |
| MCA | | | |
| First Semester MCA 2021 Admission | 19.09.2022 | 10.10.2022 | Not Published |
| Second Semester MCA 2021 Admission | 09.12.2022 | 19.12.2022 | Not Published |
| First Semester MCA 2022 Admission | Notification issued on 22.02.2023 | | |

**LLB**

| Course | Admission Year | Semester | Exam Started on | Exam ended on | Result published on |
|---|---|---|---|---|---|
| Unitary LL.B | 2020 | V $^{th}$ | 12.12.2022 | 19.12.2022 | Valuation not started. Result not published |
| | | VI $^{th}$ | Proposed to be conducted from 11.04.203 onwards | | |
| | 2021 | III$^{rd}$ | SLCM Exam not scheduled | | |
| | | IV $^{th}$ | II$^{nd}$Sem Exam ended on 20.01.2023 | | |
| | 2022 | I$^{st}$ | Enrolment of the candidates going on | | |
| | | II$^{nd}$ | | | |
| Integrated LL.B | 2018 | IX $^{th}$ | 20.12.2022 | 05.01.2023 | Valuation not started |
| | | X$^{th}$ | Proposed to be conducted form 04.04.2023(Prepared to be notified on 20.03.2023 | | |
| | 2019 | VII$^{th}$ | 14.02.2023 | 22.02.2023 | |
| | | VIII$^{th}$ | To be schedule | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | d after the completion of VII$^{th}$ Sem (2019) | | |
| | | 2020 | V$^{th}$ | IV $^{th}$ Sem (2020) scheduled to be conducted from 28.02.2023 ( V$^{th}$Semester (2019) Valuation going on | | |
| | | | VI$^{th}$ | VI th Sem (2019) Valuation not started | | |
| | | 2021 | III$^{rd}$ | SLCM Exam, not scheduled | | |
| | | | IV$^{th}$ | II$^{nd}$ Sem Exam ended on (2021) 23.01.2023 | | |
| | | 2022 | I$^{st}$ | Enrollment of the candidates going on | | |
| | S1 PG 2022 Admission | Class Started on 01.09.2022 | Exam started 04.01.2023 | Exam concluded 13.01.2023 | Result not published | |
| | S2PG 2022 Admission | Class Started on 15.02.2023 | _ | _ | _ | |
| | CSS 2022 Admission PG,M.Tech | Class Started on 29.08.2022 | Exam not commenced | _ | _ | |
| | First Semester B.Ed 2021 Admission | | 30/06/2022 | 11/07/2022 | 10/11/2022 Valuation is in progress | |

| | | | | | |
|---|---|---|---|---|---|
| | First Semester B.Ed 2022 Admission | Class Started on 12.09.2022 | | | |
| | Second Semester B.Ed | | 23/11/2022 | 02/12/2022 | Valuation not started |
| | Third Semester B.Ed | | 22/03/2023 | _ | _ |
| | ആന്വൽ സ്കീം പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ ആരംഭിക്കുന്ന തീയതി അക്കാദമിക് കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ ആരംഭിക്കുന്ന തീയതി അക്കാഡമിക് കലണ്ടറിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ് | | | | |

**Question No.4 given notice of by Sri. Ajinth Ajay was answered by Dr. S Nazeeb, Member, Syndicate.**

| ശ്രീ. അജിന്ത് അജയ് | |
|---|---|
| 4. | കാര്യവട്ടം കാമ്പസിലെ വിവിധ ഹോസ്റ്റലുകളിൽ ടി.വി വാങ്ങുന്നതിനും , വാട്ടർ പ്യൂരിഫയർ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?<br>a) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ?<br>b) ടി.വി, പത്രങ്ങൾ, ആനുകാലികങ്ങൾ തുടങ്ങിയവ എല്ലാ ഹോസ്റ്റലുകളിലും ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ? |
| **ഉത്തരം** | വനിതാ ഹോസ്റ്റലിൽ നിലവിൽ 3 ബ്ലോക്കുകളിലുമായി 4 വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 3 ഹോസ്റ്റലുകളിലേക്കും ടി.വി വാങ്ങുന്നതിലേക്കായി ക്വട്ടേഷൻ വിളിച്ച് നടപടികൾ പൂർത്തിയായി വരുന്നു.<br>• പി ജി മെൻസ് ഹോസ്റ്റലിലും റിസർച്ച് ഹോസ്റ്റലിലും നിലവിൽ ഓരോ ടെലിവിഷൻ സെറ്റ് വീതമുണ്ട്. പി ജി മെൻസ് ഹോസ്റ്റലിലും റിസർച്ച് ഹോസ്റ്റലിലും രണ്ടു വീതം വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു കഴിഞ്ഞു. ടീച്ചേഴ്സ് ഹോസ്റ്റലിൽ ഒരു വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു.<br>a) ഫണ്ട് വകയിരുത്തിയിട്ടുണ്ട്.<br>b) ഉണ്ട്. |

**Question No.5 given notice of by Sri. Vishnu A was answered by Adv. G. Muraladharan Pillai, Member, Syndicate.**

| ശ്രീ. വിഷ്ണു.എ | |
|---|---|
| 5. | കേരള സർവകലാശാലക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജ്കൗൺസിലുകളിൽ വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന് സർവകലാശാല ചട്ടം നിലനിൽക്കുന്നുണ്ടോ? ഇത് എല്ലാ കോളേജുകൾക്കും(ബി.എഡ് ഉൾപ്പെടെ) ബാധകമാണോ? |
| ഉത്തരം | Kerala University First Statutes 1977, Chapter 24, Statute 20(1) പ്രകാരം ' Every college shall have a duly constituted College Council representing the staff and students to advise the question relating to the internal affairs of the College'.<br>Statute 20(2)(d) പ്രകാരം " The Chairman of the College Union' കോളേജ് കൗൺസിലിൽ അംഗമായിരിക്കും. പ്രസ്തുത Statute സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ കോളേജുകൾക്കും ബാധകമാണ്. |

**Question No.6 given notice of by Sri. Sibi C Babi was answered by Dr. S Nazeeb, Member, Syndicate.**

| ശ്രീ.സിബി.സി.ബാബു | |
|---|---|
| 6. | 2021 ജനുവരി മുതൽ നാളിതുവരെ റിസർച്ച് സെന്ററുകൾ അനുവദിക്കുന്നതിന് വേണ്ടിയുള്ള എത്ര അപേക്ഷകൾ സർവകലാശാലയിൽ ലഭിച്ചിട്ടുണ്ട്?<br>a) ഇവയിൽ എത്രയെണ്ണം ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്?<br>b) ഇവയിൽ സർവകലാശാലയുടെ പരിശോധന പൂർത്തിയാക്കിയവയെത്ര? |
| ഉത്തരം | 2021 ജനുവരിമുതൽ നാളിതുവരെയായി റിസർച്ച് സെന്റർ അനുവദിക്കുന്നതിനായി 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>a) ഇവയിൽ 6 എണ്ണം റിസർച്ച് സെന്ററായി അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.<br>b) ബാക്കിയുള്ള അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. രണ്ട് സെന്ററുകളിൽകൂടി പരിശോധന പൂർത്തിയാക്കി തുടർനടപടികൾ നടന്നുവരുന്നു. |

**Question No.7 given notice of by Sri. Jayaram S was answered by Dr. S Nazeeb, Member, Syndicate.**

| ശ്രീ. ജയറാം .എസ് | |
|---|---|
| 7. | കേരള സർവകലാശാലയിൽ നിന്നും 01.01.2013 മുതൽ 31.12.2022 വരെ എത്രപേർക്ക് പി.എച്ച്.ഡി കൊടുത്തിട്ടുണ്ട്. |
| ഉത്തരം | 01.01.2013 മുതൽ 31.12.2022 വരെ കേരള സർവകലാശാല 3958 Ph.D ബിരുദങ്ങൾ നൽകിയിട്ടുണ്ട്. |

**Question No.8 given notice of by Dr. Dileep S was answered by Adv. K H Babujan, Member, Syndicate.**

<table>
<tr><td colspan="2">ഡോ. ദിലീപ്.എ.എസ്</td></tr>
<tr><td>8.</td><td>സർക്കാർ ഗ്രാന്റ് ഇനത്തിൽ 2022–23 വർഷത്തിൽ ഓരോ മാസവും ഫെബ്രുവരിവരെ ലഭിച്ച ഗ്രാന്റിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?<br>a) സർവകലാശാലക്ക് സർക്കാർ നൽകുവാനുള്ള ഗ്രാന്റിൽ എന്തെങ്കിലും കുടിശ്ശികയുണ്ടോ?</td></tr>
<tr><td>ഉത്തരം</td><td>സർക്കാർ ഗ്രാന്റ് ഇനത്തിൽ 2022–23 വർഷത്തിൽ ഫെബ്രുവരി വരെ 300 കോടി 50 ലക്ഷം രൂപയാണ് ലഭ്യമായത്.<br>a) ഇല്ല.</td></tr>
</table>

**Question No.9 given notice of by Sri. Muhammad Shaheen A S was answered by Adv. G. Muralidharan Pillai, Member, Syndicate.**

<table>
<tr><td colspan="2">ശ്രീ. മുഹമ്മദ് ഷഹീൻ.എ.എസ്</td></tr>
<tr><td>9.</td><td>a) കേരള സർവകലാശാലയിൽ അടുത്ത അധ്യയന വർഷം പുതിയ ബി.എഡ് കോളേജ് തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ?<br>b) എത്രയെണ്ണം?<br>c) അതേതൊക്കെയാണെന്ന് വ്യക്തമാക്കാമോ?<br>d) ഈ അപേക്ഷകൾ പരിഗണിച്ച് അടുത്ത അധ്യയന വർഷത്തിൽ തന്നെ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ?</td></tr>
<tr><td>ഉത്തരം</td><td>a) ഉണ്ട്<br>b) ബി.എഡ് കോളേജ് തുടങ്ങുന്നതിനുള്ള 11 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>c) അപേക്ഷിച്ചിട്ടുള്ള കോളേജുകളുടെ പേരുവിവരം താഴെച്ചേർക്കുന്നു.<br>
<table>
<tr><td colspan="2"><u>List of Proposed Training Colleges for Affiliation for the AY 2023-2024</u></td></tr>
<tr><td>Sl.No.</td><td>Name of Proposed College</td></tr>
<tr><td>1</td><td>MES College of Teacher Education, Punnapra</td></tr>
<tr><td>2</td><td>Pope Benedict College of Education, Anchal, Kollam</td></tr>
<tr><td>3</td><td>Badarudeen Educational Trust Training College, Chadayamangalam</td></tr>
<tr><td>4</td><td>Holy Angels College of Education, Pallipad, Haripad</td></tr>
<tr><td>5</td><td>Lords College of Teacher Education, Aruvikkarakonam,Tvpm</td></tr>
<tr><td>6</td><td>MES College of Teacher Education, Channakara</td></tr>
<tr><td>7</td><td>NGPM Training College,Venchempu,Punalur</td></tr>
<tr><td>8</td><td>Saraswathi College of Education, Vilappilsala, Tvpm</td></tr>
<tr><td>9</td><td>Sun College of Education, Mancha,Nedumangad,Tvpm</td></tr>
<tr><td>10</td><td>Chrisanta Institute of Teacher Training and Empowerment, Kattakada, Tvpm</td></tr>
<tr><td>11</td><td>TKM Centre for Higher Learning,Kilikollor, Kollam</td></tr>
</table>
d) ഉണ്ട്, പ്രസ്തുത കോളേജുകളുടെ അപേക്ഷകൾ പരിഗണിച്ചുകൊണ്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
</table>

**Question No.10 given notice of by Dr. Soju S answered by Adv. K H Babujan, Member, Syndicate.**

| ഡോ.സോജു.എസ് | |
|---|---|
| 10. | 2015 മുതൽ നടത്തിയ എല്ലാ മൂല്യനിർണ്ണയത്തിനും അധ്യാപകർക്കുള്ള വേതനം കുടിശ്ശിക ഇല്ലാതെ നൽകിയിട്ടുണ്ടോ? |
| ഉത്തരം | അപാകതകൾ ഉള്ള ബില്ലുകൾക്ക് പ്രതിഫലം നൽകിയിട്ടില്ല. |

**Question No.11 given notice of by Dr. Pramod N was answered by Dr. K.B Manoj, Member, Syndicate.**

| ഡോ. പ്രമോദ്.എൻ | |
|---|---|
| 11. | കേരള സർവകലാശാല റഗുലർ പരീക്ഷകൾ ഉച്ചക്ക് ശേഷം നടത്തുന്നരീതി ഒഴിവാക്കി രാവിലെ 9.30 നോ 10.00 മണിക്കോ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?<br>a) ഇല്ലെങ്കിൽ എന്ത്കൊണ്ട്? |
| ഉത്തരം | കേരള സർവകലാശാല റഗുലർ യു.ജി പരീക്ഷകൾ ഉച്ചക്കുശേഷവും പി.ജി റഗുലർ പരീക്ഷകൾ രാവിലെയുമാണ് നടത്തി വരുന്നത്. യു.ജി പരീക്ഷകൾ രാവിലെ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**Question No.12 given notice of by Sri. Sibi C Babu was answered by Dr. S Nazeeb, Member, Syndicate.**

| ശ്രീ.സിബി.സി.ബാബു | |
|---|---|
| 12. | 2023–24 അധ്യയന വർഷം മുതൽ 4 വർഷ ഡിഗ്രികോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും അറിയിപ്പുകളോ നിർദ്ദേശങ്ങളോ യു.ജി.സി , സംസ്ഥാന സർക്കാർ , സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നിവിടങ്ങളിൽ നിന്ന് സർവകലാശാലക്ക് ലഭിച്ചിട്ടുണ്ടോ? വ്യക്തമാക്കാമോ?<br>a) നാലുവർഷ ഡിഗ്രി സമ്പ്രദായം വിജയകരമായി നമ്മുടെ സർവകലാശാലയിൽ നടപ്പാക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സർവകലാശാല വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ അവ വിശദമാക്കാമോ? |
| ഉത്തരം | 4 വർഷ ഡിഗ്രി കോഴ്സുകൾ നടപ്പാക്കാൻ യു.ജി.സി. യിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.<br>സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങളിൽ സർവകലാശാലയും പങ്ക് ചേർന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് അവസാന തീരുമാനം ആയിട്ടില്ല. |

**Question No.13 given notice of by Sri. Muhammad Asif M.A was answered by Adv. K H Babujan, Member, Syndicate.**

| ശ്രീ.മുഹമ്മദ് ആസിഫ്.എം.എ | |
|---|---|
| 13. | കേരള സർവകലാശാലയിലേക്ക് എക്സാം രജിസ്ട്രേഷനായി 2022 വർഷത്തിൽ മാത്രം വിദ്യാർത്ഥികൾ അയച്ച തുകയിൽ എത്ര പേരുടെ തുക എക്സാം രജിസ്റ്റർ ആകാതെ യൂണിവേഴ്സിറ്റി അക്കൗണ്ടിലേക്ക് വന്നിട്ടുണ്ട്?<br>a) ഇതിൽ എത്രപേരുടെ തുക തിരികെ അയച്ചു? |
| ഉത്തരം | 2022 വർഷത്തിൽ 320777 റസീപ്റ്റുകളിലായി പരീക്ഷാ രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിച്ച റസീപ്റ്റുകളിൽ 22495 റസീപ്റ്റുകൾ |

| | |
|---|---|
| | ഉപയോഗിക്കാതെ കാണപ്പെടുന്നു. ഇതിൽ ചില റസീപ്റ്റുകൾ ഓഫ്‌ലൈനായും വിദ്യാർത്ഥികൾ നേരിട്ട് പരീക്ഷാ സെക്ഷനുകളിൽ പരീക്ഷാ രജിസ്ട്രേഷനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്.<br>a)പരീക്ഷ രജിസ്റ്ററാകാതെ യൂണിവേഴ്സിറ്റി അക്കൗണ്ടിലേക്ക് തുക വന്നിട്ടുള്ള വിദ്യാർത്ഥികളിൽ സർവകലാശാല ഉത്തരവ് നമ്പർ Ad.BII/5622/06/2016 തീയതി 24.06.2016 പ്രകാരം ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷിച്ചിട്ടുള്ള 52 പേർക്ക് റീഫണ്ട് നൽകിയിട്ടുണ്ട്. |

**Question No.14 given notice of by Dr. Balakrishnan A was answered by Adv. K H Babujan, Member, Syndicate.**

| ഡോ. ബാലകൃഷ്ണൻ.എ | |
|---|---|
| 14. | സർവകലാശാലയിൽ നിന്നും വിവിധങ്ങളായ ഇനത്തിൽ ലഭിക്കേണ്ടുന്ന പേയ്മെന്റുകൾ ബന്ധപ്പെട്ട അധ്യാപകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുമ്പോൾ പ്രസ്തുത വിവരം അധ്യാപകരെ ഏതെങ്കിലും വിധത്തിൽ അറിയിക്കുന്നുണ്ടോ? അധ്യാപകർക്ക് യുണീക്ക് ബെനിഫിഷറി ഐഡി ഉള്ള സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ ബെനിഫിഷറി ഐഡിയുമായി ബന്ധപ്പെട്ട വെബ്പോർട്ടലിൽ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുമോ? |
| **ഉത്തരം** | സർവകലാശാലയിൽ നിന്നും വിവിധങ്ങളായ ഇനത്തിൽ ലഭിക്കേണ്ടുന്ന പേയ്മെന്റുകൾ ബന്ധപ്പെട്ട അധ്യാപകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുമ്പോൾ പ്രസ്തുത വിവരം അധ്യാപകരെ എസ്.എം.എസ് മുഖേന അറിയിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

**Question No.15 given notice of by Dr. Kavitha K.R was answered by Dr. K.B Manoj, Member, Syndicate.**

| ഡോ.കവിത കെ.ആർ | |
|---|---|
| 15. | SLCM പ്ലാറ്റ്ഫോം വഴി നടന്നുവരുന്ന മൂല്യനിർണ്ണയത്തിൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് QR കോഡ് സ്കാനിംഗ് നടത്തുമ്പോൾ ഉണ്ടാകുന്ന അപാകത പരിഹരിക്കാൻ അധ്യാപകർ കൺട്രോളറുടെ സെക്ഷനിൽ നേരിട്ടെത്തേണ്ടതിനുപകരം മൂല്യനിർണ്ണയം നടത്തുന്ന അധ്യാപകർക്ക് SLCM പ്ലാറ്റ്ഫോമിലോ മറ്റുമാർഗ്ഗങ്ങളിലൂടെയോ കുറ്റമറ്റ QR കോഡ് രഹസ്യസ്വഭാവം സംരക്ഷിച്ചുകൊണ്ട് അയച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? |
| **ഉത്തരം** | SLCM പ്ലാറ്റ്ഫോം വഴി നടന്നുവരുന്ന മൂല്യനിർണ്ണയത്തിൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് QR കോഡ് സ്കാനിംഗ് നടത്തുമ്പോൾ അപാകത ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഇമെയിൽ വഴി QR coded sheet അധ്യാപകർക്ക് എത്തിച്ച് കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പ് ഓഫീസുകളിലും ഇതിനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. |

**Question No.16 given notice of by Dr. Sekaran S was answered by Dr. S Nazeeb, Member, Syndicate.**

| ഡോ.ശേഖരൻ എസ്. | |
|---|---|
| 16. | The state Government appointed panel on higher education reforms has called in for sweeping reforms including improved |

| | |
|---|---|
| | implementation of semester system, decentralization of syllabus preparation and evaluation, provision of credit sharing and transfer, a four year undergraduate curriculum wef 2023-24.<br>Is the university anticipating implementation of these reforms either fully or partially? If so what steps have been initiated by the university in implementing them? |
| ഉത്തരം | University would implement the guidelines approved by the Department of Higher Education, Govt. of Kerala. |

**Question No.17 given notice of by Sri. C.R Mahesh MLA was not considered as the member was not present at that time.**

**Question No.18 given notice of by Sri. Ajinth Ajay was answered by Dr. S Nazeeb, Member, Syndicate.**

| ശ്രീ. അജിന്ത് അജയ് | |
|---|---|
| 18. | കാര്യവട്ടം കാമ്പസിലെ സെക്യൂരിറ്റി – സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>a) കാമ്പസിനകത്ത് അനധികൃതമായി പ്രവേശിക്കുന്നവരെ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?<br>b) സെക്യൂരിറ്റി ജീവനക്കാർക്ക് വാക്കിടോക്കി, റെയിൻകോട്ട് , ടോർച്ച് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?<br>c) വിദ്യാർത്ഥികൾക്ക് ആരോഗ്യസംബന്ധമായ ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ വൈദ്യസഹായത്തിനായി സെക്യൂരിറ്റി വാഹനം/മറ്റേതെങ്കിലും വാഹനം ഉപയോഗിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ടോ? |
| ഉത്തരം | a) കാമ്പസിനകത്ത് അനധികൃതമായി പ്രവേശിക്കുന്നവരെ തടയാൻ സുസജ്ജമായ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>b) സെക്യൂരിറ്റി ജീവനക്കാർക്ക് റെയിൻകോട്ട്, ടോർച്ച് എന്നിവ അനുവദിച്ചിട്ടുണ്ട്. വാക്കിടോക്കി സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>c) വിദ്യാർത്ഥികൾക്ക് ആരോഗ്യസംബന്ധമായ ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ വൈദ്യസഹായത്തിനായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സെക്യൂരിറ്റി വിഭാഗത്തിന് ഒരു പുതിയ ജീപ്പ് വാങ്ങിനൽകുന്നതിന് GEM പോർട്ടലിൽ ഓർഡർ നൽകിയിട്ടുണ്ട്. |

**Question No.19 given notice of by Dr. Babitha G.S was not considered as the member was not present at that time.**

**Question No.20 given notice of by Dr. Dileep A.S was answered by Dr. S Nazeeb, Member, Syndicate.**

| ഡോ. ദിലീപ്.എ.എസ് | |
|---|---|
| 20. | സർവകലാശാലയിൽ നിലവിൽ എത്ര ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ട്?<br>a) നിലവിലുള്ളവയിൽ എത്ര ബോർഡ് ഓഫ് സ്റ്റഡീസ് ആണ് 2023 ജൂൺ മാസത്തിനു മുമ്പായി പുന:സംഘടിപ്പിക്കേണ്ടത്?<br>b) പുതുതായി ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘടിപ്പിക്കുമ്പോൾ അതത് വിഷയങ്ങളിൽ നിന്നല്ലാതെ ഇതര വിഷയങ്ങളിൽ നിന്ന് അംഗങ്ങളെ എടുക്കാറുണ്ടോ?<br>ഉണ്ടെങ്കിൽ അത് ഏതെല്ലാം പഠന ബോർഡുകളിലേക്കാണ്? |
| ഉത്തരം | കേരള സർവകലാശാലയിൽ നിലവിൽ 101 ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ട്.<br>a. നിലവിലുള്ള 101 ബോർഡ് ഓഫ് സ്റ്റഡീസുകളിൽ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയ്ക്ക് കീഴിലുള്ള 14 ബോർഡുകൾ ഒഴിച്ചുള്ള 87 ബോർഡ് ഓഫ് സ്റ്റഡീസുകളിൽ 30 ബോർഡുകൾ പുന:സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>b. കേരള സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977 ലെ Chapter 11, സെക്ഷൻ 4(c) (iv) പ്രകാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായ. അധികാരം ഉപയോഗിച്ചാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ ചേർക്കുന്നത്. |

**Question No.21 given notice of by Sri. Adithyan S R was not considered as the member was not present at that time.**

**Question No.22 given notice of by Sri. Y. Osbon was answered by Dr. M Vijayan Pillai, Member, Syndicate.**

| ശ്രീ. വൈ.ഓസ്ബോൺ | |
|---|---|
| 22. | സംസ്ഥാനത്തെ എയിഡഡ് കോളേജുകളിൽ അധ്യാപക അനധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുവാൻ 18.05.2022 ൽ സ.ഉ. കൈ. നം. 242/2022 /HEDN സർക്കാർ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ?<br>a) മാറ്റങ്ങൾ വരുത്തുവാൻ എന്ത് നടപടികൾ നാളിതുവരെ സർവകലാശാല സ്വീകരിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കാമോ? |
| ഉത്തരം | എയ്ഡഡ് കോളേജുകളിൽ അധ്യാപക അനധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (G.O(Ms) 96/2021/HEDN , dtd 15.02.2021) പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് സർവകലാശാലയുടെ കീഴിലുള്ള എയിഡഡ് കോളേജ് അധ്യാപക നിയമനങ്ങൾക്ക് ബാധകമാക്കിക്കൊണ്ട് സർവകലാശാല ഉത്തരവും (UO .No.AcF2/8814/2021, dtd 06.01.2022) പുറപ്പെടുവിച്ചിട്ടുണ്ട്.<br>എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ/ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ എന്നിവയിൽ 07.02.1996 മുതലുള്ള അധ്യാപക തസ്തികകൾ കണക്കാക്കി റൊട്ടേഷൻ പ്രകാരം ബാക്ക്‌ലോഗ് വേക്കൻസി നിശ്ചയിച്ച് 22.02.2023 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഇതുമായി ബന്ധപ്പെട്ട് സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

**Question No.23 given notice of by Sri. Y. Osbon was answered by Dr. M vijayan Pillai, Member, Syndicate.**

| **ശ്രീ. വൈ.ഓസ്ബോൺ** | |
|---|---|
| 23. | കേരള സർവകലാശാല 2022-23 അധ്യയന വർഷത്തെ ബഡ്ജറ്റിൽ ഐറ്റം നമ്പർ 126 ആയി പ്രഖ്യാപിച്ച അഫിലിയേറ്റഡ് കോളേജുകളിലെ മികച്ച ലൈബ്രറിക്ക് 25000 രൂപയും പ്രശസ്തി പത്രവും നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?<br>a) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? |
| **ഉത്തരം** | നടപടി സ്വീകരിച്ചിട്ടുണ്ട്.<br>അതിനാവശ്യമായ നടപടികൾ പുരോഗമിക്കുന്നു. |

**Question No.24 given notice of by Sri. Vishnu A was answered by Dr. S Nazeeb, Member, Syndicate.**

| **ശ്രീ. വിഷ്ണു.എ** | |
|---|---|
| 24. | യൂണിവേഴ്സിറ്റി ഹോസ്റ്റൽ, വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് ദൂരം മാത്രമാണോ മാനദണ്ഡമാക്കുന്നത്? അല്ലെങ്കിൽ മറ്റെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ |
| **ഉത്തരം** | യൂണിവേഴ്സിറ്റി ഹോസ്റ്റൽ റാങ്ക് ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡപ്രകാരമാണ് തയ്യാറാക്കുന്നത്.<br>PG CSS/M.Tech/LLM/MBA: ദൂരം മാത്രം<br>UG/PG: ഇൻഡക്സ് മാർക്ക് + ദൂരത്തിനുള്ള വെയിറ്റേജ്<br>ദൂരത്തിനുള്ള വെയിറ്റേജ് ചുവടെ ചേർക്കുന്നു:<br>• 40-60 Km: 1.00 X ഇൻഡക്സ് മാർക്ക്<br>• 60-100 Km: 1.10 X ഇൻഡക്സ് മാർക്ക്<br>• 100 Km നു മുകളിൽ (കേരളത്തിനുള്ളിൽ) : 1.20 X ഇൻഡക്സ് മാർക്ക്<br>• 100 Km നു മുകളിൽ (കേരളത്തിന് പുറത്ത്) : 1.30 X ഇൻഡക്സ് മാർക്ക്<br>ഓരോ കോഴ്സിനും ആകെ ഒഴിവിന്റെ 40 % ജനറൽ, 40 % ബിപിഎൽ, 20 % SC/ST എന്ന അനുപാതത്തിൽ ആണ് ഹോസ്റ്റൽ അലോട്ട് ചെയ്യുന്നത്.<br>CSS കോഴ്സുകൾക്ക് ഡിപ്പാർട്ട്മെന്റ് വൈസ് quota യും പരിഗണിക്കുന്നുണ്ട്.<br>SC/ST ഹോസ്റ്റലിൽ 80 % സീറ്റുകൾ SC/ST വിഭാഗത്തിന് ഉറപ്പുവരുത്തുന്നതാണ്.<br>**Ph.D**<br>ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന ക്രമത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ഒഴിവുകളുടെ അടിസ്ഥാനത്തിൽ ആദ്യം അപേക്ഷിച്ചവർക്ക് ആദ്യം എന്ന രീതിയിലാണ് ഹോസ്റ്റൽ അലോട്ട് ചെയ്യുന്നത്. |

**Question No.25 given notice of by Dr. Vishnu V S was answered by Dr. K.B Manoj, Member, Syndicate.**

| ഡോ.വിഷ്ണു.വി.എസ് | |
|---|---|
| 25. | കേരള സർവകലാശാല ഡിജിലോക്കർ സൗകര്യം വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ടോ? ഡിജിലോക്കർ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സർക്കാർ നിർദ്ദേശം സർവകലാശാലക്ക് ലഭിച്ചിട്ടുണ്ടോ? |
| ഉത്തരം | കേരള സർവകലാശാല ഡിജിലോക്കർ സൗകര്യം വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. ഡിജിലോക്കർ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കത്തുകൾ മുഖേന സർവകലാശാലക്ക് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്..<br>1. D.O No. FI - 46/2020 (NAD/Digilocker)-from Prof. Rajnish Jain, Secretary, UGC-dtd June 2020<br>2. No. FI-46/2020 (NAD/Digilocker)-from Mahesh Kumar, Senior Statistical Officer, UGC-NAD dtd October 2020.<br>3. Letter No. GS5 – 2586/2020 – from Principal Secretary to Governor, Kerala Raj Bhavan – dtd September 25, 2020. |

**Question No.26 given notice of by Dr. Vishnu V S was answered by Dr. K.B Manoj, Member, Syndicate.**

| ഡോ.വിഷ്ണു.വി.എസ് | |
|---|---|
| 26. | പരീക്ഷാ പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ വരുന്ന അക്കാദമിക വർഷത്തിൽ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് സർവകലാശാല ആലോചിക്കുന്നുണ്ടോ? അപ്രകാരം ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? |
| ഉത്തരം | കേരളത്തിലെ സർവകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷ പരിഷ്കാരങ്ങൾക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പ് നിയമിച്ച പരീക്ഷാ പരിഷ്കരണ കമ്മിഷന്റെ റിപ്പോർട്ട് സർവകലാശാലയിൽ രൂപീകരിച്ച 'Revamping of Examination System Committee' വിശദമായി അവലോകനം ചെയ്യുകയും പ്രസ്തുത കമ്മിറ്റിയുടെ മിനിട്സ് 14.10.2022 ലെ സിൻഡിക്കേറ്റ് യോഗം അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത തീരുമാനം ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് പരീക്ഷാ പരിഷ്കരണ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാവുന്നതാണ്. |

**Question No.27 given notice of by Dr. Dileep A S was answered by Dr. M Vijayan Pillai, Member, Syndicate.**

| ഡോ. ദിലീപ്.എ.എസ് | |
|---|---|
| 27. | കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയിഡഡ് കോളേജുകളിലേക്ക് അന്തർസർവകലാശാല സ്ഥലംമാറ്റപ്രകാരം മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജിൽ നിന്ന് സ്ഥലം മാറിവരുന്ന അധ്യാപകരുടെ സീനിയോറിറ്റി നിശ്ചയിക്കാനുള്ള മാനദണ്ഡം എന്താണ്?<br>a) ഈ മാനദണ്ഡപ്രകാരം നിശ്ചയിക്കപ്പെട്ട സീനിയോരിറ്റി പ്രകാരമാണോ യൂണിവേഴ്സിറ്റി സംബന്ധമായ പരീക്ഷാ |

| | |
|---|---|
| | ജോലികൾക്കും, മറ്റ് യൂണിവേഴ്സിറ്റി സംബന്ധമായ ഉത്തരവാദിത്തങ്ങൾക്കും നിയോഗിക്കുന്നത്? |
| **ഉത്തരം** | കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയിഡഡ് കോളേജുകളിലേക്ക് അന്തർസർവകലാശാല സ്ഥലംമാറ്റപ്രകാരം മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജിൽ നിന്ന് സ്ഥലം മാറിവരുന്ന അധ്യാപകരുടെ സീനിയോറിറ്റി സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ആക്ട് 1974 സെക്ഷൻ 64 (a) പ്രകാരം ട്രാൻസ്ഫെർ ചെയ്യപ്പെടുന്ന അധ്യാപകർ കേരള യൂണിവേഴ്സിറ്റിയിലെ വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള കോളേജുകളിൽ ജൂനിയർ ആകും.<br>പ്രിൻസിപ്പൽ നൽകുന്ന അധ്യാപനപരിചയ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് പരീക്ഷാ സംബന്ധമായ ജോലികൾക്കും ഇതര സർവകലാശാല ജോലികൾക്കും അധ്യാപകരെ നിയമിക്കുന്നത്. |

**Question No.28 given notice of by Dr. Rani Abraham was answered by Dr. S Nazeeb, Member, Syndicate.**

| **ഡോ. റാണി എബ്രഹാം** | |
|---|---|
| 28. | a) Is there an IPR policy in place for the University?<br>b) If yes, does the university provide support, including financial for the processes and procedures involved in transfer of technology or commercialization of the invention?<br>c) If answer to (a) is no, could there be any reason for that and would the university take steps for drafting a proper IPR policy? |
| **ഉത്തരം** | a) Yes, University has an IPR policy in place.<br>b) University does provide financial assistance for filing and maintenance of patents. |

**Question No.29 given notice of by Sri. Muhammed Shahin A S was answered by Sri. Sandeep Lal S, Member, Syndicate.**

| **ശ്രീ. മുഹമ്മദ് ഷഹീൻ.എ.എസ്** | |
|---|---|
| 29. | കേരള സർവകലാശാല യുവജനോത്സവ മാന്വുവൽ അവസാനം പരിഷ്കരിച്ചതെന്നാണ്? ഈ വർഷത്തെ യുവജനോത്സവത്തിനു മുൻപ് മാന്വുവൽ പരിഷ്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ? |
| **ഉത്തരം** | 2022 മാർച്ച് മാസത്തിൽ ആണ് അവസാനമായി മാനുവൽ പരിഷ്ക്കരിച്ചത് .<br>സർവകലാശാല യുവജനോത്സവ മാന്വുവൽ ആവശ്യങ്ങൾക്ക് അനുസരിച്ച് പരിഷ്ക്കരിക്കുന്നതാണ്. |

**Question No.30 given notice of by Dr. Babitha G S was not considered as the member was not present at that time.**

**Question No.31 given notice of by Sri. Vishnu A was answered by Sri. Sandeep Lal S, Member, Syndicate.**

| ശ്രീ. വിഷ്ണു.എ | |
|---|---|
| 31. | കോളേജ് യൂണിയനുകളുടെ കാലാവധി എങ്ങെനെയാണ് നിശ്ചയിക്കുന്നത്?<br>വിദ്യാർത്ഥി യൂണിയനുകളുടെ കാലാവധി നിശ്ചയിക്കുന്നതിന് കോളേജിന് പ്രത്യേക അധികാരമുണ്ടോ? |
| ഉത്തരം | കേരള സർവകലാശാലയുടെ "Constitution for College Unions" (Framed under Clause 7 of the Byelaws of the Kerala University Union) Article 3 പ്രകാരം " the tenure of office of the College Union shall be one academic year, ie., from 1st June to 31 May' ആണ്. |

**Question No.32 given notice of by Sri. Ajinth Ajay was answered by Dr. S Nazeeb, Member, Syndicate.**

| ശ്രീ. അജിന്ത് അജയ് | |
|---|---|
| 32. | കേരള സർവകലാശാല പഠന വകുപ്പുകളിലെ വിദ്യാർത്ഥികളുടെ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി സ്പോർട്സ് കോർഡിനേറ്ററെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?<br>a) അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന സ്പോർട്സ് ഫീസ് കായികപരമായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ?<br>b) പഠനവകുപ്പുകളിലെ വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം നൽകുന്നതിനും, കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും, വിവിധ സ്പോർട്സ് ഇനങ്ങളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുമായി സ്പോർട്സ് ട്രെയിനർമാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? |
| ഉത്തരം | കേരള സർവകലാശാല പഠന വകുപ്പുകളിലെ വിദ്യാർത്ഥികളുടെ കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>a) ഉണ്ട്.<br>b) യോഗ ഇൻസ്ട്രക്ടർ, ജിം ഇൻസ്ട്രക്ടർ എന്നിവരെ പഠന വകുപ്പിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**Question No.33 given notice of by Sri. Y Osbon was answered by Adv. G Muralidharan Pillai, Member, Syndicate.**

| ശ്രീ. വൈ.ഓസ്ബോൺ | |
|---|---|
| 33. | 2022–23 അധ്യയന വർഷത്തിൽ കേരള സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിച്ചപ്പോൾ എത്ര ബിരുദ, ബിരുദാനന്തര സീറ്റുകൾ ഒഴിഞ്ഞുകിടപ്പുണ്ട്?<br>a) 2022–23 അധ്യയന വർഷത്തിൽ ഏതെങ്കിലും കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം ഇല്ലാതെ താൽകാലിമായി റദ്ദ് ചെയ്ത |

| | |
|---|---|
| | കോഴ്സുകൾ ഏതൊക്കെ കോളേജുകളിലാണ്? |
| ഉത്തരം | (see tables below) |

| UG- 2022 | | | |
|---|---|---|---|
| | Government | Aided | Self Financing & Government - Self Financing |
| Total Sanctioned Strength | 3607 | 18949 | 24485 |
| Total Admitted Candidates in UG | 3585 | 15928 | 10754 |
| Vacancy | 22 | 3021 | 13731 |

| PG-2022 | | | |
|---|---|---|---|
| | Government | Aided | Self Financing & Government Self Financing |
| Total Sanctioned Strength | 1220 | 2960 | 2496 |
| Total Admitted Candidates in PG | 1210 | 2600 | 964 |
| Vacancy | 10 | 360 | 1532 |

a) 2022–23 അധ്യയന വർഷത്തിൽ കോഴ്സുകളൊന്നും റദ്ദ്ചെയ്തിട്ടില്ല.

**Question No.34 given notice of by Sri. Muhammed Asif M A was answered by Adv. K H Babujan, Member, Syndicate.**

| ശ്രീ.മുഹമ്മദ് ആസിഫ്.എം.എ | |
|---|---|
| 34. | 2022 വർഷത്തിൽ കേരള സർവകലാശാലക്ക് പുനർമൂല്യനിർണ്ണയ ഇനത്തിൽ മാത്രം ലഭിച്ച ഫീസ് ആകെ മൊത്തം എത്രരൂപ?<br>a) ആകെ മൊത്തം എത്രപേർ പുനർമൂല്യനിർണ്ണയത്തിന് ഫീസടച്ചു? |
| ഉത്തരം | 2022 വർഷത്തിൽ കേരള സർവകലാശാലയിൽ പുനർമൂല്യനിർണ്ണയ ഇനത്തിൽ 26154391/– രൂപ (രൂപ രണ്ടു കോടി അറുപത്തിയൊന്നു ലക്ഷത്തി അമ്പത്തിനാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയൊന്നു മാത്രം) ലഭിച്ചിട്ടുണ്ട്.<br>a. ആകെ 26,735 പേർ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചിട്ടുണ്ട്. |

**Question No.35 given notice of by Dr. Rani Abraham was answered by Dr. S Nazeeb, Member, Syndicate.**

| ഡോ. റാണി എബ്രഹാം | |
|---|---|
| 35. | സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കലാലയങ്ങളിൽ ഓരോ സെമസ്റ്ററും വിദ്യാർത്ഥികളുടെ ഹാജർ തയ്യാറാക്കുന്നതിന് പരിഗണിക്കുന്ന ആകെ അധ്യയന ദിനങ്ങൾ നിലവിൽ ഓരോ |

| | |
|---|---|
| | കലാലയത്തിനും വ്യത്യസ്തമാണ്. ആകെ അധ്യയന ദിനങ്ങൾ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ? |
| **ഉത്തരം** | കേരള സർവകലാശാലയുടെ അക്കാദമിക് കലണ്ടർ പ്രകാരം ഒരു സെമസ്റ്ററിൽ 90 അധ്യയന ദിവസങ്ങൾ അല്ലെങ്കിൽ 450 അധ്യയന മണിക്കൂറുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഇത് ഉറപ്പുവരുത്തുന്നതാണ്. |

**Question No.36 given notice of by Sri. Sibi C Babu was answered by Dr. M Vijayan Pillai, Member, Syndicate.**

| **ശ്രീ.സിബി.സി.ബാബു** | |
|---|---|
| 36. | 2022 ഒക്ടോബർമാസം മുതൽ 2023 ജനുവരി 30 വരെ എയിഡഡ് കോളേജ് അധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് പ്രൊഫസർമാർക്കുള്ള സ്ക്രീനിംഗ് കമ്മിറ്റി, അസോസിയേറ്റ് പ്രൊഫസർമാർക്കും പ്രൊഫസർമാർക്കുമുള്ള സെലക്ഷൻ കമ്മിറ്റി എന്നിവ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ സർവകലാശാലയിൽ ലഭിച്ചിട്ടുണ്ട്?<br>a) ഇതിനകം ഇവയിൽ എത്ര അപേക്ഷകളിൽ സ്ക്രീനിംഗ് കമ്മിറ്റി സെലക്ഷൻ കമ്മിറ്റി എന്നിവ അനുവദിച്ച് നൽകിയിട്ടുണ്ട് ? |
| **ഉത്തരം** | സ്ക്രീനിംഗ് കമ്മിറ്റിക്ക് 61 അപേക്ഷകളും സെലക്ഷൻ കമ്മിറ്റിക്ക് 53 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.<br>സെലക്ഷൻ കമ്മിറ്റികൾ സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

## *(II)* Business brought forward by the Vice-Chancellor and the Syndicate.

**01. Award of Degrees, Diplomas, Titles and Certificates. (C.E/D.D)**

*The Following resolution moved by Dr. K.B Manoj, Member, Syndicate and Convener, Standing Committee of the Syndicate on Examinations and seconded by Dr.S. Nazeeb, Member, Syndicate was unanimously adopted by the House.*

*"That, all candidates who have passed the various examinations under the different Faculties and also those who carried on research under the prescribed conditions and who have been adjudged worthy, to be awarded the Research Degrees under the various faculties and whom the Syndicate during the period from 19th November, 2022 to 29th March, 2023 on the report of the examiners, has certified to be qualified to receive the respective Titles, Diploma, Certificates and Degrees and those students of Autonomous Colleges who have successfully completed their course of study and are duly recommended by the Governing Council of the respective Autonomous Colleges during the aforesaid period for award of Degrees be admitted to those Titles, Diplomas, Certificates and Degrees and in token thereof they may be presented with the respective Titles, Diplomas, Certificates and Degrees.''*

==========================================================================

**02. Annual Accounts 2021-22 - Approval of- reg. (Accounts-II)**

As per Para 10, Chapter 6 of the Kerala University First Statues 1977, the Syndicate shall consider the Annual Accounts of the University and place it before the Senate for approval at its Annual Meeting. Annual Accounts approved by the Senate is to be submitted to the Government for laying before the State Legislative Assembly.

The Syndicate at its meeting held on 14/10/2022 vide item no: 47.122.2 approved the draft of the Annual Accounts for the financial year 2021-22. As per the orders of the Vice-Chancellor Annual Accounts for the financial year 2021-22 is placed before the Senate for consideration.

**The House considered and approved the Annual Accounts for the financial year 2021 – 22.**

==========================================================================

**03. Preliminary Budget Estimates 2023-2024 – Consideration of– reg. (Finance II)**

As per section 47(1) and (2) of Chapter VII of the Kerala University Act, 1974 and Statute 10(1) under Chapter 6 of the Kerala University First Statutes 1977, the Preliminary Annual Financial Estimates of the University is to be placed before the Senate for approval. Accordingly, the Preliminary Budget Estimates 2023-24 along with the Explanatory Memorandum may be placed before the annual meeting of the Senate scheduled to be held on 10th March 2023 for consideration and approval. The Budget Speech is appended.

*ആദരണീയനായ സഭാദ്ധ്യക്ഷൻ,*

*ബഹുമാന്യരായ സഭാംഗങ്ങളേ,*

നാക്ക് റീ അക്രെഡിറ്റേഷനിൽ A++ നേട്ടം സ്വന്തമാക്കിയ അഭിമാന തിളക്കത്തിലാണ് കേരള സർവ്വകലാശാല. 3.67 ഗ്രേഡ് പോയിന്റോടെ രാജ്യത്തെ സംസ്ഥാന സർവ്വകലാശാലകളിൽ ഇന്ന് ഒന്നാം സ്ഥാനത്താണ്. ഒത്തുചേർന്ന പ്രവർത്ത നവും അർപ്പണബോധത്തോടെയുള്ള കഠിനാദ്ധ്വാനവും ദിശാബോധമുള്ള പദ്ധതികളുമാണ് നമ്മുടെ വിജയത്തിന്റെ ചാലകശക്തി. ജ്ഞാനം കുടികൊള്ളുന്നത് കർമ്മത്തിലാണെന്ന് പ്രഖ്യാപിക്കുന്ന സർവകലാശാലയാണ് നമ്മുടേത്. കാലം ഏല്പിച്ച കർത്തവ്യങ്ങളാണ് കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ നിർവഹിച്ചത്. നാക്ക് റീ അക്രെഡിറ്റേഷനുവേ ി സർവകലാശാലയിൽ എത്തിച്ചേർന്ന രാജ്യത്തെ ശ്രദ്ധേയരായ വൈസ്ചാൻസലർമാരട ങ്ങുന്ന ടീമിന്റെ ചെയർമാൻ പറഞ്ഞത് ഒരു സ്റ്റേറ്റ് യൂണിവേഴ്സിറ്റിയ്ക്ക് ചെയ്യാനാവുന്ന കാര്യങ്ങളിൽ ഒട്ടുമിക്കതും കേരള സർവ്വകലാശാലയിൽ കാണാൻ കഴിഞ്ഞിട്ടു ് എന്നാണ്. പഠന ഗവേഷണങ്ങളിൽ നമ്മുടെ മുന്നേറ്റം ആവേശാനുഭവങ്ങളാണ്. അതിന് പര്യാപ്തമായ പശ്ചാത്തല സൗകര്യവികസനമാണ് ഈ കാലയളവിൽ നമ്മൾ സാദ്ധ്യമാക്കിയത്.

പഠനവകുപ്പുകൾക്കായി മൂന്നുലക്ഷത്തി തൊണ്ണൂറായിരം സ്ക്വയർഫീറ്റ് കെട്ടിടം കഴിഞ്ഞ അഞ്ച് വർഷംകൊ ് സർവകലാശാലയിൽ നിർമ്മിച്ചു. 10 മൾട്ടിമീഡിയ തീയേറ്റർ ക്ലാസ്റൂമുകളും 32 സ്മാർട്ട് ക്ലാസ് റൂമുകളും തയ്യാറാക്കിക്കൊ ് ആധുനികമായ സൗകര്യ ങ്ങളിലേക്ക് നാമുയർന്നു. പരീക്ഷാരംഗത്തും ലൈബ്രറിമേഖലയിലും ഗവേഷണ സംവിധാ നങ്ങളിലും ടെക്നോളജിയുടെ സാധ്യതകളെല്ലാം ഉപയോഗിക്കുന്ന സംവിധാനം ഒരുക്കി. ലബോറട്ടറികളിൽ അത്യാധുനിക ഉപകരണങ്ങൾ ഒരുക്കിവരുന്നു. അതുകൊ ുതന്നെ പഠ ന രംഗത്തും ഗവേഷണ രംഗത്തും കൂടുതൽ മികവു പുലർത്താനായി. ഗവേഷണ ഡയറ ക്ടേറേറ്റ് സ്ഥാപിച്ച് ഗവേഷണ സഹായക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. വിദ്യാർത്ഥി സുരക്ഷാ പദ്ധതി ഉൾപ്പെടെ വിദ്യാർത്ഥി സൗഹൃദ പ്രവർത്തനങ്ങളിൽ സർവകലാശാല വളരെയധികം മുന്നേറിയിട്ടു ്.

നാലു വർഷം വൈസ്ചാൻസലറായിരുന്ന പ്രൊഫ. (ഡോ.) വി. പി. മഹാദേവൻ പിള്ളയും, പ്രൊ. വൈസ്ചാൻസലർ ഡോ. പി. പി. അജയകുമാറും സിൻഡിക്കേറ്റും ഒരു ടീമായി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. അദ്ധ്യാപകരും ജീവനക്കാരും സർവകലാ ശാല എന്ന വികാരത്തിൽ ഒന്നായിചേർന്നു. വിദ്യാർത്ഥികളും കൂടി ഒത്തുച്ചേർന്നു സർവക

ലാശാല സമൂഹം ഒന്നായി പ്രവർത്തിച്ച് അഭിമാനകരമായ നേട്ടങ്ങളിലേക്കാണ് എത്തിച്ചേർന്നത്.

നിരവധി പുതിയ കോഴ്സുകളാണ് ഇക്കാലയളവിൽ പഠനവകുപ്പുകളിൽ തുടങ്ങിയത്. സ്പെയ്സ് ഫിസിക്സ്, റിന്യൂവബിൾ എനർജി, ക്ലൈമെറ്റ് ചെയ്ഞ്ച്, ബ്ലൂ എക്കോണമി, ഫിനാൻഷ്യൽ ഇക്കണോമിക്സ്, ഇന്റർനാഷണൽ റിലേഷൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ഏറ്റവും നൂതനമായ നിരവധി കോഴ്സുകൾ ആ പട്ടികയിലു ്. കേരള സർക്കാർ പ്രോജക്ട് മോഡിൽ ഫംഗ്ഷണൽ മെറ്റീരിയൽസ്, മിഷ്യൻ ലേണിംഗ്, ഡിസൈനിംഗ് എന്നിങ്ങനെ മൂന്ന് പി. ജി. കോഴ്സുകൾക്കാണ് പുതുതായി അനുമതി നല്കിയിട്ടുള്ളത്. ഗവേഷണരംഗത്തു നിരവധി വിദേശ സർവകലാശാലകളും എണ്ണപ്പെട്ട വ്യവസായ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെച്ച് അഭിമാനപൂർവ്വം പ്രവർത്തിച്ചുവരുന്നു.

ചരിത്രത്തെ അഗാധമാക്കിയ വിശ്വമഹാകവി ജോൺ കീറ്റ്സിന്റെ വരികൾ ഞാൻ ആവർത്തിക്കുന്നു.

‘Heard melodies are sweet,
But those unheard are sweeter....’

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനമായി A++ ന്റെ സൂര്യതിളക്കം അഭിമാനപൂർവ്വം സമ്മാനിച്ച കേരളത്തിന്റെ ഈ പ്രഥമ സർവ്വകലാശാലയ്ക്ക് ഇനിയും ഒട്ടേറെ കാതം മുന്നേറാനു ്. നാം നേടിയതിനേക്കാൾ അതിശ്രേഷ്ഠമായത് ഇനിയും നേടാനു ്. അക്കാദമിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, പാഠ്യപദ്ധതി, ഗവേഷണം, ഭരണനിർവ്വഹണം, വിവിധ സേവന പ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിൽ നമ്മൾ നേടിയ ദേശീയ അംഗീകാരം ശ്രമകരമായ വലിയ ഉത്തരവാദിത്വങ്ങളിലേക്കാണ് സർവ്വകലാശാലയെ ക്ഷണിക്കുന്നത്. പൗരധർമ്മവും മാനവികതയും നെഞ്ചേറ്റുന്ന, ശാസ്ത്രബോധമുള്ള, യുക്തിഭദ്രതയോടെ ജീവിക്കുന്ന, നിലവിലുള്ളതിനെ സാമൂഹിക വിശകലനവിധേയമായി മറികടക്കാൻ ത്രാണിയുള്ള തലമുറയ്ക്കൊപ്പമാകണം ആ ക്ഷണം നമുക്ക് ഏറ്റെടുക്കേ ത്. അനന്യവും അത്ഭുതാവഹവുമായ നേട്ടങ്ങളുടെ ഗിരിശൃംഗങ്ങളാകണം നമ്മുടെ ലക്ഷ്യം. ലോകനിലവാരത്തിൽ ആദ്യനൂറിലൊന്നായി അതിവേഗം നമുക്കെത്താനാവണം. അതിനു പര്യാപ്തമായ പ്രവർത്തനങ്ങൾ അനവരതം നടന്നുവരുന്നു. നിലവിലെ ബഹു: വൈസ്ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മലും സിൻഡിക്കേറ്റും ക്രിയാത്മകമായ യോജിപ്പോടെ ഈ പ്രവർത്തനങ്ങൾക്ക് കൂട്ടായ നേതൃത്വം നൽകിവരുന്നു.

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ മൈക്രോവേവ് മെറ്റീരിയൽ ലാബ് ഒരുകോടി അറുപത്തിനാലു ലക്ഷം രൂപ ചെലവഴിച്ച് പണിപൂർത്തിയായി. സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ലൈബ്രറി സയൻസിന് പുതിയ കെട്ടിടം നാലു കോടി അൻപത്തിമൂന്നു ലക്ഷം രൂപ ചെലവഴിച്ച് പണി പൂർത്തിയാകുന്നു. ഒരുകോടിയിലേറെ രൂപ നീക്കിവെച്ച ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ ലബോറട്ടറി കോംപ്ലക്സ് പൂർത്തിയായിവരുന്നു. എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് കാര്യവട്ടത്ത് ഒരുകോടിയോളം രൂപയുടെ കെട്ടിടം പൂർത്തിയാകുന്നു. 3.56 കോടി രൂപക്ക് ആൺകുട്ടികൾക്കുള്ള പുതിയ ഹോസ്റ്റലിന്റേയും ഇന്റർ നാഷണൽ ഹോസ്റ്റലിന്റേയും മെസ്ഹാളിന്റേയും വാഷ്റൂമുകളുടെയും നിർമ്മാണം നടന്നുവരുന്നു. 4 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന EMS മെമ്മോറിയൽ മൾട്ടിപർപ്പസ് കോൺഫറൻസ് ഹാളിന്റേയും സെമിനാർ ഹാളിന്റെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. സർവകലാ

ശാല ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി ര ് ഫ്ളാറ്റ് സമുച്ചയങ്ങൾ പൂർത്തിയാകുന്നു.

വിവിധ നിർവ്വഹണ ഏജൻസികൾ നിർമ്മാണ നടപടികളിലേക്ക് കടന്നിരിക്കുന്ന 25 കോടി രൂപ മുതൽമുടക്കിയുള്ള 8500 സ്ക്വയർഫീറ്റ് വലിപ്പത്തിലുള്ള ഡോ. കെ. അയ്യപ്പപ്പണിക്കർ മെമ്മോറിയൽ ഫോറിൻ ലാംഗ്വേജസ് ബിൽഡിംഗ്, 8 കോടി രൂപ നീക്കിവച്ചുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റിന്യൂവബിൾ എനർജി പഠനകേന്ദ്രങ്ങൾക്കുള്ള കെട്ടിടങ്ങൾ, 10 കോടി രൂപയുടെ ഇൻഡോർ ട്രെയിനിംഗ് ഹാൾ, 7.5 കോടി രൂപ ചെലഴിക്കുന്ന കമ്പ്യൂട്ടർ സയൻസിന്റെ പുതിയ കെട്ടിടം, 9 കോടി രൂപയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ (IMK) പുതിയ മന്ദിരം, 4 കോടി രൂപയുടെ യൂണിവഴ്സിറ്റി പ്രസ്സിന്റെ പുതിയ കെട്ടിടം, 3 കോടി രൂപയുടെ Advanced Centre for Regenerative Medicine and Stem Cell കെട്ടിടം, 80 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ടർഫ്, സുഗതകുമാരി സ്മൃതിവനം എന്നിവയുടെ നിർമ്മാണ നടപടികളിലേക്കു നീങ്ങുകയാണ്.

കഴിഞ്ഞ ഒക്ടോബർ 18ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു: ധനകാര്യമന്ത്രിയുടെയും, ബഹു: ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ കാര്യവട്ടം കാമ്പസിൽ തറക്കല്ലിട്ട കിഫ്ബി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെവേഗത്തിൽ നടന്നുവരുന്നു. ര ര കോടി രൂപ ചെലവഴിച്ചുള്ള ക്ലിഫിന്റെ എക്സ്റ്റൻഷൻ ബിൽഡിങ്ങിന്റെ നിർമ്മാണം പൂർത്തിയാവുന്നു. 21 കോടി രൂപ ചെലവഴിച്ചുള്ള പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ ഡോർമെറ്ററികളുടെ നിർമ്മാണം വേഗതയിൽനടന്നുവരുന്നു. 16 കോടി രൂപയുടെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഒന്നരക്കോടി രൂപയുടെ ആംഫി തിയേറ്റർ നിർമ്മാണവും, 70 ലക്ഷത്തിന്റെ ര ് ഓപ്പൺ ക്ലാസ് റൂമുകളുടെ നിർമ്മാണത്തിനും സൈറ്റ് ക്ലീയറൻസ് നടന്നുവരുന്നു. ഇവയെല്ലാംകൂടി 56 കോടി രൂപയുടെ കിഫ്ബി പദ്ധതികളാണ് നിർമ്മാണം നടക്കുന്നത്. ഇതുകൂടാതെ ലബോറട്ടറികളുടെ ലോകനിലവാരങ്ങളിലേക്ക് നമ്മുടെ സെൻട്രൽ ലബോറട്ടറിയായ ക്ലിഫിനെ ഉയർത്താൻ 48.72 കോടി രൂപയുടെ ആധുനിക ഉപകരണങ്ങൾ വാങ്ങാൻ ടെൻഡർ നടപടിയായിട്ടു ്. കെട്ടിടങ്ങളും ഉപകരണങ്ങളുമായി 45.38 കോടി രൂപയുടെ ര ാംഘട്ട കിഫ്ബി പദ്ധതി പരിഗണനയിലാണ്.

കഴിഞ്ഞവർഷം സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബി വഴി വിഭാനം ചെയ്തിരുന്ന Translation Research Centre in University of Kerala ക്ക് അംഗീകാരം ലഭിച്ചു. അക്കാദമിക ഗവേഷണ പ്രവർത്തനങ്ങളെ ഉൽപാദനവുമായി ബന്ധിപ്പിക്കുന്നതിനും അവയെ ഉൽപാദക പ്രക്രിയയിലേക്ക് പരിവർത്തിപ്പിക്കുന്നതിനുമായി 24.64 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെയാണ് പ്രസ്തുത സെന്ററിന് അംഗീകാരം ലഭ്യമായിട്ടുള്ളത്.

കാര്യവട്ടം കാമ്പസിലെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി സംസ്ഥാനസർക്കാരിന്റെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന പുതിയ വനിത ഹോസ്റ്റലിന്റെയും (3 Occupency യിലുള്ള 64 മുറികൾ). ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റേയും (16 സ്റ്റുഡിയെ അപ്പാർട്ട്മെന്റോടു കൂടിയ) നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ 28.21 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ ആരംഭിച്ചിരിക്കുകയാണ്. പദ്ധതിയുടെ DPR കിഫ്ബി പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടു ്. പദ്ധതി നടത്തിപ്പിനായുള്ള നടപടികൾ - സോയിൽ ടെസ്റ്റ് ഉൾപ്പെടെയുള്ളവ ആരംഭിച്ചിട്ടു ്.

ഡോ. താണു പത്മനാഭൻ സെന്റർ ഫോർ ആസ്ട്രോഫിസിക്സ് ആന്റ് ആസ്ട്രോണമിക്സ് തുടങ്ങുവാനായി 88 കോടി രൂപയുടെ പദ്ധതി സംസ്ഥാന സർക്കാരിനു സമർപ്പിച്ചു. ഈ പദ്ധതിക്ക് സംസ്ഥാന ഹയർ എഡ്യൂക്കേഷൻ വകുപ്പ് എ. എസ് നൽകി കെ.എസ്.

ഐ.ടി എല്ലിനെ എസ്.പി.വി. ആയി നിയോഗിച്ചുകഴിഞ്ഞു. സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ഭരണസംവിധാനത്തിനു രൂപംനൽകാൻ സംസ്ഥാന ഗവണ്മെന്റ് നിയമനിർമ്മാണത്തിന്റെ ഘട്ടത്തിലേക്ക് നീങ്ങുകയാണ്. കാര്യവട്ടം കാമ്പസിൽ ഈ സെന്റർ യാഥാർത്ഥ്യമാകുന്നതോടെ ബഹിരാകാശ പഠന ഗവേഷണത്തിൽ പുതിയ തലമുറയ്ക്കു വലിയ ഒരവസരമായി മാറുമെന്ന് ഉറപ്പാണ്.

ഈ നിലയിലെല്ലാം വിസ്മയകരമായ ഒരു വികസന കാലഘട്ടത്തിലൂടെയാണ് കേരള സർവകലാശാല കടന്നുപോകുന്നത്. പിന്നിട്ട ആറു വർഷത്തിനിടയിൽ മൂന്നു ലക്ഷത്തി തൊണ്ണൂറായിരം സ്കയർഫീറ്റ് വിസ്തൃതിയിലുള്ള കെട്ടിടം നിർമ്മിച്ചുകഴിഞ്ഞു. ഒരു ലക്ഷത്തി ഇരുപതിനായിരം സ്കയർഫീറ്റ് വിസ്തൃതിയിൽ കെട്ടിട നിർമ്മാണം നടന്നുകൊ ിരിക്കുന്നു. മൂന്നുലക്ഷം സ്കയർഫീറ്റ് കെട്ടിട നിർമ്മാണ നടപടികളിലേക്ക് പോവുകയാണ്. ആകെ എട്ടുലക്ഷത്തി അറുപതിനായിരം സ്കയർഫീറ്റ് വിസ്തൃതിയുള്ള കെട്ടിടങ്ങളുടെ നിർമ്മിതിയാണ് കാമ്പസിൽ പൂർത്തിയാകുന്നത്.

കൃത്യമായ ആസൂത്രണത്തിന്റെയും അശ്രാന്ത പരിശ്രമത്തിന്റെയും, നിസ്സീമമായ സഹകരണമനോഭാവത്തിന്റെയും ഫലശ്രുതിയാണ് നേട്ടങ്ങൾക്ക് ഊർജ്ജപ്രവാഹമായതെങ്കിൽ അല്പവും ആവേശം ചോരാതെ നേട്ടങ്ങളുടെ പെരുമഴക്കാലം നമുക്കിവിടെ ഒരുക്കാനാകുമെന്നതിൽ എനിക്ക് അല്പവും ആശങ്കയില്ല... നേട്ടങ്ങളുടെ മികച്ച ആ വിദ്യാഭ്യാസാനുഭങ്ങൾ പുതിയ മനുഷ്യനെയും പുതിയ സംസ്കാരത്തെയും സൃഷ്ടിക്കുകയും അതുവഴി പുതിയ സമൂഹ സൃഷ്ടിയും അതിന്റെ സർവ്വതോൻമുഖമായ വളർച്ചയും സാധ്യമാവുകയും ചെയ്യും. തികഞ്ഞ ജാഗ്രതയോടെ ആർജ്ജിക്കേ ുന്ന അത്തരം അക്കാദമിക ഗവേഷണ- പരിസരമൊരുക്കാൻ വളരെ അവധാനതയോടെയും ആഴത്തിലും ചിന്തിച്ചുറപ്പിച്ച്, വിദഗ്ധരാൽ രൂപകല്പന ചെയ്യപ്പെട്ട ഒരു അക്കാദമിക ബ്ലൂപ്രിന്റ് കേരള സർവ്വകലാശാല തയ്യാറാക്കി പ്രവർത്തിച്ച് മുന്നേറുകയാണിപ്പോൾ. വിശ്വഭാരതിയ്ക്കുമുന്നിൽ രേഖപ്പെടുത്തിവച്ചതു പോലെ ലോകം ഒരു പക്ഷിക്കൂടുപോലായി തീരണമെന്നാണ് നമ്മുടെ സാർത്ഥകമായ സ്വപ്നം. ദീർഘദൂരമാണ് നമ്മൾ നടന്നു കഴിഞ്ഞത്. ഇനി നടക്കേ ദൂരങ്ങളും നമ്മളെ പ്രചോദിപ്പിച്ച് ആവേശഭരിതമാക്കുന്നു. ലവലേശം തളരാതെ, വൈവിധ്യാനുഭങ്ങളുടെ സുദീർഘമായ വഴിത്താരകൾ ഒന്നൊന്നായി നമുക്കൊരുമിച്ച് അതിവേഗം നടന്നുതീർക്കേ തു ്. അതിനു ചൂടും ചൂരും പകരുന്ന രചനാത്മകമായ ഒരു ബഡ്ജറ്റാണ് പുതിയ സാമ്പത്തിക വർഷത്തേക്കായി ഞാനിവിടെ അവതരിപ്പിക്കുന്നത്. നിങ്ങളുടെ ക്രിയാത്മകമായ വിലയിരുത്തലിനും വിലയേറിയ നിർദ്ദേശങ്ങൾക്കുമായി ഈ സാമ്പത്തിക നയരേഖ നിങ്ങൾക്കുമുന്നിൽ സാഭിമാനം സഹർഷം ഞാൻ അവതരിപ്പിക്കുന്നു.

**ബഡ്ജറ്റ് സംഗ്രഹം**

കഴിഞ്ഞ സാമ്പത്തികവർഷം(2022-23)ൽ, സർവകലാശാലക്ക് **771.29 കോടി രൂപ** വരവും, **771.29 കോടി രൂപ** ചെലവുമുള്ള സന്തുലിത ബഡ്ജറ്റാണ് സഭ പാസ്സാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് (2022-23) പ്രകാരം **706.58 കോടി രൂപ**യുടെ വരവും **706.58 കോടി രൂപ**യുടെ ചെലവുമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

അടുത്ത സാമ്പത്തികവർഷം (2023-24) **810.13 കോടി രൂപ** വരവും, അത്രതന്നെ ചെലവും പ്രതീക്ഷിക്കുന്ന സന്തുലിത ബഡ്ജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

(തുക കോടിയിൽ)

| | വരവ് | | ചെലവ് |
|---|---|---|---|
| **നോൺ പ്ലാൻ** | | | |
| ബ്ലോക്ക് ഗ്രാന്റ് | 398.00 | ശമ്പളം, പെൻഷൻ | 456.95 |
| ആഭ്യന്തര വരുമാനം | 186.17 | മറ്റുള്ളവ | 127.22 |
| **ആകെ** | **584.17** | **ആകെ** | **584.17** |
| **പ്ലാൻ** | | | |
| കേരള സർക്കാർ | | | |
| വിഹിതം | 39.00 | ചെലവ് | 39.00 |
| യു.ജി.സി. വിഹിതം | 4.00 | ചെലവ് | 4.00 |
| **ആകെ** | **43.00** | **ആകെ** | **43.00** |
| ഇയർമാർക്ക്ഡ് ഫ ˇ | 22.17 | ചെലവ് | 22.17 |
| ഡെബ്റ്റ് ആന്റ് | | | |
| ഡെപ്പോസിറ്റ്സ് | 160.79 | ചെലവ് | 160.79 |
| **ഗ്രാൻഡ് ടോട്ടൽ** | **810.13** | **ഗ്രാൻഡ് ടോട്ടൽ** | **810.13** |
| **(810.13 – 810.13)** | **= 0** | | |

**പട്ടിക ഒന്ന് – നോൺ പ്ലാൻ** (തുക കോടിയിൽ)

| | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് **2022-23** | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് **2022-23** | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് **2023-24** |
|---|---|---|---|
| വരവ് | 565.53 | 535.76 | 584.17 |
| ചെലവ് | 565.53 | 535.76 | 584.17 |
| കമ്മി | 0 | 0 | 0 |

**2023 – 24 വരവ്**

ഈ സാമ്പത്തികവർഷം പദ്ധതിയിതര ഗ്രാന്റിനത്തിൽ **398 കോടി രൂപ**യും ആഭ്യന്തര വരുമാന ഇനത്തിൽ **186.17 കോടി രൂപ**യും ചേർത്താണ് ആകെ **584.17 കോടി രൂപ** വരവ് പ്രതീക്ഷിക്കുന്നത്. എന്നാൽ പദ്ധതിയിതരവിഹിതമായി **320.22 കോടി രൂപ**യാണ് സർക്കാർ 2023 – 24 ലേക്ക് അനുവദിച്ചിട്ടുള്ളത്.

**പട്ടിക ര ് - നോൺ പ്ലാൻ വരവ്** (തുക കോടിയിൽ)

| വരവ് | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2022-23 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2023-24 |
|---|---|---|
| ബ്ലോക്ക് ഗ്രാന്റ് | 366.00 | 398.00 |
| ആഭ്യന്തര വരുമാനം | 169.76 | 186.17 |
| **ആകെ തുക** | **535.76** | **584.17** |

അടുത്ത സാമ്പത്തികവർഷം (2023-24) ഓരോ വിഭാഗത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ആഭ്യന്തരവരുമാനം ചുവടെ ഇതിനോടൊപ്പം ചേർത്തിരിക്കുന്നു.

**പട്ടിക മൂന്ന് - ആഭ്യന്തര വരുമാനം** (തുക കോടിയിൽ)

| വരവ് | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2022-23 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2023-24 |
|---|---|---|
| പരീക്ഷാ ഫീസും മറ്റു വരവുകളും | 46.66 | 48.56 |
| യൂണിവേഴ്സിറ്റി പഠന വകുപ്പുകൾ/സെന്ററുകളിൽ നിന്നും | 2.94 | 3.46 |
| ബി. എഡ്. കേന്ദ്രങ്ങൾ | 3.00 | 3.00 |
| യു.ഐ.ടി. കൾ | 14.00 | 14.50 |
| യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് | 2.00 | 2.50 |
| യു.ഐ.എമ്മുകൾ | 3.00 | 3.50 |
| വിദൂരവിദ്യാഭ്യാസകേന്ദ്രം (SDE) | 9.00 | 5.00 |
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 3.00 | 3.50 |
| സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ് | 1.00 | 1.00 |
| യു.ജി. /പി. ജി. ഓൺലൈൻ അഡ്മിഷൻ | 15.00 | 16.00 |
| ലീസ് ഇൻകം | 6.00 | 8.00 |
| മറ്റ് സേവനങ്ങൾ | 10.37 | 11.51 |
| പലിശ | 52.00 | 60.00 |
| കോളേജ്/കോഴ്സ് അഫിലി | 1.00 | 2.00 |

| | | |
|---|---|---|
| യേഷ്ൻ ഫീസ് | | |
| സ്റ്റാഫ് കോർട്ടേഴ്സ് സർവ്വീസ് ചാർജ്ജ് / വാടക | 0.12 | 2.20 |
| മറ്റുള്ളവ | 0.67 | 1.44 |
| **ആകെ തുക** | **169.76** | **186.17** |

**2023 – 24 ചെലവ്**

അടുത്ത സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന പ്രധാന ചെലവുകൾ താഴെ കൊടുത്തിരിക്കുന്ന വിധമാണ്.

**പട്ടിക നാല് - ചെലവ്** (തുക കോടിയിൽ)

| പദ്ധതിയിതരം (Non - Plan) | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് **2022–23** | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് **2023–24** |
|---|---|---|
| ശമ്പളവും മറ്റ് അലവൻസുകളും | 201.05 | 232.69 |
| താത്ക്കാലിക /കരാർ ജീവനക്കാർക്കുള്ള വേതന | 52.19 | 58.16 |
| പെൻഷൻ | 164.10 | 166.10 |
| പരീക്ഷാ ചെലവുകൾ | 18.23 | 20.56 |
| ഗ്രാന്റും സ്കോളർഷിപ്പുകളും | 12.78 | 12.77 |
| നിർമ്മാണപ്രവർത്തനങ്ങൾ | 31.56 | 34.65 |
| പുതിയ വികസന പ്രവർത്തനങ്ങൾ | 6.00 | 7.00 |
| ഓഫീസ് ചെലവുകൾ | 1.70 | 1.73 |
| ഇലക്ട്രിസിറ്റി ചാർജ് | 4.28 | 4.43 |
| വാട്ടർ ചാർജ് | 1.47 | 2.24 |
| ബുക്ക്സ് ആന്റ് ജേർണൽ | 3.26 | 3.55 |
| എക്യുപ്മെന്റ് | 4.00 | 4.48 |
| ഫർണിച്ചർ | 1.66 | 1.27 |
| പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 3.09 | 2.56 |
| മറ്റുള്ളവ | 30.39 | 31.98 |

| ആകെ തുക | 535.76 | 584.17 |
|---|---|---|

**പെൻഷൻ**

പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും നോൺപ്ലാൻ ചെലവിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ്. നിലവിൽ 3000 ത്തോളം വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നു ്. പെൻഷൻ ചെലവിനായി വിനിയോഗിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക അഞ്ച് - പെൻഷൻ** (തുക കോടിയിൽ)

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2018 – 19 | 109.78 |
| 2019 – 20 | 117.18 |
| 2020 – 21 | 113.10 |
| 2021 – 22 | 158.08 |
| 2022 – 23 (RE) | 164.10 |
| 2023 – 24 (BE) | 166.10 |

**കഴിഞ്ഞ 5 വർഷങ്ങളിലെ പദ്ധതി-പദ്ധതിയിതര വിഹിതത്തിന്റെ സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു.**

**പദ്ധതിവിഹിതം (Plan)** (തുക കോടിയിൽ)

| വർഷം | ലഭിച്ച തുക |
|---|---|
| 2018 –19 | 17.54 |
| 2019 – 20 | 9.28 |
| 2020 – 21 | 7.55 |
| 2021 – 22 | 19.31 |
| 2022 – 23 | 10.50 |

**പദ്ധതിയിതര വിഹിതം (Non-Plan)** (തുക കോടിയിൽ)

| വർഷം | ലഭിച്ച തുക | |
|---|---|---|
| 2018 –19 | 310.05 | |
| 2019 –20 | 341.05 | |
| 2020 – 21 | 277.25 | |
| 2021 – 22 | 291.11 | സപ്ലിമെന്ററി ഡിമാന്റിൽ അനുവദിച്ച 20 കോടി രൂപ 2022-23 സാമ്പത്തിക വർഷം ലഭിച്ചിട്ടു ്. |
| 2022 – 23 | 290.00 | |

**സ്ഥിതിവിവരങ്ങൾ**

**സർവകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ**

**എ. പഠന/ഗവേഷണ വകുപ്പുകൾ, കേന്ദ്രങ്ങൾ**

വിവിധ പഠന/ഗവേഷണ വകുപ്പുകൾ, അക്കാദമിക സെന്ററുകൾ, സ്വാശ്രയാടിസ്ഥാനത്തിൽ സർവകലാശാല നേരിട്ടുനടത്തുന്ന സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങളിലായി 170 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു .

| ക്രമനമ്പർ | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1. | സർവകലാശാല പഠന/ ഗവേഷണ വകുപ്പുകൾ | 44 |
| 2. | അക്കാദമിക സെന്ററുകൾ | 69 |
| 3. | ബി. എഡ്. കേന്ദ്രങ്ങൾ | 10 |
| 4. | യു. ഐ. ടി. കൾ | 34 |
| 5. | യു. ഐ. എമ്മുകൾ | 7 |
| 6. | യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് കോളേജ് | 1 |
| 7. | യു.ജി.സി. ഹ്യൂമൻ റിസോഴ്സ്ഡെവലപ്മെന്റ് സെന്റർ | 1 |
| 8. | മലയാളം ലെക്സിക്കൺവിഭാഗം | 1 |
| 9. | കേരള യൂണിവേഴ്സിറ്റി സ്റ്റഡിസെന്ററുകൾ | 3 |
| | **ആകെ** | **170** |

**ബി. അഫിലിയേറ്റഡ് കോളേജുകൾ**

188 അഫിലിയേറ്റഡ് കോളേജുകളാണ് സർവകലാശാലയ്ക്കു കീഴിൽ പ്രവർത്തിക്കുന്നത്.

| ക്രമനമ്പർ | കോളേജുകൾ | എണ്ണം |
|---|---|---|
| 1. | ആർട്സ് & സയൻസ് കോളേജുകൾ | 113 |
| 2. | ബി.എഡ്./എം.എഡ്. കോളേജുകൾ | 46 |
| 3. | എം.ബി.എ./എം.സി.എ. കോളേജുകൾ | 13 |
| 4. | ലോ കോളേജുകൾ | 7 |
| 5. | ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ | 3 |
| 6. | മ്യൂസിക് & ഫൈൻ ആർട്സ് കോളേജുകൾ | 3 |
| 7. | ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് | 1 |
| 8. | സ്പെഷ്യൽ എഡ്യുക്കേഷൻ കോളേജ് | 1 |
| 9. | ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് | 1 |

| ആകെ | 188 |
|---|---|

**സി. സേവനകേന്ദ്രങ്ങൾ**

സർവകലാശാലയോടനുബന്ധിച്ച് വിവിധ സേവനങ്ങൾ നൽ കുന്ന 29 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

| ക്രമനമ്പർ | സേവനകേന്ദ്രങ്ങൾ | എണ്ണം |
|---|---|---|
| 1. | ലൈബ്രറി | 2 |
| 2. | ഹെൽത്ത് സെന്റർ | 2 |
| 3. | കമ്പ്യൂട്ടർ സെന്റർ | 1 |
| 4. | പ്രിന്റിംഗ് പ്രസ്സ് | 1 |
| 5. | Central Laboratory for Instrumentation &Facilitation (CLIF) | 1 |
| 6. | എഞ്ചിനീയറിംഗ് യൂണിറ്റ് | 1 |
| 7. | സ്റ്റുഡന്റ് സർവീസസ് | 1 |
| 8. | ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് | 1 |
| 9. | പ്രകാശനവിഭാഗം | 1 |
| 10. | യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ | |
| | ആന്റ്ഗൈഡൻസ് ബ്യൂറോ | 1 |
| 11. | പ്ലേസ്മെന്റ് സെൽ | 1 |
| 12. | ഫിനിഷിങ് സ്കൂൾ | 1 |
| 13. | ഐ.ക്യു.എ.സി. | 1 |
| 14. | ഹോസ്റ്റലുകൾ | 6 |
| 15. | കേരള യൂണിവ്ഴ്സിറ്റി ബിസിനസ് സ്റ്റാർട്ടപ് സെന്റർ | 1 |
| 16. | യൂണിവ്ഴ്സിറ്റി കൺസൾട്ടൻസി സെൽ | 1 |
| 17. | Entrepreneurship Development Cell | 1 |
| 18. | ഇന്റേണൽ കംപ്ലൈൻസ് കമ്മിറ്റി | 1 |
| 19. | Carrer Counselling & Testing Centre | 1 |
| 20. | നാഷണൽ സർവ്വീസ് സ്കീം | 1 |
| 21. | കേരള യൂണിവ്ഴ്സിറ്റി ജില്ലാതല ഇൻഫർമേഷൻ കേന്ദ്രങ്ങൾ | 2 |
| | **ആകെ** | **29** |

**കേരള സർക്കാരിന്റെ 2023-24 ലെ ബഡ്ജറ്റിൽ പ്ലാൻ ഫ ് ഇനത്തിൽ കേരള സർവകലാശാലയ്ക്കു 35.20 കോടി രൂപ വകയിരുത്തിയിട്ടു ്. പ്രസ്തുത ഫ ് ഉപ**

**യോഗിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.**

| *Sl. No.* | *Particulars* |
|---|---|
| 1. | Specific Projects |
| 2. | Infrastructure Development |
| 3. | Innovative Programmes and Research Projects |
| 4. | Purchase of Books and Journals |
| 5. | Seminars / Conferences / Workshops / Lecture Series / Symposia |
| 6. | Civil Works / New Buildings |
| 7. | New Centres / Inter University Centres & Strengthening of Centres / Inter University Centres |
| 8. | IT Enabled Academic Initiatives |
| 9. | Other Ongoing Works / Projects |

ബജറ്റിൽ വകയിരുത്തിട്ടുള്ള തുകയിൽ, അഞ്ചു കോടി രൂപ സെന്ററുകളുടെ ശാക്തീകരണത്തിനും, ര ു കോടി രൂപ. സർവകലാശാലയിലെ Centre for Agroecology & Public Health, Inter University Centre for Genomics and Gene Technology, Inter University Centre for Biodiversity Conservation & Bioresources Technology എന്നീ മൂന്നു സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങൾ (Cetres of Excellence) ആയി ഉയർത്തുന്നതിനും വേ ിയാണ് മാറ്റിവെച്ചിട്ടുള്ളത്.

സർവകലാശാലയുടെ ഈ കുതിപ്പിനു കരുത്തു തന്നത് കേരളത്തിന്റെ ജനകീയ സർക്കാരാണ്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും, ബഹു: ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവും, ബഹു: ധനകാര്യമന്ത്രി ശ്രീ. കെ.എൻ. ബാലഗോപാലും സർവകലാശാല വികസനത്തിൽ ചരിത്രനേട്ടം കൈവരിക്കുന്നതിൽ നിർണ്ണായകമായ ഇടപെടലുകൾ നടത്തി സഹായിച്ചത് ഞാനിവിടെ നന്ദിപൂർവ്വം സ്മരിക്കുന്നു. മഹത്തായ മുന്നേറ്റങ്ങളിലൂടെ ഉന്നത വിദ്യാഭ്യാസ മൂല്യങ്ങളുടെ ഉത്തുംഗതയിലേക്കാണ് കേരള സർവ്വകലാശാലയുടെ ഇപ്പോഴത്തെ സമീക്ഷ. അതിനു ശക്തിപകരുന്ന പുതിയ പദ്ധതികൾകൂടി സാഭിമാനം അവതരിപ്പിക്കുന്നു.

**1. കേരള സർവകലാശാലയെ ഗ്ലോബൽ പെർഫോമൻസിന് സജ്ജമാക്കാൻ ഇതര സ്ഥാപനങ്ങളുമായി കൈകോർക്കും.**

കേരളത്തിന്റെ മാതൃ സർവകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാവശ്യമായ വൈവിധ്യമാർന്ന പദ്ധതികൾ സാക്ഷാത്ക്കരിക്കുന്നതിനായി സഹകരിക്കാനാകുന്ന വ്യവസായ സ്ഥാപനങ്ങളും മറ്റിതര സ്ഥാപനങ്ങളും വ്യക്തികളുമായി കൈകോർക്കും. സർവകലാശാലയ്ക്കു കൂടുതൽ പശ്ചാത്തല സൗകര്യങ്ങളും സോഫിസ്റ്റിക്കേറ്റഡ് ലബോറട്ടറി ഉപകരണങ്ങളും കമ്പ്യൂട്ടേഷണൽ ലബോറട്ടറികളും പ്രഗല്ഭമായ മാനവശേഷിയും കൂടുതൽ ആവശ്യമു ്. അതിനുകൂടി പര്യാപ്തമായ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. എല്ലാ മേഖലകളിലേയും സ്റ്റാർട്ടപ്പുകൾക്ക് വ്യാവസായിക ഇടനാഴികൾ തുറന്നുനൽകിയും കേരള സർക്കാർ അനുവദിച്ചുനൽകിയ ട്രാൻസിലേഷണൽ

റിസർച്ച് സെന്റർ സമ്പൂർണ്ണമായും പ്രവർത്തിപഥത്തിലെത്തിച്ചും നമുക്ക് അതിവേഗം മുന്നോട്ടുപോകണം. പേറ്റന്റുകളും പ്രസിദ്ധീകരണങ്ങളും ഫലപ്രദമാക്കുന്നതിന് മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിനും പ്രത്യേക ഗവേണിംഗ് ബോഡികൾ രൂപീകരിക്കണം. കൺസൾട്ടൻസികളും പുറത്തുനിന്നുള്ള സാമ്പിൾ അനാലിസിസിനും മാർഗ്ഗം സൃഷ്ടിക്കുന്ന ഗവേഷണങ്ങൾക്ക് വരുമാനത്തിന്റെ നിശ്ചിത ശതമാനം ഇൻസെന്റീവ് നൽകി പ്രോത്സാഹിപ്പിക്കാനാകണം. വിവിധ പദ്ധതികൾക്കായി പുറത്തുനിന്നു ഫ ുകൾ ശേഖരിക്കുന്നവർക്ക് ഗവേഷണത്തിന് കൂടുതൽ ഇന്റേണൽ ഫ ും പ്രത്യേക പരിഗണനയും സാധ്യമാക്കണം. സർവകലാശാലയുടെ വിവിധ സേവന പ്രവർത്തനങ്ങളിൽനിന്നും ബിൽഡിങ്ങുകളിൽനിന്നും കൃത്യമായ വരുമാനം ലഭ്യമാക്കുന്ന ക്രമീകരണങ്ങൾ സാധ്യമാക്കണം. വിവിധ MOOC കോഴ്സുകളും ഓൺലൈൻ കോഴ്സുകളും ആവശ്യകത അനുസരിച്ച് സംഘടിപ്പിക്കുന്നതിനു സംവിധാനം ഒരുക്കണം. ക്ലിഫിന്റെ ലബോറട്ടറി സാധ്യതകൾ, ഓറിയന്റൽ ലൈബ്രറിയുടെ ഡിജിറ്റലൈസ് ചെയ്ത് വിജ്ഞാന സ്രോതസ്സുകൾ, യൂണിവേഴ്സിറ്റി ലൈബ്രറിയുടെ സാധ്യതകൾ, സർവകലാശാല ലെക്സിക്കണിന്റെ പ്രസിദ്ധീകരിച്ച വാല്യങ്ങൾ, ഇവയെല്ലാം നിശ്ചിത ഫീസ് ഈടാക്കി പൊതുസമൂഹത്തിന് ഉപയോഗിക്കാനാകുന്ന തരത്തിൽ ഓൺലൈനായി ക്രമീകരിക്കുന്നതിനുകൂടി നടപടികൾ സ്വീകരിക്കണം. ഇത്യാദി ഒട്ടേറെ സാധ്യതകളെ വളർത്തിയും പുതുക്കി രൂപീകരിച്ചും അതിന് സഹായ സംവിധാനങ്ങൾ നൽകുന്ന യോഗ്യരായ സ്ഥാപനങ്ങളോ വ്യക്തികളുമായോ സഹകരിച്ച് സർവകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് കൊ ുപോകാനാവശ്യമായ ഊർജ്ജം ആർജ്ജിക്കുന്നതിനും തീരുമാനിക്കുന്നു. എല്ലാ പഠനവകുപ്പുകളും സെന്ററുകളും ഇതരസ്ഥാപനങ്ങളുമായി കൈകോർത്ത് ഒരുപദ്ധതിയെങ്കിലും ഓരോ വർഷവും യാഥാർത്ഥ്യമാക്കണം. ഈ തരത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംഘടിപ്പിക്കുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രത്യേകവിഭാഗം രൂപീകരിച്ച് സമർത്ഥമായ നേതൃത്വവും സിംഗിൾ വിൻഡോ സംവിധാനവും ഏർപ്പെടുത്തും.

**2. ഓഗ്മെന്റഡ് റിയാലിറ്റിക്കും വെർച്വൽ റിയാലിറ്റിക്കും പരിശീലനമൊരുക്കാൻ ലബോറട്ടറി സ്ഥാപിക്കും.**

ഡിജിറ്റൽവൽക്കരണത്തിന്റെ നൂതന മാർഗ്ഗങ്ങളായ ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി എന്നീ സാങ്കേതിക വിദ്യകൾ പുതിയ ലോകപരിസ്ഥിതിയുടെ സംവേദനാത്മക അനുഭവമാണ്. സമൂഹത്തിൽ വലിയ മാറ്റങ്ങൾ സാധ്യമാക്കുന്ന പ്രസ്തുത മേഖലകളിൽ തലമുറയ്ക്കു യോഗ്യമായ പരിശീലനം സാധ്യമാക്കാനുതകുന്ന അത്യാധുനിക ലബോറട്ടറി കാര്യവട്ടം കാമ്പസിലെ ക്ലിഫിൽ സ്ഥാപിക്കും. ഏതു വിദ്യാർത്ഥിക്കും പ്രസ്തുത പരിശീലന പദ്ധതിക്ക് പങ്കെടുക്കാനാകുന്ന തരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ഇതിനായി **1 കോടി രൂപ** വകയിരുത്തുന്നു.

**3. ഗവേഷണ മേഖലയെ ക്രിയാത്മകമാക്കാൻ 'സ്കോളേഴ്സ് വാലി' സ്ഥാപിക്കും.**

ഏറെ പ്രസക്തമായ ഒട്ടേറെ ഗവേഷണ നേട്ടങ്ങളാണ് സർവകലാശാലയ്ക്കുള്ളത്. അവയുടെ സദ്ഫലങ്ങൾ പൂർണ്ണമായും സമൂഹത്തിന് ഗുണകരമായിത്തീരുമ്പോഴാണ് ഗവേഷണം അർത്ഥപൂർണ്ണമാകുന്നത്. ലോകത്തെ വലിയ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനും സമൂഹമാറ്റത്തിനുതകുന്ന വ്യവസായിക, സാമൂഹിക, സാമ്പത്തിക, വാണിജ്യ, മാനവിക മേഖലകളെ വരുംകാലത്തിനനുസരിച്ച് സജ്ജമാക്കുന്നതിനും പര്യാപ്തമാകണം ഗവേഷണം. അതിനു യോഗ്യമായ ദിശാബോധം ഗവേഷണ മേഖലയ്ക്ക് നൽകാനാകുന്ന പ്രഗല്ഭരെയെല്ലാം ചേർത്ത് 'സ്കോളേഴ്സ് വാലി' തീർക്കും. സ്കോളേഴ്സ് വാലിയുടെ നിർദ്ദേശ

ങ്ങൾകൂടി പരിഗണിച്ചാകും ഓരോവർഷവും സർവകലാശാല ഗവേഷണ മേഖലകളെ നിശ്ചയിക്കുന്നത്. സക്രിയമായ ഗവേഷണ നേട്ടങ്ങൾ ഇത് സമൂഹത്തിന് സമ്മാനിക്കുമെന്ന് കരുതുന്നു. ഈ പദ്ധതിക്കായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**4. ഏ. ആർ. രാജരാജവർമ്മ സ്മാരക ട്രാൻസിലേഷൻ സ്റ്റഡീ സെന്റർ സ്ഥാപിക്കും.**

സമസ്ത മേഖലയിലേയും വിജ്ഞാനത്തെ മാതൃഭാഷയിൽ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ വൈജ്ഞാനിക സമൂഹനിർമ്മിതിക്ക് ഏറെ സംഭവാനകൾ നൽകും. ലോകത്തെ വിവിധ അറിവുകൾ മാതൃഭാഷയിൽ ലഭിക്കാനുള്ള നിരന്തരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുകയാണ് ഏ.ആർ. രാജരാജവർമ്മ സ്മാരക ട്രാൻസിലേഷൻ സ്റ്റഡീ സെന്ററിന്റെ പ്രവർത്തന ലക്ഷ്യം. നവസമൂഹത്തെ സൃഷ്ടിക്കുന്നതിന് മികച്ച സംഭാവനകൾ നൽകിയവർക്ക് ഉചിതമായ സ്മാരകം കേരള സർവകലാശാല എക്കാലവും നിർമ്മിച്ചിട്ടു ്. മഹാത്മാഗാന്ധി, കാറൽ മാർക്സ്, ഡോ. കെ. ആർ. നാരായണൻ, ബി. ആർ. അംബേദ്കർ, ഇ.എം.എസ്., വി. കെ. കൃഷ്ണമോനോൻ, മഹാത്മാ അയ്യൻകാളി, സി. വി. രാമൻ, രാമാനുജൻ, ഒ.എൻ.വി., അയ്യപ്പപ്പണിക്കർ, സുഗതകുമാരി, ജാനകി അമ്മാൾ തുടങ്ങിയ ശ്രേഷ്ഠവ്യക്തികളുടെ സ്മാരകങ്ങൾ ഉദാഹരണം. ഭാഷാധൈഷണികതയുടെ എക്കാലത്തേയും വെളിച്ചമായ ഏ.ആർ. രാജരാജവർമ്മയുടെ ശ്രേഷ്ഠ സ്മാരകമായി ഈ സെന്റർ സ്ഥാപിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ നവസമൂഹനിർമ്മിതിയിൽ പുതിയൊരു പാതകൂടി തുറക്കാൻ സർവകലാശാലക്കാകും. ഇതിനായി **50 ലക്ഷം രൂപ** അനുവദിക്കുന്നു.

**5. സർവ്വകലാശാലയിൽ വെർചൽ I.T. കേഡർ വിപുലീകരിക്കുന്നതിനും സർവ്വകലാശാല സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുമുള്ള പരിപാടി.**

സർവ്വകലാശാലയിൽ കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ച വെർചൽ I.T. കേഡർ സ്ഥാപിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനം നൽകുന്ന പ്രവർത്തനം നടന്നുവരുന്നു. I.T. മിഷൻ സഹായത്തോടെ ഡിജിറ്റൽ സർവ്വകലാശാലയാണ് ഈ പ്രവർത്തനം നടത്തിവരുന്നത്. ഈ പരിശീലനം പരമാവധി ജീവനക്കാർക്ക് നൽകുന്ന നടപടി തുടരേ തു ്.

സർവ്വകലാശാല സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ പരിശീലന പരിപാടി നടന്നുവരുകയാണ്. H.R.D.C യുടെയും, കമ്പ്യൂട്ടർ സെന്ററിന്റെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിലവിലുള്ള ജീവനക്കാർക്ക് പരിശീലനം തുടരുന്നതിനും, പുതുതായി വരുന്ന ജീവനക്കാർക്ക് അതാതു ഘട്ടങ്ങളിൽ പരിശീലനം നൽകുന്നതിനും. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**6. കാര്യവട്ടം കാമ്പസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന റീഡിംഗ് ഹാൾ സ്ഥാപിക്കും.**

സർവ്വകലാശാല പഠനവകുപ്പുകളിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും സ്വതന്ത്രമായ പഠനഗവേഷണ സാധ്യതകൾക്ക് പര്യാപ്തമാകുന്ന തരത്തിൽ 100 പേർക്ക് ഒരേ സമയം ഉപയോഗിക്കാനാകുന്ന ആധുനിക സൗകര്യങ്ങളും സംവിധാനങ്ങളുമുള്ള റീഡിംഗ് ഹാൾ ക്യാമ്പസിൽ പുതുതായി നിർമ്മിക്കും. ഇരുപത്തിനാലു മണിക്കൂറും ഈ ഹാളിന്റെ പ്രവർത്തനം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കും. കാമ്പസ് ലൈബ്രറിയോടു ചേർന്നാണ് റീഡിംഗ് ഹാൾ നിർമ്മിക്കുന്നത്. ഇതിനായി **ഒരു കോടി രൂപ** വകയിരുത്തുന്നു.

**7. അന്തർദ്ദേശീയ ശ്രീനാരായണ പഠനഗവേഷണകേന്ദ്രത്തിൽ ശ്രീനാരായണോളജിയിൽ ഡിപ്ളോമ കോഴ്സ് സംഘടിപ്പിക്കും**

കേരളത്തിന്റെ നവോത്ഥാനവെളിച്ചമായ ശ്രീനാരായണദർശനത്തിന്റെ സമഗ്രപഠനത്തിന് വഴിതുറക്കുന്ന തരത്തിൽ ശ്രീനാരായണോളജിയിൽ ഡിപ്ളോമ കോഴ്സുകൾ നടത്തും. സർവകലാശാലയുടെ അന്തർദ്ദേശീയ ശ്രീനാരായണ പഠനഗവേഷണകേന്ദ്രത്തിന്റ ചുമതലയിലാണ് കോഴ്സുകൾ നടത്തുന്നത്. ഇതിന്റെ ആദ്യവർഷ പ്രവർത്തനങ്ങൾക്കും സജ്ജീകരണങ്ങൾക്കുമായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**8. മഹാകവി കുമാരനാശാൻ പഠനങ്ങൾ സമാഹരിക്കും.**

മഹാകവി കുമാരനാശാൻ ജനിച്ചിട്ട് 150 വർഷവും അന്തരിച്ചിട്ട് 100 വർഷവും ആയിരിക്കുന്നു. ആശാനെ അറിയുവാൻ പ്രാപ്തമായ 100 പഠനങ്ങൾ സമാഹരിക്കുന്നത്, കുമാരനാശാന് സർവ്വകലാശാല നൽകുന്ന ആദരമായിരിക്കും. സർവ്വകലാശാല പ്രകാശന വിഭാഗത്തിന് ഇതിനായി **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**9. ഡിപ്പാർട്ട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജിയിൽ സമുദ്ര സാക്ഷരത സംബന്ധിച്ച ഓൺലൈൻ കോഴ്സുകൾ ആരംഭിക്കും.**

സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി വകുപ്പിന് ലോകത്തെ പ്രധാനപ്പെട്ട എട്ട് സർവ്വകലാശാലകളുമായി ചേർന്ന് സമുദ്ര നിരീക്ഷണ പരീക്ഷണശാല സ്ഥാപിക്കാൻ യൂറോപ്യൻ കമ്മീഷൻ ഒരു കോടി രൂപയോളം ലഭ്യമാക്കിയിട്ടു ്. പ്രസ്തുത പ്രോജക്ടിന്റെ തുടർച്ചയായി സമുദ്രങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയും അതിന്റെ സാധ്യതകളെപ്പറ്റിയും അവബോധം സൃഷ്ടിക്കാനാകുന്നതരത്തിൽ സമുദ്ര സാക്ഷരത എന്ന വിഷയത്തിൽ ഇന്റർനാഷണൽ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) രാജ്യത്താദ്യമായി കേരള സർവ്വകലാശാലയിൽ ആരംഭിക്കും. പ്രസ്തുത കോഴ്സിന്റെ ഇ- ക ന്റ് വികസിപ്പിക്കാനും സോഫ്റ്റ്‌വെയർ, വെബ്സൈറ്റ് എന്നിവ സജ്ജീകരിക്കുവാനുമായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**10. 'ബോൺസായ്' തോട്ടവും ജല ഉദ്യാനവും ബോട്ടണി പഠന വകുപ്പിന് സമീപം ഒരുക്കും.**

സർവ്വകലാശാലയുടെ ബോട്ടണി പഠനവകുപ്പിന് സമീപം വന്മരങ്ങളുടെ വളർച്ച നിയന്ത്രിച്ചു വളർത്തുന്ന ഒരു ബോൺസായ് ഉദ്യാനവും ബോട്ടണി പഠനവകുപ്പിന് സമീപത്തുള്ള തടാകം സംരക്ഷിച്ചുകൊ ് അപൂർവ്വ ജലസസ്യങ്ങളുടെ ഉദ്യാനവും സ്ഥാപിക്കും. ഇതിനായി **4 ലക്ഷം രൂപ** അനുവദിക്കും.

**11. കേരള യൂണിവേഴ്സിറ്റി ട്രാൻസിലേഷണൽ റിസേർച്ച് & ഇന്നവേഷൻ സെന്റർ യാഥാർത്ഥ്യമാകുന്നു.**

സമൂഹ നിർമ്മിതിയിലേക്ക് പഠനഗവേഷണങ്ങൾക്ക് വാതിൽ തുറക്കുന്ന ട്രാൻസിലേഷണൽ റിസേർച്ച് & ഇന്നവേഷൻ സെന്റർ കേരള സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ സ്ഥാപിക്കുന്നതിൽ കേരള സർക്കാർ കാട്ടിയ താല്പര്യത്തെ സർവ്വകലാശാല അഭിമാനപൂർവ്വവും ഏറെ നന്ദിയോടെയും സ്മരിക്കുന്നു. 25 കോടി രൂപയാണ് കിഫ്ബി വഴി ഇതിനായി അനുവദിച്ചു നൽകിയത്. ഇതിനുള്ള കെട്ടിടമുൾപ്പെടെ ഉള്ള നിർമ്മാണം ഈ പദ്ധതിയുടെ ഭാഗമാണ്. കെട്ടിടനിർമ്മാണത്തിനു കാത്തുനിൽക്കാതെ കാമ്പസിലെ 'കാസി'യുടെ കെട്ടിടം ഉപയോഗപ്രദമാക്കി താൽക്കാലികകേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കും. സർവ്വകലാശാല ഗവേഷണരംഗത്ത് വലിയ മാറ്റങ്ങൾക്ക് കാരണമാകാവുന്ന പ്രസ്തുത സെന്ററിൽ ലബോറട്ടറിയും അനുബന്ധ പ്രവർത്തന സംവിധാനങ്ങൾക്കുമായി **50 ലക്ഷം രൂപ** അനുവദിക്കുന്നു.

**12. കേരള സമ്മേളനം കാര്യവട്ടം കാമ്പസിൽ സംഘടിപ്പിക്കും.**

കേരളത്തിന്റെ സാംസ്കാരിക ജീവിതത്തെ അടുത്തറിയാൻ പര്യാപ്തമാകുന്ന വൈവിദ്ധ്യമാർന്ന പരിപാടികളും, പുസ്തകോത്സവവും, കലാമേളകളും, സാഹിത്യ സാംസ്കാരിക സദസ്സുകളും ഉൾക്കൊള്ളുന്ന കേരള സമ്മേളനം സംഘടിപ്പിക്കും. കാര്യവട്ടം കാമ്പസിൽ ഒരാഴ്ച നീ  ുനിൽക്കുന്ന പരിപാടികൾ മലയാളം, കേരള സ്റ്റഡീസ് വകുപ്പുകൾ നേതൃത്വം നൽകിയാണ് സംഘടിപ്പിക്കുന്നത്. ഇതിനായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**13. കാര്യവട്ടം കാമ്പസിൽ റോസ് ഗാർഡൻ ഒരുക്കും.**

കാര്യവട്ടം കാമ്പസിലെ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ലോകത്തിലെ വൈവിധ്യമാർന്ന റോസാചെടികൾ നട്ട് സംരക്ഷിച്ച് വളർത്തും. അപൂർവ്വ ഇനം 'റോസ്' ചെടികളുടെ സംരക്ഷണത്തിനും ശ്രദ്ധേയമായ 'റോസ് ഗാർഡൻ' കാമ്പസിൽ രൂപപ്പടുന്നതിനും സാധ്യതയൊരുക്കും. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു. സർവ്വകലാശാലയുടെ ജൈവവൈവിദ്ധ്യ ഗവേഷണ കേന്ദ്രത്തിനാണ് പദ്ധതിയുടെ ചുമതല.

**14. ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രിയിൽ ഫങ്ങ്ഷണൽ മെറ്റീരിയൽസ് ലബോറട്ടറി സൗകര്യം ഒരുക്കും**

സർവകലാശാലയുടെ കെമിസ്ട്രി പഠനവകുപ്പിൽ പുതുതായിതുടങ്ങിയ എം.എസ്സി കെമിസ്ട്രി (ഫങ്ങ്ഷണൽ മെറ്റീരിയൽസ്) ആവശ്യത്തിനായുള്ള ലബോറട്ടറി സംവിധാനങ്ങൾ ഒരുക്കുന്നതിന് **40 ലക്ഷം രൂപ** അനുവദിക്കുന്നു.

**15. ക്ലിഫിനെ ഏറ്റവും മികച്ച സെൻട്രൽ ലബോറട്ടറി ആക്കി ത്തീർക്കും.**

കേരളത്തിലെ ഗവേഷണ, പഠനരംഗത്തിന് നിസ്തുല സംഭാവനകൾ നൽകുന്ന തരത്തിൽ സർവകലാശാലയുടെ സോഫിസ്റ്റിക്കേറ്റഡ് ലബോറട്ടറിയെ ലോകോത്തരമാക്കും. കിഫ്ബി പദ്ധതിയിലൂടെ 49 കോടി രൂപയാണ് ക്ലിഫിൽ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള സർക്കാർ നൽകിയത്. കേരളത്തിലെ മുഴുവൻ ഗവേഷകർക്കും ഉപയോഗിക്കാവുന്ന തരത്തിൽ ക്ലിഫിനെ മാതൃകാ സ്ഥാപനമാക്കും. ഈ ലബോറട്ടറിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

**16. സർവകലാശാലയുടെ ഇന്റർ നാഷണൽ സെന്ററുകളിൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കും.**

കേരള സർവകലാശാലയുടെ ഇന്റർനാഷണൽ സെന്ററുകളിൽ ഡിഗ്രിയും പോസ്റ്റ് ഗ്രാജ്വേഷനും ചേർന്ന ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിന് അനുമതി നൽകും. ഇതിനാവശ്യമായ സംവിധാനങ്ങൾക്കും സിലബസുകൾ രൂപീകരിക്കുന്നതിനും സമിതികൾ രൂപീകരിക്കും. ഇതിന്റെ പ്രാഥമിക ആവശ്യങ്ങൾക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**17. നിയമ പഠനവകുപ്പിലും വിദ്യാഭ്യാസ പഠനവകുപ്പിലും ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ അടുത്ത അക്കാദമിക് വർഷം ആരംഭിക്കും.**

ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പ്രോഗ്രാമുകളും ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷണൽ പ്രോഗ്രാമുകളും കേരള സർവകലാശാലയുടെ നിയമ പഠന വകുപ്പിലും വിദ്യാഭ്യാസ പഠന വകുപ്പിലും അടുത്ത അക്കാദമിക് വർഷം ആരംഭിക്കാൻ തീരുമാനിക്കുന്നു. പ്രസ്തുത പ്രോഗ്രാമുകളുടെ നടത്തിപ്പിനായി ഓരോ പഠന വകുപ്പിനും 5 ലക്ഷം രൂപാ വീതം **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**18. ടെക്നോ പാർക്കുമായി സഹകരിച്ച് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിനെ മികച്ച പഠനകേന്ദ്രമാക്കും.**

കേരള സർവകലാശാലയുടെ സഹോദരസ്ഥാപനമാണ് ടെക്നോപാർക്ക്. ടെക്നോപാർക്കിന്റെ സൗകര്യങ്ങളും സാധ്യതകളും ഉപയോഗിക്കാനാകുന്ന തരത്തിൽ സർവകലാശാല എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനങ്ങളെ ക്രമീകരിക്കും. എഞ്ചിനീയറിംഗ് കോളേജിന്റെ വളർച്ചയിൽ വലിയ മാറ്റങ്ങൾക്ക് വഴിതുറക്കും എന്നതാണ് പ്രതീക്ഷിക്കുന്നത്. മികച്ചനിലയിൽ പ്രവർത്തിക്കുന്ന നമ്മുടെ എഞ്ചിനീയറിംഗ് കോളേജ് ടെക്നോപാർക്കുമായി നേരിട്ടോ അല്ലാതെയോ സഹകരിച്ച് പ്രവർത്തന സജ്ജമാക്കുന്നത് കോളേജിന്റെയും വിദ്യാർത്ഥികളുടെയും ഭാവി കൂടുതൽ മികവുറ്റതാക്കും. അതിന് പര്യാപ്തമാകുന്ന പദ്ധതികൾക്കും നടപടികൾക്കും അംഗീകാരം നൽകുന്നു. ഇതിനായി **10 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**19. കാര്യവട്ടം കാമ്പസിൽ അക്വാട്ടിക് കോപ്ലംക്സ് സ്ഥാപിക്കും.**

അംഗീകാരങ്ങളുടെ മികവിലാണ് കേരള സർവകലാശാല. സൗകര്യ വികസനത്തിൽ മാതൃകാപരമായ മുന്നേറ്റമാണ് സർവകലാശാലയിൽ നടന്നുവരുന്നത്. അക്വാട്ടിക് കോപ്ലംക്സിന്റെ കുറവ് പരിഹരിക്കാൻ കഴിയുന്ന തരത്തിൽ സഹായം നൽകാൻ കഴിയുന്ന അംഗീകൃത ഏജൻസികളുമായി ചേർന്ന് സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഹൈമാവതി കുളത്തിനു സമീപം സ്വിമ്മിംഗ് പൂൾ ഉൾപ്പടെയുള്ള അക്വാട്ടിക് കോംപ്ലക്സ് സ്ഥാപിക്കും. ഇതിന്റെ പ്രഥാമിക പ്രവർത്തനങ്ങൾക്കായി **50 ലക്ഷം രൂപ** അനുവദിക്കുന്നു.

**20. കെ.യു. റേഡിയോ പ്രവർത്തനം തുടങ്ങും.**

സർവകലാശാലയുടെ മുഴുവൻ വിവരങ്ങളും പൊതുസമൂഹത്തിൽ എത്തിക്കാൻ പര്യാപ്തമാകുന്ന വിധത്തിൽ കേരള സർവകലാശാല കെ.യു. റേഡിയോ ആരംഭിക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്കായി **50 ലക്ഷം രൂപ** കരുതുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പി.ആർ.ഒ. ഓഫീസിനെ ചുമതലപ്പെടുത്തുന്നു.

**21. യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ഡിജിറ്റൽ റീഡിങ്ങിന് ടാബുകൾ സജ്ജീകരിക്കും.**

സർവകലാശാലയുടെ അഭിമാനമായ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ എല്ലാ ജേണലുകളും വായിക്കാനാകുന്ന തരത്തിൽ 25 ടാബ്ലെറ്റുകൾ സജ്ജീകരിക്കും. ഇ-റീഡിങ്ങിന്റെ വലിയ സാധ്യതകൾ തുറന്നുവയ്ക്കുക എന്നതാണ് ഇതുകൊ ് ഉദ്ദേശിക്കുന്നത്. ഇതിനും അനുബന്ധ സൗകര്യങ്ങൾക്കുമായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**22. അന്തർദ്ദേശീയ കോൺഫറൻസുകളിൽ സംബന്ധിക്കുന്നതിന് പഠന വകുപ്പുകളിലെ അദ്ധ്യാപകർക്കും ഗവേഷകർക്കും സഹായം നൽകും.**

അന്തർദ്ദേശീയ കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും അനുമതി ലഭ്യമായിട്ടുള്ള അദ്ധ്യാപകർക്കും ഗവേഷകർക്കും യാത്രാബത്ത നൽകുന്നതിനായി **25 ലക്ഷം രൂപ** അനുവദിക്കുന്നു. ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനം സിൻഡിക്കേറ്റ് ചുമതലപ്പെടുത്തുന്ന സമിതി കൈക്കൊള്ളും.

**23. പഠനവകുപ്പുകളിലെ അദ്ധ്യാപകർക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് സൗകര്യമൊരുക്കും.**

കേരള സർവകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകർക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് പ്രത്യേക സൗകര്യം അനുവദിക്കും. അദ്ധ്യാപക സ്റ്റാർട്ടപ്പുകൾക്കും ഇതര സ്റ്റാർട്ടപ്പുകൾക്കും സഹായം നൽകുന്നതിനായി **25 ലക്ഷം രൂപ** ക്യുബിക്കിന് അനുവദിക്കുന്നു.

**24. കാര്യവട്ടം കാമ്പസിന് അനുയോജ്യമായ കവാടം നിർമ്മിക്കും.**

നാക് റീ അക്രിഡിറ്റേഷനിൽ A++ നേടിയ കേരള സർവകലാശാലയുടെ അക്കാദമിക കേന്ദ്രമാണ് കാര്യവട്ടം കാമ്പസ്. രാജ്യത്തെ പ്രമുഖ സർവകലാശാലകളുടേതുപോലെ കാര്യവട്ടം കാമ്പസിന്റെ പ്രൗഢി വെളിപ്പെടുത്തുന്നവിധം ഒരു പ്രവേശന കവാടവും അനുബന്ധ സൗകര്യങ്ങളും രൂപപ്പെടുത്തേ ത് അനിവാര്യമാണ്. തിരുവനന്തപുരം സി.ഇ.ടി. യുടെ സഹായത്തോടെ അതിനു പര്യാപ്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടു ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണത്തിന് **1 കോടി രൂപ** വകയിരുത്തുന്നു. കഴിഞ്ഞവർഷം ബഡ്ജറ്റിലൂടെ വിഭാവനചെയ്തിരുന്ന നവോത്ഥാന വീഥിയുടെ ഭാഗമായ നവോത്ഥാന നായകരുടെ ചിത്രങ്ങളും ഇരിപ്പിടങ്ങളും അലുമ്നി വഴി നടപ്പിലാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. കാര്യവട്ടത്തെ ഇരുകാമ്പസുകളെയും ബന്ധിപ്പിക്കുന്ന മേൽപ്പാലത്തിന് സംസ്ഥാനസർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

**25. സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ മികച്ച ഗവേഷണ കേന്ദ്രങ്ങളെ സാറ്റലൈറ്റ് ഗവേഷണ കേന്ദ്രങ്ങളായി ഉയർത്തും.**

ഗവേഷണ പ്രവർത്തനങ്ങൾക്ക് കേരള സർവകലാശാല മാതൃകാപരമായ സഹായവും പിന്തുണയുമാണ് അഫിലിയേറ്റഡ് കോളേജുകളിലെ സെന്ററുകൾക്ക് നൽകിവരുന്നത്. എല്ലാ ഗവേഷകർക്കും ഫെലോഷിപ്പ് നൽകുന്ന മാതൃകാപരമായ പ്രവർത്തിയാണ് കേരള സർവകലാശാലയുടേത്. സർവകലാശാലയുടെ മികച്ച ഗവേഷണ കേന്ദ്രങ്ങളെ കെ ത്തി പ്രോത്സാഹിപ്പിക്കേ ത് അത്യാവശ്യമാണ്. വിവിധ വിഷയങ്ങളിലായി ഓരോ വർഷവും തിരഞ്ഞെടുക്കപ്പെടുന്ന 5 ഗവേഷണ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപാ വീതം ഗവേഷണ സൗകര്യ വികസനത്തിന് സർവകലാശാല നൽകും. ഇതിനായി ഈ വർഷം 10 ലക്ഷം രൂപ നീക്കിവയ്ക്കും. മാത്രമല്ല ഇത്തരം സെന്ററുകളെ സർവകലാശാലയുടെ എല്ലാ സാധ്യതകളും നേരിട്ട് ഉപയോഗിക്കാനാകുന്ന സെന്ററുകളായി അംഗീകരിക്കും. ഇത് സർവകലാശാലയുടെ ഗവേഷണ പഠന പ്രവർത്തനങ്ങൾക്ക് കൂടുതൽ തിളക്കം നല്കുമെന്ന് കരുതുന്നു.

**26. ജിയോളജി പഠനവകുപ്പിന്റെ വജ്രജൂബിലി ആഘോഷം വിപുലമായി സംഘടിപ്പിക്കും.**

നീ 60 വർഷക്കാലത്തെ ഗൗരവമാർന്ന പഠന-ഗവേഷണങ്ങളാണ് ജിയോളജി പഠനവകുപ്പ് പൂർത്തീകരിച്ചിട്ടുള്ളത്. വജ്രജൂബിലി ആഘോഷം കൂടുതൽ മികച്ച പഠനഗവേഷണത്തെ അടിസ്ഥാനമാക്കി വൈവിധ്യമാർന്ന പരിപാടികളിലൂടെ സംഘടിപ്പിക്കുന്നതിന് ജിയോളജി വകുപ്പിന് **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**27. കേരള സർവകലാശാലയുടെ സംഗീത വിഭാഗത്തിൽ സ്വാതിതിരുന്നാൾ സ്മാരക റെക്കോർഡിംഗ് സ്റ്റുഡിയോ സ്ഥാപിക്കും.**

സംഗീതപഠന - ഗവേഷണത്തിന് നവസാധ്യതകൾ സമ്മാനിക്കുന്നതിനുതകുന്ന അത്യാധുനിക സംവിധാനങ്ങളുള്ള ഒരു റെക്കോർഡിംഗ് സ്റ്റുഡിയോ സിൽവർ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സർവകലാശാലയുടെ സംഗീത വിഭാഗത്തിൽ സ്ഥാപിക്കും. ഇത് സ്വാതിതിരുന്നാൾ സ്മാരക റിക്കോർഡിംഗ് സ്റ്റുഡിയോ എന്ന പേരിലാണ് സ്ഥാപിക്കുന്നത്. പൈതൃകത്തനിമ പ്രകാശിക്കുന്ന നിർമ്മാണ ശൈലി ഇതിനായി സ്വീകരിക്കും. പ്രസ്തുത സ്റ്റുഡിയോ നിർമ്മാണത്തിനായി **1 കോടി രൂപ** അനുവദിക്കുന്നു.

**28. സയൻസ് പോളിസി ഇൻസ്റ്റിട്യൂട്ട് തുറക്കും.**

കേരള - കേന്ദ്ര പദ്ധതികൾ സ്വന്തമാക്കാനുതകുന്നതും പേറ്റന്റ് - ഇൻക്യുബേഷൻ സൗകര്യത്തിന്റെ വ്യാപനം, സ്റ്റാർട്ടപ്പുകളുടെ പരിപോഷണം എന്നിവയ്ക്ക് ഊന്നൽ നൽകു

ന്നതിനും ഉപയുക്തമായ പഠനാന്വേഷണങ്ങൾക്ക് വഴിതുറക്കുന്ന തരത്തിൽ ഒരു സയൻസ് പോളിസി ഇൻസ്റ്റിട്യൂട്ട് കേരള സർവകലാശാലയിൽ തുറക്കും. ഇത് രാജ്യത്ത് നിലവിലുള്ള സയൻസ് പോളിസി ഇൻസ്റ്റിട്യൂട്ടുകളുടെ ശൃംഖലയുമായി ചേർക്കും. സർവകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിനാകും ഇതിന്റെ ചുമതല. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

### 29. വെഞ്ചർ ക്യാപ്പിറ്റൽ ഫ ് (Venture Capital Fund) മാതൃകയിൽ ഫ ് രൂപീകരിച്ച് സ്റ്റാർട്ടപ്പുകളും ഗവേഷണവും ശാക്തീകരിക്കും.

പഠന ഗവേഷണങ്ങളിലെ വ്യവസായ, വാണിജ്യ സാധ്യതകളെ പരിപോഷിപ്പിക്കാനാകുന്ന തരത്തിൽ ഗവേഷകർക്കും അദ്ധ്യാപകർക്കും സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനുള്ള എല്ലാ അവസരങ്ങൾക്കും വഴിതുറക്കും. ഇതിന്റെ പ്രവർത്താനാവശ്യങ്ങൾക്കായും ഗവേഷണത്തെ പരിപോഷിപ്പിക്കാനുമായി വെഞ്ചർ ക്യാപ്പിറ്റൽ ഫ ് മാതൃകയിൽ പ്രത്യേക ഫ ് രൂപീകരിക്കും. സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ധനസഹായം നൽകുകയും പ്രവർത്തനവഴികൾ തിരിച്ചടവ് സാധ്യമാക്കുകയും ചെയ്യുന്ന തരത്തിൽ പ്രസ്തുത ഫ ് ഉപയോഗിക്കാനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തും. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

### 30. ജൈവ വൈവിധ്യ കേന്ദ്രത്തിൽ ആദിവാസി ജനവിഭാഗത്തിന്റെ കരകൗശല മ്യൂസിയം സ്ഥാപിക്കും.

കേരളത്തിലും ഇന്ത്യയിലുമുള്ള ആദിവാസി വിഭാഗങ്ങൾ അവരുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി വിവിധതരം കരകൗശല ഉത്പന്നങ്ങൾ ഉപയോഗിക്കുന്നു. ഇവയിൽ പലതും വിവിധതരം സസ്യങ്ങളിൽ നിന്നാണ് ഉ ാക്കുന്നത്. ഇന്ത്യയിലുള്ള വിവിധ ആദിവാസികൾ പ്രത്യേകിച്ചും കേരളത്തിലുള്ള ആദിവാസികൾ ഉപയോഗിക്കുന്ന ഇത്തരത്തിലുള്ള കരകൗശല ഉത്പന്നങ്ങളുടെ ഒരു മ്യൂസിയം, കേരള സർവ്വകലാശാലയിലെ ജൈവവൈവിധ്യ കേന്ദ്രത്തിൽ ആരംഭിക്കുന്നത് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും, ആദിവാസികളെക്കുറിച്ചും അവരുടെ സംസ്കാരത്തെക്കുറിച്ചും കൂടുതൽ അറിയാനും ഗവേഷണം നടത്താനും ഉപകരിക്കും. ഇത്തരത്തിൽ ആദിവാസികൾ ഉപയോഗിക്കുന്ന വിവിധതരം കരകൗശല വസ്തുക്കൾ ശേഖരിക്കുന്നതിനും അവയുടെ ഒരു പ്രദർശന മ്യൂസിയം ജൈവവൈവിധ്യ കേന്ദ്രത്തിൽ ആരംഭിക്കാനും തീരുമാനിക്കുന്നു.

ഇതുകൂടാതെ ജൈവവൈവിധ്യ കേന്ദ്രത്തിൽ ഇപ്പോൾ നടന്നു കൊ ിരിക്കുന്ന വിവിധ പദ്ധതികളായ ആൻഡമാൻ സസ്യോദ്യാനം പശ്ചിമഘട്ടത്തിലെ അലങ്കാര ചെടികളുടെ സംരക്ഷണം, നാടൻ മാവുകളുടെ സംരക്ഷണം, ഭക്ഷ്യയോഗ്യമായതും അധികം അറിയപ്പെടാത്തതുമായ ഫലവൃക്ഷങ്ങൾ, വിവിധതരം കാർഷിക വിഭവങ്ങളുടെ സംരക്ഷണം ഇവയുടെയെല്ലാം സംരക്ഷണവും സുസ്ഥിര ഉപയോഗങ്ങൾക്കായുള്ള തുടർ ഗവേഷണ പ്രവർത്തന ങ്ങൾക്കുമായി **15 ലക്ഷം രൂപ** വകയിരുത്തുന്നു.

### 31. പരീക്ഷാഫലങ്ങൾ വേഗതയിലാക്കാൻ ഓൺലൈൻ വാല്യുവേഷൻ

പന്തീരായിരം പരീക്ഷകളാണ് ഒരുവർഷം കേരള യൂണിവേഴ്സിറ്റി പരീക്ഷാവിഭാഗം നടത്തുന്നത്. കോവിഡ് കാലത്തെ ലാഗിങ് പരിഹരിച്ച് മഹാഭൂരിപക്ഷം പരീക്ഷകളും സമയബന്ധിതമായി നടത്തുവാൻ കഴിയുന്നു ്. എന്നാൽ ഫലപ്രഖ്യാപനംകൂടി ആ നിലയിൽ എല്ലാ പരീക്ഷകളുടേതും സമയബന്ധിതമാക്കാൻ കഴിയണം.

Student Life Cycle Management (SLCM) Software അതിന്റെ പൂർണ്ണതയിലേക്ക് അടുക്കുകയാണ്. ഇത് പൂർണ്ണമായും നടപ്പിലാക്കുന്നതോടെ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ ഭാഗമാകുന്ന വിദ്യാർത്ഥികൾക്ക് entrollment മുതൽ Provisional Certificate വരെയുള്ള സേവനങ്ങൾ പൂർണ്ണമായും online-ൽ ലഭ്യമാകും.

ഇപ്പേൾത്തന്നെ CBCSS/CR ഒഴിച്ചുള്ള എല്ലാ കോഴ്സുകളും ഈ software നു കീഴിൽ ആയിക്കഴിഞ്ഞു. 2020-23-ൽ New Generation Course കളുടെ അന്തിമ ഫലപ്രഖ്യാപനം May- ൽ വരുന്നതോടെ SLCM ഉപയോഗിച്ചുള്ള ആദ്യ പരീക്ഷാനടത്തിപ്പ് വിജയകരമായി പൂർത്തിയാക്കാനാവും. SLCM Software ന്റെ ഭാഗമായുള്ള Onscreen മൂല്യനിർണ്ണയം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി MCA(SI) ൽ വിജയകരമായി പൂർത്തിയായിട്ടു ്. അദ്ധ്യാപകർക്ക് അവരുടെ ജോലിസ്ഥലത്തോ വീട്ടിലോ ഇരുന്ന് മൂല്യനിർണ്ണയം ചെയ്യാൻ Onscreen മൂല്യനിർണ്ണയം വഴി സാധിക്കും. MCA യിൽ തുടങ്ങിയ ഈ രീതി ഘട്ടംഘട്ടം ആയി മറ്റു Program കൾക്കും കൂടി നടപ്പിലാക്കുന്നത് എല്ലാ പരീക്ഷാഫലങ്ങളും വേഗതയിലാക്കാൻ സഹായിക്കും.

Onscreen -മൂല്യ നിർണ്ണയത്തിന് Answer Sheet കളെല്ലാം Scan ചെയ്യണം. അതിലേക്കായി ഒരു Scaning Centre തുടങ്ങണം. ഇതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

### 32. യൂണിവേഴ്സിറ്റി സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കും.

യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന്റെ തെക്കു കിഴക്കായി ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കും കായികതാരങ്ങളുടെയും പൊതുജനങ്ങളുടെയും താല്പര്യം പരിഗണിച്ച് ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ കൂടി ഭാഗമായി ഉപയോഗിക്കാനാവുന്ന ജിംനേഷ്യവും അനുബന്ധ സൗകര്യങ്ങളും ഒരുസ്പോർട്സ് കോംപ്ലക്സിൽ ഒരുക്കും. സ്പോർട്സിന്റെ ഉന്നമനത്തിനായി കായിക താരങ്ങൾക്കും പരിശീലകർക്കും ആധുനിക സൗകര്യത്തോടുകൂടി സ്പോർട്സ് കോംപ്ലക്സിൽ താമസസൗകര്യവും സജ്ജമാക്കും സർക്കാർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് എന്നിവരുടെ സഹായത്തോടുകൂടിയാകും സ്പോർടസ് കോംപ്ലക്സ് സ്ഥാപിക്കുന്നത്. ഇതിനുവേ പ്രാരംഭ തുകയായി **ഒരു കോടി രൂപ** വകയിരുത്തുന്നു.

### 33. സമഗ്ര എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പാക്കും.

കേരള സർവകലാശാലയിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊ ് ഒരു സമഗ്ര Enterprises Resource Planning സംവിധാനം നടപ്പിലാക്കാൻ പദ്ധതിയിടുന്നു. അഡ്മിനിസ്ട്രേഷൻ, അക്കാദമിക്, എക്സാമിനേഷൻ, ഫിനാൻസ്, പ്ലാനിംഗ് എന്നിവയെല്ലാം ഏകോപിപ്പിച്ചുകൊ ് ഒരു Integrated Software System വികസിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടു ്. ഇതിനാവശ്യമായ API കൾ വികസിപ്പിച്ചുകഴിഞ്ഞു. കാലോചിതമായി പ്രോസസ്സും നടപടിക്രമങ്ങളും ലളിതവത്ക്കരിച്ചു ഒരു Business Process Re-engineering നു വിധേയമാക്കിയാണ് ERP നടപ്പിലാക്കുന്നത്. കമ്പ്യൂട്ടർ സെന്റർ ITI പാലക്കാട്, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ നിർമ്മിച്ച സോഫ്ട്വെയറുകൾ കൂട്ടിയോജിപ്പിച്ചുകൊ ാണ് ERP സംവിധാനം നിലവിൽ വരുന്നത്. ഈ പ്രോജക്ടിനുവേ ി **25 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

### 34. കേരള സർവ്വകലാശാല നൃത്തവിദ്യാലയം തുടങ്ങും.

നൃത്ത-നൃത്ത്യ-നാട്യ മേഖലകളിൽ പഠനഗവേഷണത്തിനും പരിശീലനത്തിനും അവസരമൊരുക്കുന്ന തരത്തിൽ സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ നൃത്തവിദ്യാലയം ആരംഭിക്കും. ബന്ധപ്പെട്ട മേഖലയിലെ പ്രഗത്ഭരുടെ സേവനം ഇതിനായി ഉപയോഗിക്കും. ഇതിന്റെ ആരംഭ പ്രവർത്തനങ്ങൾക്കും സംഘാടനത്തിനുമായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**35. കേരളത്തിലെ തീരദേശ ധാതുക്കളിൽ സ്കാൻഡിയം, സെറിയം എന്നിവയുടെ സാന്നിദ്ധ്യം കെ ത്തുന്നതിന് പഠനം നടത്തും.**

ഏറെ വിലപിടിപ്പുള്ള സ്കാൻഡിയവും സെറിയവും നമ്മുടെ തീരദേശ ധാതുക്കളിൽ ഉ ാകാനുള്ള സാധ്യത വിലയിരുത്തപ്പെടുന്നു ്. ഇത് ഗവേഷണ പഠനങ്ങളിലൂടെ കെ ത്താനായാൽ അത് കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്ക് നല്കുന്ന സഹായം വിവരണാതീതമാകും. ഇതു സംബന്ധിച്ച പഠനം സർവ്വകലാശാലയുടെ ജിയോളജി, കെമസ്ട്രി പഠനവകുപ്പുകൾ KMML മായി ചേർന്ന് സംയുക്തമായി നടത്താൻ പദ്ധതിയിടുന്നു. ഇതിനായി **8 ലക്ഷം രൂപ** വകയിരുത്തുന്നു.

**36. കേരള സർവ്വകലാശാലയെ സമ്പൂർണ്ണ സൗരോർജ്ജ സർവ്വകലാശാലയാക്കും**

സംസ്ഥാന സർക്കാർ തിരുവനന്തപുരം നഗരത്തെ സമ്പൂർണ്ണ സൗരോർജ്ജ നഗരിയായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ കേരള സർവ്വകലാശാലയുടെ പാളയം സെനറ്റ് ഹൗസ് കാമ്പസിലും കാര്യവട്ടം കാമ്പസിലുമായി 1.275 MW ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി സ്വയംപര്യാപ്തതക്കുള്ള നടപടി ആരംഭിക്കും. സ്മാർട്ട്സിറ്റി ലിമിറ്റഡിന്റെ സാമ്പത്തിക സഹായത്തോടെയാണ് സമ്പൂർണ്ണ സൗരോർജ്ജ സർവ്വകലാശാലയായി മാറുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1.275 MW സോളാർ പവ്വർപ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 153000 യൂണിറ്റ് വൈദ്യുതി പ്രതിമാസം ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നു. അതുവഴി യൂണിറ്റിന് 5 രൂപ നിരക്കിൽ ഏകദേശം 7,65,000 രൂപ കേരള സർവ്വകലാശാലയ്ക്ക് ലാഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. ഈ പദ്ധതി കേരള സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന്റെ മുന്നൊരുക്കങ്ങൾക്ക് **10 ലക്ഷം രൂപ** നീക്കി വെയ്ക്കുന്നു.

**37 എം.ബി.എ. ബിസിനസ് അനലിറ്റിക്സിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ സായാഹ്ന പ്രോഗ്രാം ആരംഭിക്കും**

ബിസിനസ്സിനെ പരിപോഷിപ്പിക്കുന്നതിൽ ബിസിനസ്സ് അനലിറ്റിക്സിന് ഇന്ന് വിപുലമായ സാധ്യതകളു ്. ബാങ്കിങ്, ഇൻഷുറൻസ്, ടെലികോം, റീട്ടെയിൽ, ട്രാവൽ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ബിസിനസ് അനലിറ്റിക്സ് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കും അതിവേഗം വളരുന്ന ഈ തൊഴിൽ മേഖലയിലേയ്ക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ബിരുദധാരികൾക്കും ഗുണപ്രദമായി അക്കാദമിക വിദഗ്ദ്ധരുടെയും ഈ മേഖലയിലെ വിദഗ്ദ്ധരുടേയും നേതൃത്വത്തിൽ അടുത്ത അക്കാദമിക വർഷം മുതൽ ഐ.എം.കെ.യിൽ ബിസിനസ് അനലിറ്റിക്സിൽ ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ സായാഹ്ന പ്രോഗ്രാം ആരംഭിക്കും. ഈ പ്രോഗ്രാമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **7.5 ലക്ഷം രൂപ** ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

**38 ഐ.എം.കെ.യിൽ എം.ബി.എ.-ക്ക് സി.എസ്.എസ്.-ജനറൽ കോഴ്സ് ഒരു ബാച്ച് കൂടി ആരംഭിക്കും**

ഇന്ത്യയ്ക്കകത്തും പുറത്തും ഉന്നത ശമ്പളത്തോടെ ഏറെ തൊഴിൽ സാദ്ധ്യതയുള്ള ഒരു പ്രോഗ്രാമാണ് എം.ബി.എ. കേരള സർവകലാശാല പഠനവകുപ്പായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ) നിലവിൽ മൂന്ന് എം.ബി.എ. പ്രോഗ്രാമുകളാണ് നടത്തിവരുന്നത്. എന്നാൽ അപേക്ഷകരുടെ എണ്ണവും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും താരതമ്യം ചെയ്യുമ്പോൾ അപേക്ഷിക്കുന്ന ബഹുഭൂരിപക്ഷം പേർക്ക് പ്രവേശനം നല്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇതുകൂടി കണക്കിലെടുത്ത് എം.ബി.എ. (ജനറൽ)-ന് ഒരു ബാച്ച് കൂടി 2023 അദ്ധ്യയനവർഷം മുതൽ ആരംഭിക്കും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

### 39. മതനിരപേക്ഷ യോഗയ്ക്ക് വഴിതുറക്കും.

ഭാരതം ലോകത്തിന് നൽകിയ അമൂല്യമായ ആരോഗ്യശാസ്ത്രമാണ് യോഗ. ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിച്ചുകൊ ് ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ ഏറ്റവും ഉപകാരപ്രദമാണ് യോഗ. ജാതിമത വർഗ്ഗ ലിംഗ വ്യത്യാസമില്ലാതെ എല്ലാവരെയും യോജിപ്പിച്ചുകൊ ുള്ള മതനിരപേക്ഷ യോഗയാണ് ലക്ഷ്യം. ഐക്യരാഷ്ട്രസഭ എല്ലാവർഷവും ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കുകയാണ്. കേരളസർവ്വകലാശാലയും ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കുന്നു. ഇതിന്റെ പ്രചാരണത്തിനും സംഘാടനത്തിനുമായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

### 40. കേരള സർവകലാശാല യൂണിയൻ

നമ്മുടെ സർവകലാശാലയിലെ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ജനാധിപത്യ വേദിയായ കേരള സർവകലാശാല യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ അനുവദിക്കുന്നത് 45 ലക്ഷം രൂപയാണ്. മാറിവന്ന പൊതു സാഹചര്യത്തിൽ സർവകലാശാല യൂണിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 50 ലക്ഷം രൂപ ഓരോ വർഷവും അനുവദിക്കുന്നതിന് നിർദ്ദേശിക്കുന്നു. ഈവർഷം **50 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

### 41. റിസർച്ചേഴ്സ് യൂണിയൻ

കേരള സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികളുടെ ജനാധിപത്യ വേദിയാണ് റിസർച്ചേഴ്സ് യൂണിയൻ. നിലവിൽ 5 ലക്ഷം രൂപയാണ് ഈ യൂണിയന്റെ പ്രവർത്തനങ്ങൾക്ക് ഒരുവർഷം അനുവദിക്കുന്നത്. കൂടുതൽ ക്രിയാത്മകവും ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകരവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് 6 ലക്ഷം രൂപ അനുവദിക്കുന്നതിന് നിർദ്ദേശിക്കുന്നു. ഈ വർഷം **6 ലക്ഷം രൂപ** അനുവദിയ്ക്കുന്നു.

### 42. ഡിപ്പാർട്ട്മെന്റ് യൂണിയൻ

സർവകലാശാല പഠനവകുപ്പുകളിലെ വിദ്യാർത്ഥികളുടെ ജനാധിപത്യവേദിയാണ് ഡിപ്പാർട്ട്മെന്റ് യൂണിയൻ. ഇപ്പോൾ 3 ലക്ഷം രൂപയാണ് ഡിപ്പാർട്ട്മെന്റ് യൂണിയൻ പ്രവർത്തനങ്ങൾക്കായി ഒരു വർഷം അനുവദിക്കുന്നത്. നമ്മുടെ പഠന വകുപ്പുകളിലെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷി ഉയർത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ വളർത്തിയെടുക്കാൻ ഡിപ്പാർട്ട്മെന്റ് യൂണിയൻ പ്രവർത്തനങ്ങൾക്ക് ഓരോവർഷവും കുറഞ്ഞത് 6 ലക്ഷം രൂപാ വീതം നീക്കിവയ്ക്കണം. അതിനായി ഈ വർഷം **6 ലക്ഷം രൂപ** അനുവദിക്കുന്നു.

### 43. കാമ്പസിലെ നിലവിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം

കാര്യവട്ടം കാമ്പസിൽ വലിയ കെട്ടിട സൗകര്യങ്ങൾ ഉയർന്നുയർന്നു വരികയാണ്. എന്നാൽ നിലവിലു ായിരുന്ന കെട്ടിടങ്ങളിലും, ഹോസ്റ്റലുകളിലും, അനുബന്ധ സ്ഥലങ്ങ ളിലുമുള്ള പരിമിതികൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥി സംഘടനകളും വിദ്യാർത്ഥി യൂണിയനുകളും, ഹോസ്റ്റൽ ഭാരവാഹികളും ആവശ്യങ്ങൾ ഉന്നയിച്ചിട്ടു ്. ഈ വകകാര്യ ങ്ങൾക്ക് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മൈനർ വർക്കുകൾക്കായി നീക്കിവച്ചിട്ടുള്ള തുക ഉപയോ ഗിച്ച് നടപടിക്രമങ്ങൾ പാലിച്ച് പരിഹാരം ഉ ാക്കണം. എഞ്ചിനീയറിംഗ് വിഭാഗം അടിയ ന്തിര നടപടി സ്വീകരിക്കും. ഈ ആവശ്യങ്ങൾക്കുള്ള പ്രത്യേക ഫ ായി **3 ലക്ഷം രൂപ** അനുവദിയ്ക്കുന്നു.

**44. സർവകലാശാലയുടെ വിദ്യാഭ്യാസ പഠനവകുപ്പിൽ പുതിയ കോഴ്സുകൾ ആരം ഭിക്കും.**

കേരള സർവകലാശാലയുടെ വിദ്യാഭ്യാസ പഠനവകുപ്പിൽ എൻ.സി.റ്റി.ഇ. അംഗീകാര മുള്ള പുതിയ വിദ്യാഭ്യാസ പഠന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരി ക്കും. ഇതിനാവശ്യമായ അക്കാദമിക പഠനം പൂർത്തിയാക്കി നടപടികൾ സ്വീകരിക്കും.

**45. സർവകലാശാലയുടെ അക്കാദമിക ജേർണലുകളെ അന്തർദ്ദേശീയ നിലവാരത്തി ലേക്ക് ഉയർത്താനുതകുന്ന സ്വതന്ത്ര വെബ്സൈറ്റ് തയ്യാറാക്കും.**

സർവകലാശാലയുടെ അക്കാദമിക് പ്രസിദ്ധീകരണങ്ങളെ ആഗോള അക്കാദമിക സമൂഹ ശ്രദ്ധയിൽ കൊ ുവരുന്നതിന് സഹായകമാകുന്ന തരത്തിൽ ഒരു സ്വതന്ത്ര വെബ്സൈറ്റ് സ്ഥാപിക്കും. ഇതിനായി സർവകലാശാല പൊളിറ്റിക്കൽ സയൻസ് പഠനവി ഭാഗത്തേയും സർവകലാശാല പ്രകാശനവിഭാഗത്തേയും ചുമതലപ്പെടുത്തുന്നു. ഇതിനായി **4 ലക്ഷം രൂപ** വകയിരുത്തുന്നു.

**46. കേരള സർവകലാശാലയുടെ സംഗീത പഠന വകുപ്പിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ വിപുലമായി സംഘടിപ്പിക്കും.**

25 വർഷം പിന്നിടുന്ന സംഗീത പഠന ഗവേഷണ വകുപ്പിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് ഒരുവർഷം നീളുന്ന പരിപാടികൾ സംഘടിപ്പിക്കും. ഇതുമായി ബന്ധ പ്പെട്ട പരിപാടികൾക്കായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**47. ഭരത് മുരളി നാടകോത്സവം സംഘടിപ്പിക്കും.**

2023-ലെ ബഡ്ജറ്റിൽ പുതുതായി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന ഭരത് മുരളി നാടകോത്സവം പുതിയ പ്രവർത്തനവർഷവും സംഘടിപ്പിക്കും. കൂടുതൽ വിശാലവും ആസ്വാദ്യകരവുമാക്കുന്ന തരത്തിൽ നാടകോത്സവം സംഘടിപ്പിക്കുന്നതിന് **8 ലക്ഷം രൂപ** വകയിരുത്തുന്നു.

**48. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിക്സ് ആന്റ് ജീൻ ടെക്നോളജി പുതിയ ആസ്ഥാനമന്ദിരത്തിൽ മാറ്റി സ്ഥാപിക്കും.**

ജീൻ ടെക്നോളജിയിൽ കാര്യമാത്രപ്രസക്തമായ ഗേവഷണം നടത്തുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിക്സ് ആന്റ് ജീൻ ടെക്നോളജി ഇപ്പോൾ രസത ന്ത്രവകുപ്പിന്റെ ഒരു ഭാഗത്താണ് പ്രവർത്തിച്ചുവരുന്നത്. നവവൈജ്ഞാനിക മേഖലക്ക് ഒട്ടേറെ സംഭാവനകൾചെയ്യുന്ന പ്രസ്തുത ഗവേഷണ കേന്ദ്രത്തെ ബയോടെക്നോളജി വകുപ്പിന്റെ പഴയ ആസ്ഥാന മന്ദിരത്തിൽ ആധുനിക സൗകര്യങ്ങളോടെ പ്രവർത്തിപ്പിക്കു ന്നതിന് സർവകലാശാല തീരുമാനം എടുത്തിട്ടു ്. പ്രസ്തുത അന്താരാഷ്ട്ര പഠന ഗവേ ഷണ കേന്ദ്രത്തിന്റെ ലബോറട്ടറികളും സംവിധാനങ്ങളും പുനസ്ഥാപിക്കുന്നതിനും കൂടു തൽ സൗകര്യങ്ങളോടെ ക്രമീകരിക്കുന്നതിനുമായി ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിക്സ് ആന്റ് ജീൻ ടെക്നോളജിക്ക് **30 ലക്ഷം രൂപ** അനുവദിക്കുന്നു.

**49. ഹെറാൾഡിന്റെ പ്രവർത്തനം വിപുലമാക്കും.**

കേരള സർവകലാശാലയുടെ പ്രവർത്തന വിവരങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്ന മീഡിയമാണ് യൂണിവേഴ്സിറ്റി ഹെറാൾഡ് എന്ന പ്രസിദ്ധീകരണം. ഇത് കൂടുതൽ ആകർഷണമാക്കി ഇംഗ്ലീഷിലും മലയാളത്തിലും പൊതു സമൂഹത്തിൽ എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടു ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**50. ഫിസിക്സ് വകുപ്പിലെ എനർജി സ്റ്റോറേജ് ഡിവൈസ് ലബോറട്ടറി സുസജ്ജമാക്കും.**

വൈദ്യുതി വാഹനങ്ങൾ, വെയ്റബിൾ ഇലക്ട്രോണിക്സ് തുടങ്ങിയ ആധുനിക സാങ്കേതിക സംവിധാനങ്ങൾക്ക് ബാറ്ററികൾക്കൊപ്പം തന്നെ പ്രാധാന്യം അർഹിക്കുന്ന ഊർജ്ജ സംഭരണ ഉപാധികളാണ് സൂപ്പർ കപ്പാസിറ്ററുകൾ. പരിസ്ഥിതി സൗഹൃദമായ കാർബൺ മെറ്റീരിയലുകളും ജലാധിഷ്ഠിത ഇലക്ട്രോലൈറ്റുകളും ഉപയോഗിച്ചുള്ള സൂപ്പർ കപ്പാസിറ്ററുകളുടെ നിർമ്മാണ സാധ്യതകൾ സംബന്ധിച്ച പഠന ഗവേഷണം സർവകലാശാലയുടെ ഫിസിക്സ് പഠനവകുപ്പിൽ നടന്നുവരുന്നു. പ്രസ്തുത മേഖലയിലെ ടെക്നോളജി വികസനത്തിനുള്ള സാധ്യത കണക്കിലെടുത്തു എനർജി സ്റ്റോറേജ് ഡിവൈസ് ലാബിന്റെ സൗകര്യങ്ങൾ അത്യാധുനികമായി പുനസംഘടിപ്പിക്കേ തു ്. ഇതിനായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**51. ഹിന്ദി പഠന ഗവേഷണ വകുപ്പിന് സൗകര്യവികസനത്തിനും അക്കാദമിക പ്രവർത്തനത്തിനും സൗകര്യം നൽകും.**

സർവകലാശാലയുടെ ഹിന്ദി പഠന - ഗവേഷണ വകുപ്പിന് കൂടുതൽ പഠന ഗവേഷണ സൗകര്യങ്ങൾ, അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**52. ഗവേഷകർക്ക് അന്താരാഷ്ട്ര ജേർണലുകളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ISBN ഉള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും സഹായമൊരുക്കും.**

അന്താരാഷ്ട്ര ജേർണലുകളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ തയ്യാറെടുപ്പുകൾക്ക് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഉ ാകാറു ്. ഉന്നത നിലവാരമുള്ള ജേർണലുകളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ISBN ഉള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ഗവേഷക വിദ്യാർത്ഥികൾക്ക് സഹായം നൽകും. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**53. ഇലക്ട്രിക് ബഗ്ഗികൾ വർദ്ധിപ്പിച്ച് കാമ്പസ് യാത്ര സുഗമമാക്കും.**

ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് പഠന ഗവേഷണത്തിനായി കാര്യവട്ടം കാമ്പസിൽ ദിനംപ്രതി എത്തുന്നത്. നിലവിൽ ര ് ബഗ്ഗികളാണ് കാമ്പസിൽ യാത്രാസൗകര്യം ഒരുക്കുന്നത്. കാമ്പസിന്റെ അങ്ങോളമിങ്ങോളമുള്ള ഡിപ്പാർട്ടുമെന്റുകളിൽ സുഗമമായി യാത്രചെയ്യുന്നതിന് ര ് ഇല്ക്ട്രിക് ബഗ്ഗികൾകൂടി പുതുതായി വാങ്ങുന്നതിന് **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**54. വിവിധ ലബോറട്ടറികളുടെ വികസനത്തിന് ധനസഹായം നൽകും.**

കാലോചിതമായ ഗവഷേണ പ്രവർത്തനങ്ങളാണ് സർവകലാശായുടെ കാര്യവട്ടം കാമ്പസിലെ ലബോറട്ടറികളിൽ നടന്നുവരുന്നത്. അത്യാധുനിക സൗകര്യങ്ങളോടെ

പ്രസ്തുത ലബോറട്ടറികളെ പുനക്രമീകരിക്കുന്നതിന് ഓരോ പഠന വകുപ്പിനും **5 ലക്ഷം രൂപ** വീതം അനുവദിക്കുന്നു.

**55. കാമ്പസ് ലൈബ്രറി കൂടുതൽ പ്രവർത്തന സജ്ജമാക്കും.**

കാര്യവട്ടം കാമ്പസ് ലൈബ്രറി ആയിരക്കണക്കിന് ഗവേഷകരുടെ ഗവേഷണ സഹായകേന്ദ്രമാണ്. ലൈബ്രറി കാലോചിതമായി കൂടുതൽ നവീകരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കേ തു ്. ഇതിന് പര്യാപ്തമാകുന്ന വിധത്തിൽ ലൈബ്രറി വികസനത്തിന് **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**56. കായിക പഠന ഗവേഷണ വകുപ്പിന് സൗകര്യമൊരുക്കും.**

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ പുതുതായി തുടങ്ങുന്ന കായിക പഠന ഗവേഷണ വകുപ്പിന്റെ സൗകര്യ വികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി **50 ലക്ഷം രൂപ** അനുവദിക്കുന്നു.

**57. അഫിലിയേറ്റഡ് കോളേജുകളിലെ ജേർണലുകൾക്ക് ധനസഹായം നൽകും.**

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ പ്രസിദ്ധീകരിക്കുന്ന യുജി.സി. കെയർ ലിസ്റ്റിൽ ഉൾപ്പെട്ട വിവിധ വിഷയങ്ങളിലെ ജേർണലുകൾക്ക് ധനസഹായം നൽകും. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**58. സർവകലാശാലയുടെ സെനറ്റ്ഹൗസ് കാമ്പസിലും കാര്യവട്ടം കാമ്പസിലും കോഫീ ഷോപ്പുകളും റേഡിയോ ടവറുകളും സ്ഥാപിക്കും.**

സെനറ്റ്ഹൗസ് കാമ്പസിലെ ഡോ. കെ. ആർ. നാരായണൻ സ്മാരക അമിനിറ്റി സെന്ററിന്റെ സമീപത്തും കാര്യവട്ടം കാമ്പസിലെ സോഷ്യൽ സയൻസ് ബ്ലോക്കിനു സമീപവുമായി വിപുലമായ സൗകര്യങ്ങളുള്ള ര ു കോഫീ ഷോപ്പുകളും റേഡിയോ ടവറുകളും സ്ഥാപിക്കും. ഇതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

**59. വിദ്യാഭ്യാസ പഠന വകുപ്പിനെ കാര്യവട്ടം കാമ്പസിലേക്കും സെന്റർ ഫോർ പെർഫോമിംഗ് ആർട്സിനെ തൈക്കാട്ട് വിദ്യഭ്യാസ പഠനകേന്ദ്രത്തിലേക്കും പുനർവിന്യസിക്കും.**

സർവകലാശാലയുടെ സെന്റർ ഫോർ പെർഫോമിംഗ് ആർട്സിനെ തൈക്കാട് കേന്ദ്രത്തിലേക്ക് കൊ ുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വിദ്യാഭ്യാസ പഠന വകുപ്പ് കാര്യവട്ടം കാമ്പസിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവുന്ന മുറക്ക് പ്രസ്തുത പഠന വകുപ്പ് കാര്യവട്ടം കാമ്പസിലേക്ക് മാറ്റുവാനും കാമ്പസിലെ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ് തൈക്കാട്ടെ പഠനഗവേഷണ കേന്ദ്രത്തിലേക്കു മാറ്റിസ്ഥാപിക്കുന്നതിലേക്കുമായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**60. പാളയത്തെ ഡോ. കെ. ആർ. നാരായണൻ സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിന്റെ സൗകര്യങ്ങൾ വികസിപ്പിക്കും.**

വിദ്യാർത്ഥി സേവനകേന്ദ്രം എന്ന നിലയിൽ പാളയത്തെ അമിനിറ്റി സെന്ററിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**61. ഹോസ്റ്റലുകളുടെ സൗകര്യ വികസനത്തിന് ധനസഹായം നൽകും.**

കേരള സർവകലാശാലയുടെ വിവിധ ഹോസ്റ്റലുകളുടെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഓരോ ഹോസ്റ്റലിനും **5 ലക്ഷം രൂപ** വീതം അനുവദിക്കുന്നു.

**62. ലൈബ്രറികൾ നവീകരിക്കും.**

കേരള സർവകലാശാലയുടെ 44 പഠന വകുപ്പുകളിലെ ലൈബ്രറികളുടെ നവീകരണത്തിനും ഇതര ആവശ്യങ്ങൾക്കുമായി **1 ലക്ഷം രൂപ** വീതം ധനസഹായം നൽകും. ഇതിനായി **44 ലക്ഷം** രൂപ വകയിരുത്തുന്നു.

**63. എഞ്ചിനീയറിംഗ് യൂണിറ്റിന് സൗകര്യവികസനം സാധ്യമാക്കും.**

കേരള സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം സജീവമായ പ്രവർത്തനങ്ങളാണ് കാഴ്ചവെയ്ക്കുന്നത്. പ്രസ്തുത വിഭാഗത്തിൽ കോൺഫറൻസ് ഹാളും മറ്റ് സൗകര്യങ്ങളും ഒരുക്കി നൽകുന്നതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

**64. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള മെഡിക്കൽ സൗകര്യം വിപുലമാക്കും.**

കേരള സർവകലാശാലയുടെ സെനറ്റ് ഹൗസ് കാമ്പസിലും കാര്യവട്ടം കാമ്പസിലും ഹെൽത്തു സെന്ററുകൾ വിപുലീകരിക്കും. അംഗീകൃത ഏജൻസികളുമായി ചേർന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കും. ആരോഗ്യ സംരക്ഷണ സുരക്ഷാ സംവിധാനങ്ങൾ വിപുലപ്പെടുത്തും. പ്രസ്തുത ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫുകളുടെയും സേവനം 24 മണിക്കൂറും സാധ്യമാക്കും. ടെക്നോ പാർക്കിലെ വിവിധ കമ്പനികളിലെ സഹായവും സേവനവും എങ്ങനെ ഉപയുക്തമാക്കാമെന്ന് പരിശോധിക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**65. കാര്യവട്ടം കാമ്പസിൽ അദ്ധ്യാപകർക്കും ജീവനക്കർക്കുമായി ഫ്ളാറ്റുകൾ പണിയും.**

കാലപ്പഴക്കംകൊ ് പരിമിതമായ സാഹചര്യങ്ങളിലാണ് കാര്യവട്ടം കാമ്പസിലെ ഭൂരിപക്ഷം ക്വാർട്ടേഴ്സുകളും. അദ്ധ്യാപകർക്കും ജീവനക്കാർക്കും താമസസൗകര്യം ഒരുക്കാനാകുന്ന തരത്തിൽ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചുവരുന്നു ്. വരുന്ന പ്രവർത്തന വർഷം ഒരു ഫ്ളാറ്റ് സമുച്ചയത്തിനുകൂടി പ്രവർത്തനാംഗീകാരം നൽകുകയാണ്. ഇതിനായി **1 കോടി രൂപ** ആദ്യ ഘട്ടത്തിലേക്ക് മാറ്റിവയ്ക്കുന്നു.

**66. ഭൂമിശാസ്ത്ര സാമ്പിളുകളും ഫോസിലുകളും രാജ്യവ്യാപകമായി ശേഖരിച്ച് ജിയോളജിക്കൽ മ്യൂസിയം സജ്ജീകരിക്കും.**

ജിയോളജി പഠനവകുപ്പിന്റെ പഠനഗേവഷണ പ്രവർത്തനങ്ങൾക്കായി ജിയോളജിക്കൽ മ്യൂസിയം ഒരുക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സാമ്പിളുകൾ ശേഖരിച്ച് ഉപയോഗിച്ചും അപൂർവ്വ ഭൂമിശാസ്ത്ര സാമ്പിളുകളും ഫോസിലുകളും ശേഖരിച്ചും പ്രദർശിപ്പിച്ചുമാണ് മ്യൂസിയം യാഥാർത്ഥ്യമാക്കുന്നത്. ഇതിനായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**67. ബ്രഹ്മപുരം മാലിന്യ സംസ്കരണമേഖലയിൽ പാരിസ്ഥിതിക ആഘാതപഠനം നടത്തും.**

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് കൊച്ചി പ്രദേശത്തെ വെള്ളത്തിനും മറ്റ് പ്രകൃതി വിഭവങ്ങൾക്കും ഉ ാക്കുന്ന പാരിസ്ഥിതിക ആഘാതം പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കാൻ സർവകലാശാലയുടെ ജിയോളജി പഠന വകുപ്പ് പദ്ധതിയിടുന്നു. ഇതിനായി **6 ലക്ഷം രൂപ** അനുവദിക്കുന്നു.

**68. സർവ്വേ റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് സഹായം.**

ഗൗരവതരമായ ഒട്ടേറെ സർവ്വേകളും ഗവേഷണാന്വേഷണങ്ങളും നടത്തുന്ന സെന്റ റാണ് പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിലെ സർവ്വേ റിസർച്ച് സെന്റർ. കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങൾ വിലയിരുത്തുന്ന സർവ്വേ പഠനപ്രവർത്തന ങ്ങൾക്കായി പ്രസ്തുത സെന്ററിന്റെ പദ്ധതിക്ക് അംഗീകാരം നൽകുന്നു. പദ്ധതി നടപ്പാ ക്കാൻ **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**69. മഹാത്മാ അയ്യൻകാളി സെന്റർ നവോത്ഥാന സെമിനാറുകളും പ്രഭാഷണങ്ങളും സംഘടിപ്പിക്കും.**

സർവകലാശാലയുടെ മഹാത്മാ അയ്യൻകാളി സെന്ററിന്റെ ആഭിമുഖ്യത്തിൽ നവോ ത്ഥാന ആശയങ്ങൾ തലമുറക്കു പകർന്നു നൽകാൻ പര്യാപ്തമായ സെമിനാറുകളും പ്രഭാ ഷണങ്ങളും സംഘടിപ്പിക്കും. ഇതിനായി **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**70. സർവകലാശാലയുടെ ബാച്ചിലേഴ്സ് ഹോസ്റ്റലിൽ സൗകര്യ വികസനം സാധ്യമാ ക്കും.**

പുതുതായി പണികഴിപ്പിച്ച് പ്രവർത്തന സജ്ജമായ കാര്യവട്ടം കാമ്പസിലെ ബാച്ചി ലേഴ്സ് ഹോസ്റ്റലിൽ വാട്ടർ പ്യൂരിഫയറും ഫർണിച്ചറുകളും വാങ്ങിനൽകുന്നതിനും ഹോസ്റ്റലിന്റെ മുൻവശം മോടിപിടിപ്പിച്ച് ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കും. ഇതിനായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**71. കാര്യവട്ടം കാമ്പസിലെ വി. സി. ക്വാർട്ടേഴ്സ് ഗസ്റ്റ് ഹൗസാക്കി ഉപയോഗിക്കും.**

കാര്യവട്ടം കാമ്പസിലെ ഗസ്റ്റ് ഹൗസ് വിദ്യാർത്ഥികൾക്ക് കൂടുതൽ താമസസൗകര്യം നൽകുന്നതിനായി വിട്ടുകൊടുത്ത സാഹചര്യത്തിൽ കാമ്പസിൽ എത്തുന്ന സർവകലാ ശാല അതിഥികൾക്ക് താമസത്തിന് സൗകര്യം നൽകാനാകാത്ത അവസ്ഥയു ്. ഇത് പരി ഹരിക്കുന്നതിനായി ഒഴിഞ്ഞുകിടക്കുന്ന വി. സി. ക്വാർട്ടേഴ്സ് ഗസ്റ്റ് ഹൗസ് ആക്കി ഉപയോ ഗിക്കുന്നതിന് തീരുമാനിച്ചിട്ടു ്. അതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിനും പരിസരം വൃത്തിയാക്കി ആകർഷകമാക്കുന്നതിനുമായി **7 ലക്ഷം രൂപ** അനുവദിക്കുന്നു.

**72. സർവകലാശാല സെക്യൂരിറ്റി സംവിധാനം ശക്തമാക്കും.**

പാളയം കാമ്പസിലും കാര്യവട്ടം കാമ്പസിലും സെക്യൂരിറ്റി സംവിധാനം ശക്തമാ ക്കുന്നതിനായി വാക്കിടോക്കി ഉൾപ്പെടെയുള്ള വിവിധ ആധുനിക സംവിധാനങ്ങൾ പുതു തായി ഒരുക്കി നൽകും. ഇതിനായി **7 ലക്ഷം രൂപ** വകയിരുത്തുന്നു.

**73. പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് തുക വർദ്ധിപ്പിക്കും.**

കേരള സർവകലാശാലയുടെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് തുക ഇപ്പോൾ 20,000 രൂപയാണ് നൽകിവരുന്നത്. ഡോക്ടറേറ്റ് ബിരുദധാരികളായ പി.ഡി.എഫ്. സ്കോളേഴ്സിന്റെ തുടർ ഗവേഷണത്തിനും ഇതര പഠനാവശ്യങ്ങൾക്കും കൂടുതൽ ചിലവു കൾ ഉ ായിവരുന്നത് പരിഗണിച്ച് **30,000 രൂപ**യായി സ്കോളർഷിപ്പ് വർദ്ധിപ്പിക്കുന്നു. പഠ നവകുപ്പുകളിലെ പഠനപ്രവർത്തനങ്ങളിൽ പോസ്റ്റ് ഡോക്ടറൽ ഫെലോയുടെ പങ്കാളിത്തം ഉറപ്പാക്കും.

**74. ഹരിതാലയം പദ്ധതിയുടെ മൂന്നാംഘട്ടം കൂടുതൽ ശക്തമാക്കും, കാർഷിക ഫെലോഷിപ്പ് തുടരും.**

വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരവും ചിന്തയും വളർത്താനും ഉയർത്താനും പര്യപ്തമായ വിപുലമായ പദ്ധതികളാണ് ഹരിതാലയത്തിലുള്ളത്. കാർഷിക വൃത്തിയിൽ

നേരിട്ടും അല്ലാതെയും പങ്കാളിത്തം ഉറപ്പാക്കുന്ന പ്രസ്തുത പദ്ധതി വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്തും. ഈ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന എല്ലാ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കി തുടർന്നും നടത്തും. ഇതിനായി **8 ലക്ഷം രൂപ** വകയിരുത്തുന്നു.

**75. സെന്റർ ഫോർ ട്രാൻസിലേഷൻ ആന്റ് ട്രാൻസിലേഷൻ സ്റ്റഡിസ് ഹിന്ദി പഠനവകുപ്പിന്റെ ഭാഗമാക്കി കാര്യക്ഷമമായി പ്രവർത്തിപ്പിക്കും.**

ട്രാൻസിലേഷൻ രംഗത്ത് ഒട്ടേറെ നൂതന സംരംഭങ്ങൾക്കും സാധ്യതകൾക്കും വഴി തുറക്കാനാകുന്ന സെന്ററാണ് സെന്റർ ഫോർ ട്രാൻസിലേഷൻ ആന്റ് ട്രാൻസിലേഷൻ സ്റ്റഡിസ് സെന്റർ. പ്രസ്തുത സെന്ററിനെ ഹിന്ദി പഠന വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കി പുനസംഘടിപ്പിക്കും. വർക്ഷോപ്പുകൾക്കും, പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുമായി **3.50 ലക്ഷം രൂപ** അനുവദിക്കുന്നു.

**76. മികച്ച പ്രോജക്ടുകൾക്ക് അംഗീകാരം നൽകും.**

പുറത്തുള്ള വിവിധ ഏജൻസികളിൽനിന്ന് കുടുതൽ തുകയുള്ള പ്രോജക്ടുകൾ സർവകലാശാലയിലേക്ക് കൊ  ുവരുന്ന പഠന വകുപ്പിലെ തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് അംഗീകരവും സമ്മാനവും നൽകും. ഇതിനായി **2 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**77. സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ സെന്റർ (KUBIIC) പ്രവർത്തനം വിപുലീകരിക്കും.**

പഠന ഗവേഷണങ്ങളെ നിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെടുത്താനാകുന്ന തരത്തിൽ സ്റ്റാർട്ടപ്പുകൾ കൂടുതൽ തുടങ്ങുന്നതിന് സൗകര്യമൊരുക്കും. സീഡ് മണി നൽകുന്നതിനും യുവ സംരംഭകർക്ക് പുതിയ ആശയങ്ങൾ നൽകാനുതകുന്ന ശില്പശാലകൾ, വ്യവസായ നിക്ഷേപകരുമായുള്ള ഇടപെടലുകൾ എന്നിവ ഉൾക്കൊള്ളുന്ന വിവിധ പ്രവർത്തനങ്ങൾക്കായി KUBIIC ന് **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**78. പുനരുപയോഗ ഊർജ്ജ സംവിധാനങ്ങളുടെ ഗവേഷണത്തിനും ബാറ്ററി പ്രോട്ടോ ടൈപ്പുകളുടെ നിർമ്മാണത്തിനും സഹായം നൽകും.**

സർവ്വകലാശാലയുടെ സെന്റർ ഫോർ റിന്യൂവബിൾ എനർജി മെറ്റീരിയൽസിൽ വൈദ്യുത വാഹനങ്ങൾക്കുള്ള ഊർജ്ജ സംഭരണ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണം നടന്നു വരികയാണ്. പ്രസ്തുത പഠന ഗവേഷണത്തിനും അതിനു സഹായകമായ ബാറ്ററി പ്രോട്ടോ ടൈപ്പുകളുടെ നിർമ്മാണ സാധ്യതകൾക്കുമായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**79. വി. കെ. കൃഷ്ണമേനോൻ ഇന്റർനാഷണൽ റിലേഷൻസ് സെന്ററിന് സഹായം.**

ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസിലെ വി. കെ. കൃഷ്ണമേനോൻ സെന്ററിന് മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിന്റ 75-ാം വാർഷികത്തിന്റെ ഭാഗമായുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് **2.5 ലക്ഷം രൂപ** അനുവദിക്കുന്നു.

**80. അറബി മലയാള ഗദ്യ സാഹിത്യങ്ങളെ കുറിച്ചുള്ള ഗവേഷണപഠനത്തിന് അവസരമൊരുക്കും.**

അറബി മലയാളത്തിലെ ഗദ്യസാഹിത്യത്തെക്കുറിച്ചുള്ള ഗവേഷണപഠനങ്ങൾ നടത്തുന്നതിനും മറ്റുമായി **2 ലക്ഷം രൂപ** അറബിക് പഠനവകുപ്പിന് നൽകുന്നു.

**81. സർവ്വകലാശാല ബോട്ടണി പഠനവകുപ്പിൽ ജലസസ്യ കൺസർവേറ്ററി സ്ഥാപിക്കും.**

ഔഷധമൂല്യവും, അലങ്കാരമൂല്യമുള്ളതും, വംശനാശഭീഷണി നേരിടുന്നതുമായ ജല സസ്യങ്ങളെ സംരക്ഷിച്ചു വളർത്തുന്ന ജലസസ്യ കൺസർവേറ്ററി ബോട്ടണി വകുപ്പിൽ സ്ഥാപിക്കും. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു

**82. വൈവിദ്ധ്യമാർന്ന മുളകളുടെ 'ബാംബുസൈറ്റം' കാര്യവട്ടം കാമ്പസിൽ സ്ഥാപിക്കും.**

വിവിധ 'മുള'കളുടെ ശേഖരണത്തിനും, സംരക്ഷിച്ചു വളർത്തലിനും വഴിതുറക്കുന്ന 'ബാംബുസൈറ്റം' കാര്യവട്ടം കാമ്പസിൽ ബോട്ടണി പഠനവകുപ്പിന്റെ നേതൃത്വത്തിൽ സ്ഥാപിക്കും. ഇതിനായി **4 ലക്ഷം രൂപ** വകയിരുത്തുന്നു

**83. ഓട്ടോമാറ്റിക് വെതർ സ്റ്റേഷനും, പ്രാക്ടിക്കൽ ലാബും സ്ഥാപിക്കും.**

കാലാവസ്ഥാ ശാസ്ത്ര പഠന ഗവേഷണാവശ്യങ്ങൾക്ക് പ്രാക്ടിക്കൽ ലാബും, സ്വയം നിയന്ത്രിത കാലാവസ്ഥാനിരീക്ഷണ സംവിധാനവും സർവ്വകലാശാലയുടെ പരിസ്ഥിതി ശാസ്ത്ര വിഭാഗത്തിൽ സ്ഥാപിക്കും. ഇതിനായി **4 ലക്ഷം രൂപ** വകയിരുത്തുന്നു.

**84. കാൻസർ പഠന ഗവേഷണത്തിനായി ഫ്ളോസൈറ്റോമെട്രി സംവിധാനം ഒരുക്കും.**

കാൻസറിനെ പ്രതിരോധിക്കാനുതകുന്ന തരത്തിലുള്ള ഗൗരവമാർന്ന ഗവേഷണ പഠനങ്ങളാണ് ബയോകെമിസ്ട്രി വകുപ്പിലെ അഡ്വാൻസ്ഡ് കാൻസർ റിസേർച്ച് സെന്ററിൽ നടന്നുവരുന്നത്. കാൻസറിനെ ക   ത്താനുൾപ്പടെ ഏറെ സഹായകരമായ ഫ്ളോ സൈറ്റോമെട്രി സംവിധാനം പ്രസ്തുത സെന്ററിൽ സ്ഥാപിച്ച് പഠന ഗവേഷണം ഊർജ്ജിതമാക്കാനായി **30 ലക്ഷം രൂപ** അനുവദിക്കുന്നു.

**85. ഇലക്ട്രോ ഫിസിയോളജി ലബോറട്ടറി ബയോകെമിസ്ട്രിയിൽ സ്ഥാപിക്കും.**

ജനോപകാരപ്രദമായ ഒട്ടേറെ പഠനഗവേഷണങ്ങളാണ് ബയോകെമിസ്ട്രി വകുപ്പിൽ നടന്നുവരുന്നത്. ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന തരത്തിൽ പ്രസ്തുത വകുപ്പിന് കൂടുതൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിച്ചു വരുന്നു. പുതിയ ലബോറട്ടറി വിഭാഗത്തിൽ 'ഇലക്ട്രോ ഫിസിയോളജി ലാബ്' ഒരുക്കുന്നതിനായി **40 ലക്ഷം രൂപ** അനുവദിക്കുന്നു.

**86. ഐസീബിൽ പുതിയ ലബോറട്ടറി.**

ഇന്റഗ്രേറ്റിവ് ബയോളജിയിൽ ശ്രദ്ധേയമായ പഠനഗവേഷണങ്ങൾ സർവ്വകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇവല്യൂഷണറി & ഇന്റഗ്രേറ്റിവ് ബയോളജിയിൽ നടന്നു വരുന്നു  ്. പ്രസ്തുത സെന്ററിൽ ലബോറട്ടറിയും അനുബന്ധ വികസനങ്ങളും സാധ്യമാക്കുന്നതിനായി **40 ലക്ഷം രൂപ** അനുവദിക്കുന്നു.

**87. കേരള പഠനവിഭാഗത്തിന്റെ വിവിധ പരിപാടികൾക്ക് സഹായം നൽകും.**

പുതുശ്ശേരി സ്മാരക സെമിനാർ, സാമൂഹിക സാംസ്കാരിക പ്രഭാഷണങ്ങൾ, പുസ്തക പ്രകാശനം തുടങ്ങിയ വിവിധ അക്കാദമിക് പ്രവർത്തനങ്ങൾക്കായി സർവ്വകലാശാലയുടെ കേരള പഠനവകുപ്പിന് 5 ലക്ഷം രൂപ അനുവദിക്കുന്നു. 'മലയാള മാധ്യമ പ്രവർത്തനം' 'സർഗ്ഗരചന'എന്നിവയിൽ ഡിപ്ലോമ കോഴ്സുകൾ സ്ഥിരമായി സംഘടിപ്പിക്കുന്നതിനുള്ള തുടക്ക പ്രവർത്തനങ്ങൾക്കായി 3 **ലക്ഷം രൂപ** അനുവദിക്കുന്നു.

**88. മുടികൊഴിച്ചിലിന് കുടലിലെ സൂക്ഷ്മാണുക്കളുമായുള്ള ബന്ധത്തെ പഠന വിധേയമാക്കുന്നു.**

മനുഷ്യന്റെ ദഹന വ്യവസ്ഥയിൽ കുടലിനുള്ള സ്ഥാനം വളരെ വലുതാണ്. കുടലിലെ അണുക്കളും മനുഷ്യന്റെ ആരോഗ്യവും തമ്മിൽ വലിയ ബന്ധമുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട്. മുടികൊഴിച്ചിൽ എന്ന അസാധാരണ അവസ്ഥക്ക് കുടലിലെ സൂക്ഷ്മാണുക്കളുമായുള്ള ബന്ധം പഠനവിധേയമാക്കേണ്ടതുണ്ട്. പ്രസ്തുത പഠന, ഗവേഷണത്തിനായി സർവ്വകലാശാല സുവോളജി വകുപ്പിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ റീജനറേറ്റീവ് മെഡിസിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**89. പ്ലാന്റ് സയൻസിലെ പഠന ഗവേഷകർക്ക് പ്രത്യേക പരിശീലന പദ്ധതി.**

'പ്ലാന്റ് സയൻസിൽ' ഉന്നത ബിരുദം നേടുകയും, ഗവേഷണം നടത്തുകയും ചെയ്യുന്നവർക്ക് പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിക്കാൻ പരിശീലനമൊരുക്കുന്നത് അവരുടെ തൊഴിൽ അവസരങ്ങളെ വർദ്ധിപ്പിക്കുമെന്ന് കാണുന്നു. ഇതിനും അനുബന്ധ പരിശീലനങ്ങൾക്കും സാധ്യമാകുന്ന തരത്തിൽ ബോട്ടണി പഠനവകുപ്പിൽ ഫിനിഷിംഗ് സ്കൂൾ സ്ഥാപിക്കുന്നതിനായി **4 ലക്ഷം രൂപ** വകയിരുത്തുന്നു.

**90. ഹെർബൽ സസ്യങ്ങളെയും അവയിൽ നിന്നുള്ള ഔഷധങ്ങളെയും സംബന്ധിച്ച പഠന ഗവേഷണം വികസിപ്പിക്കും.**

ഹെർബൽ സസ്യങ്ങളെയും അവയിൽ നിന്നുൽപ്പാദിപ്പിക്കുന്ന മരുന്നുകളെയും അവയുടെ ഫല സാധ്യതകളെയും സംബന്ധിച്ച പഠന ഗവേഷണങ്ങൾ സർവ്വകലാശാലയുടെ ബോട്ടണി പഠനവകുപ്പിൽ നടന്നുവരികയാണ്. പ്രസ്തുത പഠന ഗവേഷണത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**91. ബയോകെമിസ്ട്രി പഠനവകുപ്പിൽ ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കും.**

കേരള സർവ്വകലാശാലയുടെ ബയോകെമിസ്ട്രി പഠനവകുപ്പിൽ ജീവിതശൈലി രോഗത്തെക്കുറിച്ച് പഠനഗവേഷണങ്ങൾ നടന്നു വരുന്നുണ്ട്. പ്രസ്തുത പഠനഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജീവിതശൈലി രോഗനിർണ്ണയത്തിൽ ചികിത്സയ്ക്കും ഉതകുന്ന വിധത്തിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ മെഡിക്കൽ ക്യാമ്പുകൾ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നതിന് **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**92. മത്സ്യകർഷകരെ സഹായിക്കാൻ കേരള സർവ്വകലാശാല ആപ്പ് വികസിപ്പിക്കും.**

മത്സ്യക്കൃഷിക്ക് കൂടുതൽ സാധ്യതകളൊരുക്കാൻ പര്യാപ്തമാകുന്ന വിധത്തിൽ സമ്പൂർണ്ണവിവരങ്ങൾ കർഷകർക്ക് നല്കുന്നതും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതുമായ ഒരു മൊബൈൽ ആപ്പ് സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി വകുപ്പ് വികസിപ്പിച്ച് നൽകും. അതിന്റെ ഉപയോഗം സംബന്ധിച്ചു പരിശീലന പദ്ധതികളും നടപ്പാക്കും. ഇതിനായി **6 ലക്ഷം രൂപ** അനുവദിക്കുന്നു.

**93. അക്വാപോണിക്സ് കൃഷിരീതിക്ക് കൂടുതൽ സാധ്യതകൾ സൃഷ്ടിക്കും.**

സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി വകുപ്പ് മത്സ്യക്കൃഷിയും, പച്ചക്കറിക്കൃഷിയും സമന്വയിപ്പിച്ചുകൊണ്ടുള്ള അക്വാപോണിക്സ് കൃഷിരീതി വ്യാപകമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഗ്രീൻ എൻജി സാധ്യതകൾ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതി വീടുകളിലും ഫ്ളാറ്റുകളിലും പ്രവർത്തി പഥത്തിലെത്തിക്കുവാനുള്ള സംവിധാനമാണ്. ഇതിനായി **3.5 ലക്ഷം രൂപ** അനുവദിക്കുന്നു.

**94. സെന്റർ ഫോർ ഇൻഫർമേഷൻ ലിറ്ററസി സ്റ്റഡീസിന്റെ ബോധവൽകരണ പ്രവർത്തനങ്ങൾക്ക് സഹായം നല്കും.**

സെന്റർ ഫോർ ഇൻഫർമേഷൻ ലിറ്ററസി സ്റ്റഡീസ് കർഷകർ പരിസ്ഥിതി പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ സ്ത്രീകൾ എന്നിങ്ങനെ വിവിധ മേഖലകളിലുള്ളവർക്ക് സാമൂഹിക ജീവിതത്തിന്റെ വിവിധ സാധ്യതകൾ ഉപയോഗിക്കാനാകുന്ന ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ആവശ്യത്തിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**95. സ്റ്റാറ്റിസ്റ്റിക്കൽ കണ്സൾട്ടൻസിക്ക് പ്രത്യേക കേന്ദ്രം സ്ഥാപിക്കും.**

ഡിപ്പാർട്ട്മന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സിന്റെ നേതൃത്വത്തിൽ ജനിതക ശാസ്ത്രം, സസ്യപ്രജനനം, കൃഷി, ലൈഫ് സയൻസ് മെഡിക്കൽ സയൻസ്, സോഷ്യൽ സയൻസ് ഉൾപ്പെടെയുള്ള വിവിധ മേഖലകളിലെ ഗവേഷണ പദ്ധതികൾക്ക് സഹായകകമായ സ്റ്റാറ്റിസ്റ്റിക്കൽ കൺസൾട്ടേഷനുകൾക്ക് സഹായകമായ പ്രത്യേക കൺസട്ടൻസി കേന്ദ്രം സ്ഥാപിക്കും. ഇതിനായി **6 ലക്ഷം രൂപ** അനുവദിക്കുന്നു.

**96. ആരോഗ്യപൂർണ്ണമായ വാർദ്ധക്യം ഉറപ്പുവരുത്തുന്നതിനുള്ള ഗവേഷണ പദ്ധതിക്ക് സഹായം നല്കും.**

ആരോഗ്യപൂർണ്ണമായ വാർദ്ധക്യം എന്ന ആശയം ഉൾക്കൊ ് കേരളസർവ്വകലാശാലയുടെ അഡ്വാൻസ്ഡ് സെന്റർ ഫോർ റീജനറേറ്റീവ് മെഡിസിൻ ഒരു ഗവേഷണ പദ്ധതിക്ക് രൂപം നല്കിയിട്ടു ്. യോഗയുടെ സാധ്യതകളും ആയുർവേദ മരുന്നുകളുടേയും പ്രക്രിയകളുടെയും സാധ്യതകളെ ഉൾപ്പെടുത്തിയുള്ള അന്തരീക്ഷം സജ്ജീകരിച്ച് മനുഷ്യന്റെ ശാരീരിക പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും വഴിയൊരുക്കുന്ന പദ്ധതിയാണിത്. ഇതിനായി **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**97. സഞ്ചരിക്കുന്ന പുസ്തക ശാലയൊരുക്കും.**

കേരള സർവ്വകലാശാലയുടെ നിലവിലുള്ള ട്രാൻസ്പോർട്ട് സംവിധാനം ഉപയോഗിച്ചുകൊ ് സഞ്ചരിക്കുന്ന ഒരു പുസ്തകശാല സജ്ജമാക്കും. സർവ്വകലാശാലയുടെ മുഴുവൻ പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വില്പന നടത്താനുതകുന്ന പുസ്തകശാല സജ്ജീകരിക്കുന്നതിനായി **7 ലക്ഷം രൂപ** അനുവദിക്കുന്നു.

**98. വൈജ്ഞാനിക ഭാഷാ ഗ്രന്ഥവരി സർഗ്ഗാത്മ പ്രതിഭാ ഗ്രന്ഥവരി, എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാലയുടെ പ്രകാശന വിഭാഗത്തിന് സഹായം നല്കും.**

വിജ്ഞാനം സാധാരണക്കാരിലേയ്ക്ക് എത്തിക്കാൻ പ്രാപ്തമാക്കുന്ന തരത്തിൽ ഇതര ഭാഷകളിലെ ഗ്രന്ഥങ്ങൾ മാതൃഭാഷയിലാക്കി പ്രസിദ്ധീകരിക്കുന്നതിനും, സർഗ്ഗ പ്രതിഭയുടെ വിവിധ മേഖലയിലുള്ള ഉന്നത വ്യക്തിത്വങ്ങളുടെ പ്രതിഭാവഴികൾ മാതൃഭാഷയിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നു. ഇതിനായി പ്രകാശനവിഭാഗത്തിന് **7 ലക്ഷം രൂപ** അനുവദിക്കുന്നു.

**99. ബയോടെക്നോളജി വകുപ്പിന്റെ പുതുതായി സ്ഥാപിച്ച കെട്ടിടത്തിൽ ആധുനിക ലബോറട്ടറിയും സ്ഥാപിക്കും.**

ബയോടെക്നോളജി വകുപ്പിൽ പുതിയ ആസ്ഥാന മന്ദിരം ലഭ്യമായിട്ടു ്. പ്രസ്തുത മന്ദിരത്തിൽ ആധുനിക സംവിധാനങ്ങളോടെ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് **40 ലക്ഷം രൂപ** അനുവദിക്കുന്നു.

**100 കാര്യവട്ടം ക്യാമ്പസിലെ നഴ്സറിസ്കൂൾ നവീകരിക്കും.**

ക്യാമ്പസ് നിവാസികളുടെ മക്കൾക്ക് ഏറെ പ്രയോജനകരമാണ് കാര്യവട്ടം ക്യാമ്പസിലെ നഴ്സറിസ്കൂൾ. ക്രഷും നഴ്സറിയും തൊട്ടടുത്തുള്ള ര ു കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളും സംവിധാനങ്ങളും കാലോചിതമായി നവീകരിക്കേ തു ് . ഇതിലേക്കായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**101. മലയാള വിഭാഗത്തിൽ ഭരണഭാഷാകോഴ്സും കമ്മ്യൂണിക്കേറ്റീവ് മലയാളം ഡിപ്ളോമയും ആരംഭിക്കും.**

സർക്കാരുദ്യോഗസ്ഥർക്കും അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും ഉപകാരപ്രദമാകുന്ന വിധത്തിൽ സർവ്വകലാശാലയുടെ മലയാളവിഭാഗത്തിൽ ഭരണഭാഷാകോഴ്സും, മലയാളഭാഷ തെറ്റുകൂടാതെ ഉപയോഗിക്കാൻ പ്രാപ്തമാക്കുന്ന കമ്മ്യൂണിക്കേറ്റീവ് മലയാളം ഡിപ്ളോമകോഴ്സും ആരംഭിക്കും. ഇതിനായി **3ലക്ഷം രൂപ** അനുവദിക്കുന്നു.

**102. മലയാളവിഭാഗത്തിൽ എൻഡോവ്മെന്റ്പ്രഭാഷണങ്ങൾ അനുവദിക്കും**

സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രതിഭകളെ ക്ഷണിച്ചുവരുത്തി കാലികപ്രാധാന്യമുള്ള സാമൂഹിക സാംസ്കാരിക വിഷയങ്ങളിൽ മലയാളവിഭാഗത്തിൽ എൻഡോവ്മെന്റ് പ്രഭാഷണങ്ങൾ സംഘടിപ്പിക്കും. അതുപോലെ തന്നെ ഭാഷാ സാഹിത്യ സാംസ്കാരിക വിഷയങ്ങളിൽ പുസ്തങ്ങൾ പ്രസിദ്ധീകരിക്കും. ഇതിനായി **5 ലക്ഷം രൂപ** അനുവദിക്കും.

**103. സർവ്വകലാശാലയുടെ സൈക്കോളജി വിഭാഗത്തിൽ പുതിയ ക്ളാസ്റൂമുകൾ നിർമ്മിക്കും.**

കാര്യവട്ടം ക്യാമ്പസിൽ സമൂഹത്തിനും പൊതുജനങ്ങൾക്കും ആവശ്യമായ മന:ശാസ്ത്രസേവനങ്ങൾ നൽകുന്ന പഠനവകുപ്പാണ് സർവ്വകലാശാലയുടെ സൈക്കോളജി പഠനവിഭാഗം. നിലവിലുള്ള കോഴ്സുകൾ സുഗമമായി നടത്തുന്നതിന് പ്രസ്തുത പഠനവകുപ്പിൽ സ്ഥലപരിമിതിയു ് . ഇതു പരിഹരിക്കാനായി നാല് ക്ലാസ്സ് മുറികൾ സൈക്കോളജി പഠനവകുപ്പിൽ പുതുതായി പണിയും ഇതിനായി **40 ലക്ഷം രൂപ** അനുവദിക്കുന്നു.

**104. സ്റ്റാഫ് റിക്രിയേഷൻ ക്ലബിൽ ഹെൽത്ത് ക്ലബ് തുറക്കും**

സർവ്വകലാശാലയുടെ സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഉപയോഗിക്കാവുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളുള്ള ജിംനേഷ്യവും ഹെൽത്ത് ക്ലബ്ബും തുറക്കും. ഇതിനായി ആദ്യഘട്ടത്തിൽ **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**105. സോഷ്യോളജി പഠനവകുപ്പിന്റെ ഒപ്പം പദ്ധതി വ്യാപിപ്പിക്കും**

സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന ഊരുകൂട്ടങ്ങളിൽ വിവിധസഹായങ്ങൾ എത്തിക്കുന്ന സോഷ്യോളജി പഠനവിഭാഗത്തിന്റെ ഒപ്പം പദ്ധതി കൂടുതൽ വിപുലമാക്കും. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**106. സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ നേതൃത്വത്തിൽ പൂന്തോട്ടങ്ങളും കാർഷിക പ്രവർത്തനങ്ങളും സജ്ജീകരിക്കും**

സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ നേതൃത്വത്തിൽ പൂന്തോട്ടങ്ങളും കാർഷിക പ്രവർത്തനങ്ങളും സജ്ജീകരിക്കുന്നതിന് പദ്ധതി തയ്യാറായിട്ടു ്. ഇതിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**107. പാളയം കാമ്പസിൽ ജീവനക്കാരുടെ മുൻകൈയോടെ 'മിയാവാക്കി വനം'**

കാര്യവട്ടം കമ്പസിൽ ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ മുൻകൈയോടെ മിയാവാക്കി വനം രൂപപ്പെടുത്തി വളർത്തിയെടുത്തിട്ടു ്. അതുപോലെ പാളയം കാമ്പസിൽ ഫിനാൻസ് ബിൽഡിങ്ങിനു സമീപം, ഇൻഡോർ ബാസ്കറ്റ്ബാൾ കോർട്ടിന് എതിർവശത്ത് മിയാവാക്കി മാതൃകയിൽ ജീവനക്കാരുടെ മുൻകൈയോടെ ഒരു ചെറു വനം രൂപപ്പെടുത്തണം. സമീപത്ത് സന്ദർശകർക്ക് തണൽ ഉള്ളിടത്ത് ഇരിപ്പിടവും ഒരുക്കണം. ഇതിനായി **2 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**108. സ്റ്റാഫ് റിക്രിയേഷൻ ക്ലബ് കെട്ടിടം നവീകരണം**

സർവ്വകലശാല ജീവനക്കാരുടെ കലാസാംസ്കാരിക രംഗത്തെ ഇടപെടലുകളുടെ പൊതുവേദിയാണ് സ്റ്റാഫ് റിക്രിയേഷൻ ക്ലബ്. പാളയത്തെ സ്റ്റാഫ് റിക്രിയേഷൻ ക്ലബ് കെട്ടിടം കാലപ്പഴക്കമുള്ളതാണ്. കെട്ടിടം നവീകരിക്കുന്നതിനായി **10 ലക്ഷം രൂപ** നീക്കി വെക്കുന്നു

**109. കാര്യവട്ടത്തെ ക്വാർട്ടേഴ്സുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കും.**

കാര്യവട്ടം കാമ്പസിൽ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ക്വാർട്ടേഴ്സുകളിൽ വൈദ്യുതി വോൾട്ടേജ് വളരെ കുറവാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി **30 ലക്ഷം** രൂപ അനുവദിക്കുന്നു.

**110. L E D ഡിസ്പ്ലേ ബോർഡുകൾ**

സർവ്വകലാശാലയുടെ മികച്ച വിഭവശേഷി വിവരിക്കുന്നതിനും, സേവനങ്ങൾ വിവരിക്കുന്നതിനുമായി 3 L.E.D ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കണം. പാളയത്ത് ഡോ: K. R. നാരായണൻ അമിനിറ്റി സെന്ററിന് സമീപവും, യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നിയമസഭാമന്ദിരത്തിന് സമീപവും, കാര്യവട്ടം കാമ്പസിലുമായി ഇവ സ്ഥാപിക്കുന്നതിന് **15 ലക്ഷം രൂപ** നീക്കിവക്കുന്നു.

**111. ഗവേഷണ സെമിനാറുകൾ**

സർവ്വകലാശാലക്കു കീഴിലെ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഗവേഷണാഭിരുചി വികസിപ്പിക്കുന്നതിന് സർവ്വകലാശാലയിലെ ഗവേഷണഫലങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊ ് കലാലയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**112. പാഠ്യപദ്ധതി പരിഷ്ക്കരണം**

2024 മുതൽ പുതിയ പാഠ്യപദ്ധതി നിലവിൽ വരുമെന്നാണ് കരുതുന്നത്. അതിന്റെ ഭാഗമായുള്ള സിലബസ് പരിഷ്ക്കരണത്തിന് ബഡ്ജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**113. അദ്ധ്യാപക പരിശീലനം**

പുതിയ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി അഫിലിയേറ്റഡ് കോളേജ് അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിന് (പുതിയ കരിക്കുലവും, പരീക്ഷാസമ്പ്രദായവും) **50 ലക്ഷം** രൂപ വകയിരുത്തുന്നു.

**114. വിദ്യാഭ്യാസ പഠന ഗവേഷണ വകുപ്പിൽ 'സെന്റർ ഫോർ ലേണിംഗ് ഇഞ്ചിനീയറിംഗ് ആന്റ് സസ്റ്റൈനബിലിറ്റി എഡ്യൂക്കേഷൻ' തുടങ്ങും.**

പരിസ്ഥിതി, സമ്പദ് വ്യവസ്ഥ, സമൂഹം എന്നിവയ്ക്കിടയിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള ധാരണ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പെഡഗോഗിക്കൽ സാങ്കേതിക വിദ്യകൾ സമന്വയിപ്പിക്കുന്ന ആവേശകരമായ പുതിയ മേഖലയാണ് സുസ്ഥിര വിദ്യാഭ്യാസം. വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ലേണിംഗ് ഇഞ്ചിനീയറിങ്ങും വിദ്യാഭ്യാസത്തിന്റെ സുസ്ഥിരതയും ഒരു കൂടക്കീഴിലാക്കിയുള്ള മുന്നേറ്റം വിദ്യഭ്യാസ മേഖലയിൽ പുതിയ സാധ്യതകൾ ഒരുക്കും. അതിനുപറ്റുന്ന പ്രവർത്തനങ്ങൾക്കായി സർവകലാശാലയുടെ വിദ്യാഭ്യാസ ഗവേഷണ വകുപ്പിൽ സെന്റർ ഫോർ ലേണിംഗ് ഇഞ്ചിനീയറിംഗ് ആന്റ് സസ്റ്റൈനബിലിറ്റി എഡ്യൂക്കേഷൻ തുടങ്ങും. ഇതിനായി **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**115. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി പഠന ഗവേഷണവകുപ്പിൽ ലബോറട്ടറി സൗകര്യം.**

സർവകലാശാലയുടെ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി പഠന ഗവേഷണവകുപ്പിൽ ലബോറട്ടറി സൗകര്യ വികസനത്തിന് **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**116. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് പുനർ നിർമ്മിക്കും**

വിവിധ കായിക പരിശീലനത്തിനും മത്സരങ്ങൾക്കും വേദിയാകുന്ന സ്റ്റേഡിയമാണ് യൂണിവേഴ്സിറ്റി സ്റ്റേഡിയം. ആദ്യമായി 1985 ലും പിന്നീട് 2009-ലും സംസ്ഥാനസർക്കാരിന്റെ സഹായത്തോടുകൂടിയാണ് ഈ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിച്ചത്. ഏകദേശം 20,000 ത്തിലധികം കാണികളെ ഉൾക്കൊള്ളാൻ കഴിയുന്ന ഈ സ്റ്റേഡിയം വിവിധ ദേശീയ അന്തർദേശീയ മത്സരങ്ങൾക്ക് വേദിയായിട്ടു ്. നിരവധി അന്തർദേശീയ ദേശീയ കായികതാരങ്ങൾ പരിശീലനം നടത്തുന്നതിന് ഈ സ്റ്റേഡിയം ഉപയോഗിക്കുന്നു ്. എന്നാൽ സിന്തറ്റിക് ട്രാക്കിന്റെ ആയുസ്സ് 10-12 വർഷം വരെ മാത്രമായതുകൊ ് പുനർനിർമ്മിക്കേ ത് ആവശ്യമായി വന്നു. ആയതിനാൽ സർക്കാർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് എന്നിവരുടെ സഹായത്തോടുകൂടി, സിന്തറ്റിക് ട്രാക്ക് പുനർ നിർമ്മിക്കുന്നതിനായി **50 ലക്ഷം രൂപ** പ്രാരംഭ തുകയായി വകയിരുത്തുന്നു.

**117. സർവകലാശാല ക്വാർട്ടേഴ്സുകൾ അറ്റകുറ്റ പണികൾ നടത്തി നവീകരിക്കും.**

കേരള സർവകലാശാലയുടെ ക്വാർട്ടേഴ്സുകൾ അറ്റകുറ്റ പണികൾ നടത്തി സുസജ്ജമാക്കുന്നതിനായി **50 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**118. സർവ്വകലാശാലയുടെ ആലപ്പുഴയിലെ റിസർച്ച് ആന്റ് സ്റ്റഡീസ് സെന്ററിൽ തിയേറ്റർ ക്ലാസ്റൂം നിർമ്മിക്കും.**

കേരള സർവ്വകലാശാലയുടെ ആലപ്പുഴയിലെ റിസർച്ച് ആന്റ് സ്റ്റഡീസ് സെന്ററിൽ സർവ്വകലാശാലയുടെ ഇതര പഠന വകുപ്പുകളിലേതുപോലെ ഒരു തിയേറ്റർ ക്ലാസ്റൂം ഒരുക്കും. പി. ജി. പഠനത്തിനും, ഗവേഷണത്തിനും ഏറെ സൗകര്യപ്രദമാകുന്ന പ്രസ്തുത തീയേറ്റർ ക്ലാസ്റൂമിന്റെ നിർമ്മാണത്തിനും അനുബന്ധസൗകര്യ വികസനത്തിനും **50 ലക്ഷം രൂപ** അനുവദിക്കുന്നു.

**119. കോഴ്സ് ഓൺ ഡിമാന്റിന് തുടക്കം കുറിക്കും**

കേരള സർവ്വകലാശാലയുടെ വിവിധ പഠനവകുപ്പുകളിലും, ക്ലിഫിലും കാലിക പ്രാധാന്യമുള്ള, തൊഴിൽ സാധ്യതയുള്ള വ്യത്യസ്ത കോഴ്സുകൾ റഗുലർ/ഈവ

നിംഗ്/വീക്കെൻഡ് സംവിധാനത്തിൽ ക്രെഡിറ്റ് ആനുപാതികമായി നിശ്ചയിച്ച് ഓൺലൈൻ/ ഓഫ്ലൈൻ രീതിയിൽ നടത്തും. ഇതിന്റെ പ്രാഥമിക ആവശ്യങ്ങൾക്കായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**120. പോസ്റ്റ് ഗ്രാജുവേഷൻ പഠനത്തിന് സഹായകമായ വീഡിയോക്ലാസുകൾ K U പാഠശാലവഴി ലഭ്യമാക്കും**

കേരള സർവ്വകലാശാലയിൽ വിവിധവിഷയങ്ങളിൽ ബിരുദാനന്തര ബിരുദത്തിന് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സഹായകമാകുന്ന തരത്തിൽ വീഡിയോക്ലാസുകൾ K U പാഠശാലവഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിനായി **5 ലക്ഷം രൂപ** അനുവദി ക്കുന്നു.

**121. ചരിത്രവകുപ്പിൽ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കൽ**

കേരള സർവകലാശാല ചരിത്ര വകുപ്പിന്റെ ഭാഗമായി ഒരു ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കുന്നതിന് തീരുമാനിക്കുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ക െത്തിയ പുരാവസ്തു ശേഖരങ്ങൾ നിലവിൽ ചരിത്ര വകുപ്പിൽ സൂക്ഷിച്ചിട്ടു ്. ഇവ ഹെറിറ്റേജ് മ്യൂസിയത്തിന്റെ ഭാഗമാക്കി മാറ്റുകയും, പോയ നാൾ വഴികളിൽ കേരള സംസ്കാരത്തിന്റെ അടയാളപ്പെടുത്തലുകൾ ആയിട്ടുള്ള സാധനസാമഗ്രികൾ ശേഖരിച്ച് സൂക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ ഉദ്യമത്തിന്റെ പിന്നിലെ പ്രധാന ലക്ഷ്യം. കോളേജ് തലങ്ങളിലും സ്കൂൾ തലങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് ചരിത്ര പഠനത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിന് ഈ മ്യൂസിയം തുറന്നു കൊടുക്കണം. ഇതിന്റെ പ്രാരംഭ പ്രവർത്ത നങ്ങൾക്ക് വേ ി **5 ലക്ഷം രൂപ** ബഡ്ജറ്റിൽ വകയിരുത്തുന്നു.

**122. ഭരണഘടനയ്ക്കൊപ്പം പദ്ധതി**

മാനവികതയുടെ മഹത്തായ മൂല്യങ്ങളാണ് നമ്മുടെ ഭരണ ഘടനയുടെ അന്തസത്ത. അതിന്റെ അന്തരശ്രുതി തലമുറയ്ക്ക് പകർന്നു നൽകുന്ന ബൃഹത്തായ പദ്ധതിയാണ് 'ഭരണഘടനയ്ക്കൊപ്പം' എന്നത്. സർവ്വകലാശാല പരിധിയിലെ തെരഞ്ഞെടുക്കപ്പെടുന്ന കോളേജുകളിൽ ഭരണഘടനാനുഭവങ്ങൾ പങ്കുവയ്ക്കുകയും ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിന് സർവ്വകലാശാല ചരിത്ര വകുപ്പിന്റെ മേൽനോട്ടത്തിൽ ഡോ. ബി. ആർ. അംബേദ്കർ ചെയറിന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്നതിന് **6 ലക്ഷ രൂപ** വകയിരുത്തുന്നു.

**123. കടലാളരും ഗൾഫ് കുടിയേറ്റവും: ഒരു സാമൂഹിക സാമ്പത്തിക പഠനം**

സാമ്പത്തിക ഉന്നമനം കുടിയേറ്റത്തിന്റെ ഒരു പ്രഥമ ലക്ഷ്യമാണ്. ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണമാണ് കേരളത്തിലെ കുടിയേറ്റങ്ങൾ എല്ലാം തന്നെ. കുടിയേറ്റ ധാരയിൽ മുന്നേ നടന്നവർ സാമ്പത്തികമായും അതുവഴി സാമൂഹ്യമായും ഉന്നതി പ്രാപിച്ചു. 1970 കളിൽ ശക്തിപ്രാപിച്ച കുടിയേറ്റധാര ഇന്നും തുടർന്നു പോകുന്നു. കാലാനുസൃതമായ പല മാറ്റങ്ങൾക്കും കുടിയേറ്റ പ്രക്രിയ വിധേയമായിട്ടു ്. വിവിധ പിന്നോക്ക ജനവിഭാഗങ്ങൾ ഇതിന്റെ ഭാഗമായിട്ടുമു ്. അത്തരത്തിൽപ്പെട്ട ഒരു വിഭാഗമാണ് കടലാളർ. കാലാവസ്ഥാ വ്യതിയാനം, ആഗോളവത്കരണം തുടങ്ങിയവ മൂലമുള്ള മത്സ്യസമ്പത്തിന്റെ അപര്യാപ്തത, മാനവ- സാമൂഹ്യ മൂലധനങ്ങൾ എന്നിവ കടലാളരെ കുടിയേറുവാൻ പ്രേരിപ്പിക്കുന്നു, പ്രത്യേകിച്ചു യുവാക്കളെ. ഇത്തരത്തിൽ അവർക്കിടയിൽ നടക്കുന്ന വിദേശ കുടിയേറ്റത്തിന്റെ സാമൂഹിക സാമ്പത്തിക തലങ്ങളെക്കുറിച്ചു പ്രാഥമിക, ദ്വിതീയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പഠനം. ഇതിലേക്കായി **4 ലക്ഷം രൂപ** വകയിരുത്തുന്നു

**124. യു.ഐ.ടി. /യു. ഐ. എം. / ബി. എഡ്. സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കണം**

കേരള സർവകലാശാലയുടെ യു.ഐ.ടി. /യു. ഐ. എം. / ബി. എഡ്. സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇവയുടെ എല്ലാം അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്താൻ അതതു പ്രദേശത്തെ ജനപ്രതിനിധികളുമായി സർവകലാശാല ആശയ വിനിമയം നടത്തിയിട്ടു ്. ഭൂരിപക്ഷം സെന്ററുകളും നല്ലനിലയിൽ പ്രവർത്തിക്കുന്നു ്. എന്നാൽ ചില യു.ഐ.ടി. /യു. ഐ. എം. സെന്ററുകളുടെ പ്രവർത്തനം തൃപ്തികരമല്ല. അത് പരിഹരിക്കാൻ അതാതു സ്ഥലങ്ങളിൽ കഴിയുന്നില്ലെങ്കിൽ പ്രവർത്തനം മുന്നോട്ടു കൊ ുപോകാൻ കഴിയാതെവരും. അതിനാവശ്യമായ ഇടപെടലുകൾ സർവകലാശാലയിൽനിന്ന് അടിയന്തിരമായി ഉ ാകും. മികച്ച നിലയിൽ പ്രവർത്തിക്കുന്ന സെന്ററുകളുടെ വിവിധ സൗകര്യ വികസനത്തിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**125. അഫിലിയേറ്റഡ് കോളേജുകളിലെ ജീവനക്കാർക്ക് പരിശീലനം നൽകും**

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അഫിലിയേറ്റഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫുകൾക്ക് പരിശീലനം നൽകുവാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഒന്നാംഘട്ടം വിജയകരമായി പൂർത്തീകരിച്ചിട്ടു ്. ര ാംഘട്ട പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**126. കേരള ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസ മേഖലക്കായി നീക്കിവച്ചിട്ടുള്ള പദ്ധതികൾ നമ്മുടെ സർവകലാശാല പ്രയോജനപ്പെടുത്തണം.**

ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ മികവ് കൈവരിക്കുന്നതിന് സർവകലാശാലകളേയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സഹായിക്കുന്നതിനു സംസ്ഥാന ഗവണ്മെന്റ് പ്രത്യേക കർമ്മപദ്ധതിക്ക് 2023-24 ൽ രൂപം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടു ്. ഇതിനായി **816.79 കോടി രൂപ**യാണ് ഉന്നതവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യസത്തിനുമായി സംസ്ഥാന ഗവണ്മെന്റ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ നമ്മുടെ സർവകലാശാലയിൽ വിജയകരമായി നമുക്കു നടപ്പിലാക്കാൻ കഴിയണം.

**ട്രാൻസിലേഷണൽ ഗവേഷണത്തിനായി റിസ്ക് ഫ ്**

ഗവേഷണ ഫലങ്ങളെ ഉൽപാദന പ്രക്രിയയിലേക്ക് വാണിജ്യാടിസ്ഥാനത്തിൽ ട്രാൻസിലേറ്റ് ചെയ്യാൻ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക സ്ഥാപനങ്ങളോടൊപ്പം ചേർന്ന് വിജ്ഞാനോൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള റിസ്ക് കുറക്കുന്നതിനായി ഒരു ഗവേഷണ ഫ ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സാങ്കേതികവിദ്യകൾ ട്രാൻസിലേറ്റ് ചെയ്യുന്നതിനായി വ്യവസായങ്ങളും സർവകലാശാലകളുംകൂടി ചേർന്ന് രൂപീകരിക്കുന്ന SPV - യിൽ മൂലധനനിക്ഷേപത്തിനായി ഈ ഫ ് ഉപയോഗിക്കും. വിജകരമായി പ്രവർത്തിക്കുന്ന എസ്.പി.വി.കളുടെ വരുമാനത്തിൽനിന്നും ഫ ് തിരിച്ചുപിടിക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഗവേഷണ ഫ ിനുള്ള പ്രാരംഭ പിന്തുണയായി **10 കോടി രൂപ** സംസ്ഥാന ഗവണ്മെന്റ് നീക്കിവച്ചിട്ടു ്. ഈ സംരഭം കേരള സർവകലാശാല ട്രാൻസിലേഷൻ സെന്റർവഴി പ്രയോജനപ്പെടുത്താൻ ശ്രമിക്കും.

**മേക്ക് ഇൻ കേരള**

കേരളത്തിൽ ആഭ്യന്തര ഉൽപ്പാദനവും തൊഴിൽ/സംരംഭക/ നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാൻ സർവ്വ സൗകര്യങ്ങളും ഒരുക്കി ബൃഹത്തായ ഒരു മേക്ക് ഇൻ കേരള

പദ്ധതി വികസിപ്പിക്കും. സംസ്ഥാന സർക്കാരിന്റെ മേക്ക് ഇൻ കേരള പദ്ധതിക്ക് ആവശ്യമായ പിന്തുണ നൽകും. സർവകലാശാല ഗവേഷകരുടെ കൂട്ടായ്മ ഇതിനായി സജ്ജമാക്കണം.

**അന്താരാഷ്ട്ര ഗവേഷണ സ്കോളർഷിപ്പുകൾ**

പ്രതിവർഷം, ലോകത്തിലെ മികച്ച 200 സർവകലാശാലകളിൽ ഹ്രസ്വകാല ഗവേഷണ അസൈൻമെന്റുകൾ നേടുന്ന 100 ഗവേഷകരുടെ യാത്രാചെലവുകളും ജീവിത ചെലവുകളും പിന്തുണക്കുന്നതിനായി ഒരു ഹ്രസ്വകാല ഫെലോഷിപ്പ് ഗവണ്മെന്റ് ആരംഭിക്കുന്നു ്. ഇതിനായി 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടു ്. സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്ന അന്താരാഷ്ട്ര ഗവേഷണ സ്കോളർഷിപ്പിന് അർഹരാവുന്ന ഗവേഷകർക്ക് അവരുടെ ഹ്രസ്വകാല ഫെലോഷിപ്പ് പീരിയഡിൽ സർവകലാശാലയുടെ സഹായവും ലഭ്യമാക്കേ തു ്.

**കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫ ് (CSR ഫ ്)**

സി.എസ്.ആർ. ഫ ് ലഭ്യമാക്കാൻ കഴിയുന്ന മേഖലകളിൽ പ്രവർത്തിക്കുന്ന വകുപ്പുകളും സ്ഥാപനങ്ങളും അതിനുവേ ി പ്രത്യേക ശ്രമം നടത്തേ തു ്. സി.എസ്.ആർ. ഫ ിന്റെ സാധ്യതകളും ഉപയോഗവും പഠിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും സംസ്ഥാന ആസൂത്രണബോർഡ് മുൻകൈയെടുക്കും. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR)ഫ ് കൂടുതലായി ലഭ്യമാക്കിക്കൊ ് നമ്മുടെ സർവകലാശാലയുടെ വികസനപ്രവർത്തനങ്ങൾക്കു വേഗംകൂട്ടുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ സമിതിയെ സജ്ജമാക്കും.

ബഹുമാന്യരേ.

സർവ്വകലാശാലയുടെ കുതിപ്പിന് പുതിയ ചിറകുകൾ സമ്മാനിക്കുന്ന ഒട്ടേറെ പദ്ധതികൾ ഈ ബഡ്ജറ്റിലു ്. വളർച്ചയുടെ വഴികൾക്ക് കൂടുതൽ ഊർജ്ജം പകരുന്നതിന് ശക്തമായ ഇടപെടലുകൾ ആവശ്യമുള്ള വിഷയങ്ങളും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സർവകലാശാലയുടെ പ്രവർത്തനങ്ങൾ ലവലേശം തടസ്സമില്ലാതെ മുന്നോട്ടുപോകണമെങ്കിൽ വിവിധ മാർഗ്ഗങ്ങളിലൂടെ സർവകലാശാലയ്ക്കു ലഭിക്കേ വരുമാനങ്ങൾ ഉറപ്പാക്കേ തു ്. നഷ്ടങ്ങളു ാക്കുന്ന മേഖലകളിൽ കർശനമായ പരിഹാരമാർഗ്ഗങ്ങൾ നിർബന്ധമായും സ്വീകരിക്കേ തു ്. സുശക്തമായ ഒരു സാമ്പത്തിക ക്രമത്തിലൂടെ മാത്രമേ വികസനത്തിന്റെ പുതിയ പ്രഭാതങ്ങൾ സൃഷ്ടിക്കാൻ നമുക്കാവു. അതുകൊ ു തന്നെ സാമ്പത്തിക കാര്യങ്ങളിൽ ജാഗ്രതയാർന്ന നിലപാടുകളും സമീപനങ്ങളും നാം കൂടുതൽ സൂക്ഷിക്കേ തു ്. സർവകലാശാലയുടെ ബൗദ്ധിക സൗകര്യങ്ങളിൽ ശരവേഗതയിലെ വികസനമാണ് സാധ്യമാക്കിയത്. എന്നാൽ അവയെ പരിപാലിക്കുന്നതിനുള്ള ബാധ്യതകളും വന്നുചേരുന്നു ്. സർവകലാശാലയുടെ ക്ലിഫിലും ഇതര ലബോറട്ടറികളിലും തീയേറ്റർ ക്ലാസ്റൂമുകളിലും ലൈബ്രറികളിലും ഏറെ വിലപിടിപ്പുള്ള ഉപകരണങ്ങളു ്. അവയുടെ കൃത്യമായ മെയിന്റനൻസ് ശ്രദ്ധയേറെ വേ ഉത്തരവാദിത്തമാണ്. ആഭ്യന്തര വരുമാനത്തിന്റെ ഒരു നല്ലഭാഗം ഇതിനായി മാറ്റിവയ്ക്കുന്നു എന്നത് നമ്മുടെ ശ്രദ്ധയിൽ നിർബന്ധമായും ഉ ാകണം.

സർവകലാശായുടെ എല്ലാ സേവനങ്ങളും അതിവേഗം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനും നിരന്തരം പരിശോധിച്ച് പരിഷ്ക്കരിക്കുന്നതിനും സ്ഥിരം സംവിധാനങ്ങൾ ഉ ാകേ തു ്. പരീക്ഷാ ഫലങ്ങളും റീവാല്യൂവേഷൻ റിസൽട്ടുകളും സമയബന്ധിതമായിക്കൊ ുവരാൻ പരീക്ഷാ വിഭാഗം കൂടുതൽ ജാഗ്രതയോടെ പ്രവർത്തി

ക്കണം. അക്കാദമിക അവസരങ്ങൾ നഷ്ടപ്പെടാതെയും പരീക്ഷകൾ സമയബന്ധിതമായി നടപ്പാക്കിയും അഡ്മിഷനുകൾ സമയബന്ധിതമായി പൂർത്തീകരിച്ചും കൂടുതൽ ക്രിയാത്മ കമായ ഒരു പ്രവർത്തന പന്ഥാവ് നമ്മൾ തുറന്നുവയ്ക്കണം.

സർവകലാശാലയുടെയും അതുവഴി ജനസാമാന്യത്തിന്റേയും പുരോഗതിക്ക് ആവശ്യ മായ ജീവരക്തവും ജീവശ്വാസവും നിറഞ്ഞ ഒരു നയരേഖ സമർപ്പിക്കാനായതിന്റെ ചാരി താർത്ഥ്യത്തിലാണ് ഞാൻ. നടപ്പാക്കാൻ വിഭാവന ചെയ്ത പദ്ധതികൾ സർവകലാശാല യുടെ ഭാവിയുടെ ഭാവിയാണ്. അതിന്റെ സാഗരിമ നിങ്ങൾക്ക് തിരിച്ചറിയാനാകുമെന്ന് എനി ക്കുറപ്പു ്. വിദേശ സർവകലാശാലകളുമായുള്ള സഹകരണങ്ങൾക്കും ആരോഗ്യകരമായ മത്സരങ്ങൾക്കും പര്യാപ്തമായ വിഭവശേഷിയും ചിന്തയും സ്വപ്നവും ഈ നയരേഖയിൽ ഞാൻ സൂക്ഷിച്ചിട്ടു ്. സുമനസ്സുകളായ നാമോരുരുത്തരും കാലത്തിന്റെ മാറ്റം എല്ലാ അർത്ഥത്തിലും തിരിച്ചറിയണമെന്നാണ് എന്റെ അപേക്ഷ. ലോകം നമ്മളേയും വിളിക്കുന്നു ്. ആ വിളി കേൾക്കാൻ നമ്മുടെ തലമുറ പരിപൂർണ്ണമായും സജ്ജമാകേ തു ്. മണ്ണിൽ പദമൂന്നിനിന്നുകൊ ് സാർവ്വദേശിയതയുടെ വിഹായസ്സിലേക്ക് നമുക്കും പറക്കാ നാകണം. നമ്മുടെ തലമുറയെ പ്രതികരിക്കാൻ കൊള്ളാവുന്നവരും അതിരുകളില്ലാത്ത ലോകം സ്വപ്നം കാണുന്നവരും തികഞ്ഞ മാനവികതയിൽ വളരാൻ അഗ്രഹിക്കുന്നവരുമാ യിത്തീർക്കണം. സർവകലാശാലകൾ വിദ്യാർത്ഥികളുടേതാണ്. സ്വതന്ത്ര പഠനഗവേഷണ ത്തിന്റെ എല്ലാ സാധ്യതകളുമൊരുക്കി നിവർന്നുനിന്നു ലോകത്തെ കാണാൻ കഴിയുന്നവ രാക്കി തലമുറയെ മാറ്റുന്നതിന് സർവകലാശാലകൾക്കു കഴിയണം. അതിനു പര്യാപ്തമാ കുന്ന കൈകളിലേക്ക് ഈ ബഡ്ജറ്റിന്റെ ഓരോ നിർദ്ദേശവും ചെന്നുചേരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

'ചോരതുടിക്കും ചെറുകൈയുകളേ
പേറുക വന്നീ പന്തങ്ങൾ'

പ്രിയമുള്ളവരെ സമൂഹത്തിന്റെ പരിച്ഛേദമാണ് മഹത്തായ സർവകലാശാലയുടെ ശ്രേഷ്ഠമായ ഈ സഭ. ഈ സഭയ്ക്ക് അനുവദിക്കപ്പെട്ട നിയമപരവും ജനാധിപത്യപരവു മായ അവകാശങ്ങൾ എക്കാലവും നമ്മൾ അഭിമാനപൂർവ്വം ഉയർത്തിപ്പിടിച്ചിട്ടു ്. അതു കൊ ുതന്നെ നമ്മൾ ഭയമുള്ളവരല്ല. പാബ്ലോ നെരൂദയുടെ വിശുദ്ധവരികൾ മറന്നുപോ കാതെ നാം ഹൃദയത്തിൽ സൂക്ഷിക്കുന്നു.

"You can cut all the flowers
But you cannot keep spring from coming''

നന്ദി...നമസ്കാരം...

The House congratulated Adv. K H Babujan, Member Syndicate and Convenor of the Standing Committee of the Syndicate on Finance for presenting his seventh budget in the House.

The House Resolved to have discussions on the Financial Estimates of the University for the year 2023-24 and consideration of remaining items in the agenda in the next day's meeting.

***The Chair thanked the members for their co-operation and adjourned the meeting.***

***The meting came to a close at 2.00 pm.***

==========================================================================

***Day-3 : 31.03.2023 (Friday)***
***Time : 8.30 am***

**Members Present:**

1. (Dr.) Mohanan Kunnummal
   Vice-Chancellor (In the Chair)
2. Dr. Bindu K
3. Dr. Binu G Bheemnath
4. Sri. Vishnu A
5. Dr. B. Rajendran
6. Dr. Sobha K.D
7. Dr. Pramod Kiran R.B
8. Dr. Helen A
9. Dr. Nazeeb S
10. Dr. Vishnu V.S
11. Dr. Sabeen H.M
12. Sri. Jairaj. J
13. Dr. Babitha G.S
14. Sri. Sibi C Babu
15. Dr. Abraham A
16. Dr. Rani Abraham
17. Smt. Shajitha .S
18. Sri. Sony.P.John
19. Dr. M. Vijayan Pillai
20. Sri. R. Arunkumar
21. Dr. Pramod N
22. Dr. Soju S
23. Sri. B.P Murali
24. Sri. Praveen G Panicker
25. Sri. P. Rajendrakumar
26. Sri. Bijukumar .G
27. Sri. Anilkumar .R
28. Sri. Osbon .Y
29. Sri. Adithyan S.R
30. Sri. Ajinth Ajay
31. Sri. Arpan P Varghese
32. Sri. Muhammed Shahin A.S
33. Sri. Sandeep Lal .S
34. Smt. Sruthi M.R
35. Sri. Vishnu J
36. Sri. Suresh Babu R S
37. Smt. Yamuna Devi T.S
38. Sri. Ajayakumar V
39. Adv. Muralidharan Pillai G
40. Adv. B. Balachandran
41. Dr. Vinodkumar T.G Nair
42. Sri. Sri. Joy Sukumaran
43. Prof. A.M Unnikrishnan
44. Dr. N. P Chandrasekharan
45. Adv. K.H Babujan

46. Dr. K.B Manoj
47. Prof. K. Lalitha
48. Dr. Gopchandran K.G

The Chair welcomed the members present for the meeting

**അനുശോചനം**

ഇന്നു പുലർച്ചേ അന്തരിച്ച നോവലിസ്റ്റ്, ചെറുകഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തയായ ശ്രീമതി സാറാ തോമസിന്റെ നിര്യാണത്തിൽ ഈ സഭ അനുശോചനം രേഖപ്പെടുത്തുന്നു.

*A minute's Silence was observed as a mark of respect to the departed soul.*

The Vice-Chancellor then invited members for discussion on the budget.

**പ്രൊഫ എ എം ഉണ്ണികൃഷ്ണൻ**

വിശാലമായ വീക്ഷണം പുലർത്തുന്ന ബജറ്റിനെ സ്വാഗതം ചെയ്യുന്നു. ഹസ്ത ലിഖിത ഗ്രന്ഥാലയത്തിനു നേരത്തെ തന്നെ 5 കോടി രൂപ നീക്കി വച്ചിരുന്നു. അവിടുത്തെ താളിയോലകൾ ഡിജിറ്റൈസ് ചെയ്യുകയും ക്ലിഫിലെ സർവറിൽ അത് സൂക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇനി അത് പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്ന നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. ക്ലിഫിനെ മുഴുവൻ ഗവേഷകരുടെയും സൗകര്യത്തിനു പ്രയോജനപ്പെടുത്തുമെന്ന നിർദേശത്തെയും അഭിനന്ദിക്കുന്നു. സ്കോളേഴ്സ് വാലി സ്ഥാപിക്കുന്നത് , എ ആർ രാജ രാജ വർമ്മയുടെ പേരിൽ ട്രാൻസ്ലേഷൻ സ്റ്റഡി സെന്റർ തുടങ്ങുന്നത്, ക്യാമ്പസിൽ സൗരോർജം പ്രയോജനപ്പെടുത്താനുള്ള നിർദേശം എന്നിവ അഭിനന്ദനം അർഹിക്കുന്നു.

കവാട നിർമ്മാണം, നവോഥാന വീഥി തുടങ്ങിയവ കഴിഞ്ഞ ബജറ്റിലും വന്നതാണ് കെ യു റേഡിയോ തുടങ്ങുകയാണെങ്കിൽ ഹെറാൾഡിന്റെ പ്രവർത്തനത്തിന് അധികമായി തുക നീക്കി വാക്കേണ്ടതുണ്ടോ . പുറം 10 ൽ വിദൂര വിദ്യാഭ്യാസ കേന്ദ്രം എന്നാണ് പറഞ്ഞിരിക്കുന്നത്. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനെ കേവലം ഒരു സ്റ്റഡി സെന്റർ ആക്കി ചുരുക്കി പരാമർശിച്ചത് ശരിയായില്ല. ഭാഷാപരമായ അനവധാനതയും അക്ഷര പിശകം ഈ ബജറ്റിലും ആവർത്തിച്ചിട്ടുണ്ട്. മതനിരപേക്ഷ യോഗയ്ക്ക് വഴി തുറക്കും എന്ന് പറഞ്ഞിരിക്കുന്നു. യോഗ എന്നത് പതഞ്ജലി മഹർഷി യോഗസൂത്രത്തിലൂടെ ആവിഷ്കരിച്ച ലോകം മുഴുവൻ ഏറ്റു വാങ്ങിയ ഭാരതത്തിന്റെ മൗലികമായ വിജ്ഞാന സമ്പത്താണ്. മത നിരപേക്ഷ യോഗയ്ക്ക് ഒരു പുതിയ ആചാര്യനും ദർശനവും ഉണ്ടോ എന്നാണ് സംശയം. ലോകം ഏറ്റു വാങ്ങിയതിനെ നമ്മൾ തിരുത്തേണ്ട കാര്യമില്ല. സർക്കാർ ജീവനക്കാർക്കും തൊഴിലന്വേഷകർക്കും വിഭാവനം ചെയ്തു മലയാള വിഭാഗത്തിൽ തുടങ്ങാനുദ്ദേശിക്കുന്ന ഭരണഭാഷാ കമ്മ്യൂണിക്കേറ്റീവ് മലയാളത്തിൽ ഡിപ്ലോമ പ്രോഗ്രാമും സർവകലാശാലക്കു കൂടി പ്രയോജനപ്പെടുത്താൻ കഴിയണം. നവകേരള സൃഷ്ടിക്കു ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിൽ മഹാപുരുഷനായ ചട്ടമ്പി സ്വാമികളുടെ പേര് പോലും വിസ്മരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ സമാധിയുടെ നൂറാം വാർഷികം ആഘോഷിക്കുന്ന, അദ്ദേഹത്തെക്കുറിച്ചു ധാരാളം

പഠനങ്ങൾ വന്നു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തെ തമസ്കരിക്കുന്നത് ശരിയല്ല. അദ്ദേഹത്തെക്കുറിച്ചുള്ള പഠനങ്ങളിൽ നിന്നും കിട്ടുന്ന വിവരങ്ങൾ വയ്യാകരണൻ, ഭാഷാ ശാസ്ത്രജ്ഞൻ, സാമൂഹിക ഭാഷാ ശാസ്ത്രജ്ഞൻ, സാഹിത്യ വിമർശനത്തിന്റെ തുടക്കക്കാരൻ ഭാഷാ വിമർശനത്തിന്റെ സമുദ്ധാരകൻ, ക്രിട്ടിക്കൽ ഡിസ്ക്കോസ് അനാലിസിന്റെ ആദ്യത്തെ പ്രയോക്താവ്, ഗദ്യത്തിന്റെ കരുത്ത് ലോകത്തിനു മുൻപിൽ തെളിയിച്ച ആൾ, സ്ഥല നാമ സ്ഥാന നാമ പഠനങ്ങളുടെ ആദ്യ പഥികൻ, ഫോക്‌ലോറിന്റെ മാർഗദർശി അക്കാദമിക ഗവേഷണത്തിന്റെ തുടക്കക്കാരൻ,നവോഥാന നായകൻ ചരിത്രകാരൻ, കാലമർമജ്ഞൻ എന്നിങ്ങനെ വിവിധ നിലകളിൽ കേരളത്തിന്റെ വിജ്ഞാന മണ്ഡലത്തെ ദീപ്തമാക്കിയ ഒരു മഹാ പുരുഷനാണ് അദ്ദേഹം എന്നാണ് . നമ്മുടെ സർവകലാശാലയിൽ പ്രവർത്തിച്ചു വരുന്ന മറ്റു അന്താരാഷ്ട്ര പഠന കേന്ദ്രങ്ങൾക്കൊപ്പം സുപ്രധാനമായ ഒരു സ്ഥാപനം സ്ഥാപിച്ചു അവിടെ അക്കാദമിക് പ്രവർത്തനങ്ങൾ ഡിപ്ലോമ കോഴ്സ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം കേന്ദ്ര കേരള സർവകലാശാല, മലയാളം സർവകലാശാല എന്നിവടങ്ങളിൽ ഇപ്പോൾ തന്നെ ചട്ടമ്പി സ്വാമികളുടെ പേരിൽ പഠന കേന്ദ്രങ്ങൾ ഉണ്ട്. പുതിയ സർവകലാശാലകൾ പോലും മനസിലാക്കി പ്രയോജനപ്പെടുത്തുന്ന വിജ്ഞാനത്തിന്റെ ഈ നവനിർമ്മാണ പ്രവർത്തനങ്ങൾ സർവകലാശാല തമസ്കരിക്കുകയാണെങ്കിൽ ചരിത്രം എന്നും ചോദ്യം ചെയ്യും. അതിനു ഇട വരുത്താതിരിക്കണം എന്ന് മാത്രമാണ് എന്റെ അഭിപ്രായം.

<u>ഡോ കെ ബിന്ദു</u>

കേരള സർവകലാശാല സെനറ്റിൽ എനിക്ക് വീണ്ടും അവസരം ലഭിച്ചത് കഴിഞ്ഞ ദിവസം വന്ന കോടതി വിധിയിലൂടെ ആണ്. വിധി നേടാൻ പ്രയത്നിച്ച ഓരോ വ്യക്തിയെയും അഭിനന്ദിക്കുന്നു. ഉയർന്ന ജനാധിപത്യ ബോധമുള്ള ജനതയും അവരുടെ ജനകീയ സർക്കാരുമാണ് ഉയരങ്ങളിലേക്ക് കുതിക്കുന്ന ഈ നാടിന്റെ അടിസ്ഥാനം ഞാൻ ഈ ബജറ്റിനെ പൂർണമായി പിന്തുണക്കുന്നു. സമഗ്രവും ദീർഘവീക്ഷണമുള്ളതുമായ ഈ ബഡ്ജറ്റ് A++ നേടിയ സർവ്വകലാശാലയെ കൂടുതൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ സഹായിക്കും. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിയും സംഗീത വിഭാഗത്തെ കേരളത്തിലെ ഒരു മികച്ച സംഗീത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതിനു സർവകലാശാലയുടെ അകമഴിഞ്ഞ പിന്തുണയുണ്ട്. ബജറ്റിൽ പ്രഖ്യാപിച്ച സ്വാതി തിരുന്നാൾ സ്മാരക റെക്കോർഡിങ് സ്റ്റുഡിയോ, വളരുന്ന സാങ്കേതിക വിദ്യയുടെ പിന്തുണയോടെ കൂടുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുന്നതിനുള്ള സംഗീത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്നതാണ്. സിൽവർ ജൂബിലി ആചരിക്കുന്ന സംഗീത വിഭാഗത്തിനു ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പരിപാടികൾക്ക് എല്ലാവരുടെയും സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിപ്പാർട്മെന്റിലെ ചില അറ്റകുറ്റ പണികൾക്കായി ഒരു 1.5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

<u>ശ്രീ വി അജയകുമാർ</u>

കുറച്ചു കാലങ്ങൾക്കു ശേഷം സെനറ്റിൽ തിരിച്ചു വരാൻ കഴിഞ്ഞതിലുള്ള സന്തോഷം പങ്കു വക്കുന്നു. നവീന ചിന്തകളുള്ള ബജറ്റിനെ ഞാൻ പിന്തുണക്കുന്നു. സർവകലാശാല എന്ന വാക്ക് പൂർണ അർത്ഥത്തിൽ ഉപയോഗിക്കാനാവശ്യമായ

ഇടപെടലുകൾ, മൾട്ടിഡിസിപ്ലിനറി സെന്റർ ആയി കാര്യവട്ടം ക്യാമ്പസിനെ മാറ്റിയെടുക്കുന്നത്, കലക്കും നൃത്തത്തിനും മറ്റെല്ലാ ശാസ്ത്രീയ രംഗത്തുള്ള കാര്യങ്ങൾക്കും പ്രാധാന്യം കൊടുത്തിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾ ഈ ബജറ്റിൽ നടത്തിയിട്ടുണ്ട്. തികച്ചും നവീനമായ ആശയമായ സ്കോളേഴ്സ് വാലി, നിയമവകുപ്പിലും വിദ്യാഭ്യാസ പഠന വകുപ്പിലും ഇൻറഗ്രേറ്റഡ് പ്രോഗ്രാം അടുത്ത അക്കാദമിക വർഷം ആരംഭിക്കും എന്നിവ വളരെ സന്തോഷത്തോടെയാണ് കാണുന്നത്. തീരദേശത്തു ധാതുക്കൾ കണ്ടെത്തുന്നതിനുള്ള പഠനത്തിൽ കേരള സർവകലാശാല വിജയിക്കുകയാണെങ്കിൽ കേരളത്തിൻറെ സാമ്പത്തിക കാര്യങ്ങളെ മാറ്റിമറിക്കാൻ കഴിയുന്ന കാര്യങ്ങൾക്ക് മാർഗനിർദേശം നല്കാൻ കേരള സർവകലാശാലക്ക് കഴിയും. ഗവേഷണ പ്രബന്ധങ്ങൾ അന്താരാഷ്ട്ര ജേർണലുകളിൽ ഉൾപ്പെടുത്താൻ സഹായം, isbn ഉള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ സഹായം ഇതൊക്കെ തികച്ചും ഇന്നൊവേറ്റീവ് ആയ ചിന്തകളിൽ നിന്നുമാണ് ഉണ്ടാകുന്നത്. കാൻസർ ഗവേഷണത്തിന് 30 ലക്ഷം രൂപ മാറ്റിവച്ചുകൊണ്ടു സർവകലാശാല ഗവേഷണ കേന്ദ്രമാണ് എന്ന് പ്രഖ്യാപിച്ചിരിക്കുന്നു. മുടികൊഴിച്ചിലുമായി ബന്ധപ്പെട്ട പഠനം, മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുള്ള ആപ്പ് വികസിപ്പിക്കുന്നത്, അക്വാപോണിക്സ് , ആരോഗ്യപൂർണമായ വാർദ്ധക്യം ഉറപ്പ വരുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ലോകനിലവാരത്തിലുള്ള സർവകലാശാലയിൽ കാണാൻ കഴിയുന്നതാണ്. ഗവേഷണ സെമിനാറുകൾ, അധ്യാപക പരിശീലനം എന്നിവയും നല്ല ആശയങ്ങളാണ്. അധ്യാപക പരിശീലനം കുടുതൽ ആഴത്തിലുള്ളതും പുതിയ കാലഘട്ടത്തിന്റെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതും ഗവേഷണ പ്രാധാന്യം ഉള്ളതുമാകണം. ലോക നിലവാരത്തിലുള്ള എക്സ്പെർട് കൺസൾട്ടേഷനുള്ള അവസരം കൂടി ബജറ്റിൽ കൊണ്ടുവരണമെന്ന നിർദേശത്തോടെ ബജറ്റിനെ സ്വാഗതം ചെയ്യുന്നു.

<u>ഡോ വിഷ്ണു വി എസ്</u>

A++ നേടിയ സർവകലാശാലക്ക് മുന്നോട്ടു പോകാൻ കരുത്ത് പകരുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റിയെടുക്കുവാൻ ധനമന്ത്രി അവതരിപ്പിച്ച ബജറ്റിലെ ലക്ഷ്യത്തിലേക്കു നടന്നടുക്കുന്നത്തിനുള്ള ശ്രമം ആയിരുന്നു ഈ ബജറ്റ്. ലോകത്താകമാനം ഊന്നൽ കൊടുക്കുന്ന വിഷയങ്ങളോടൊപ്പം നമ്മളും ചേർന്ന് നിൽക്കുന്നു എന്നത് അഭിനന്ദനാർഹമാണ്.

പഠന വകുപ്പുകളുടെയും സെന്ററുകളുടെയും അദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും പരീക്ഷാർഥികളുടെയും സർവകലാശാല യൂണിയന്റെയും സംരംഭകരുടെയും ഒക്കെ ആവശ്യങ്ങളെ ഒരു പരിധി വരെ നിറവേറ്റാൻ ഉള്ള ശ്രമം ഈ ബജറ്റിൽ ഉണ്ട്. അഫിലിയേറ്റഡ് കോളേജിലെ ഗവേഷണ കേന്ദ്രങ്ങളെ സാറ്റലൈറ്റ് സെന്റർ ആക്കി ഉയർത്തുന്നത് ഗവേഷണ ജേർണലുകളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കാനുള്ള സഹായം എന്നിവ ഈ ബജറ്റിൽ വന്നു, എന്നാൽ അഫിലിയേറ്റഡ് കോളേജുകളിലെ ലൈബ്രറിക്ക് കഴഞ്ഞ വർഷം നൽകിയ പ്രോത്സാഹന സമ്മാനം , IQAC ക്കു ഫണ്ട് അനുവദിക്കുന്നത് എന്നിവ ബജറ്റിൽ വന്നില്ല. ഇക്കാര്യം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓഗ്മെന്റഡ് റിയാലിറ്റി വെർച്വൽ റിയാലിറ്റി, സ്കോളേഴ്സ് വാലി , ഫങ്ഷണൽ മെറ്റീരിയൽസ് ലാബ്, ക്ലിഫിനു നൽകുന്ന ധനസഹായം യൂണിവേഴ്സിറ്റി ലൈബ്രറിക്കുള്ള നൂതന ആശയങ്ങൾ, റിന്യൂവബിൾ എനർജിക്കും എനർജി സ്റ്റഡീസിനും മാറ്റിവച്ച തുക, ജിയോളജിക്കൽ മ്യൂസിയം എന്ന

ആശയം ഇതൊക്കെ ബജറ്റിന്റെ വിശാലമായ വീക്ഷണമാണ് കാണിക്കുന്നത്. സർവകലാശാലയുടെ ശ്രദ്ധ പതിയേണ്ട വിവിധ മേഖലകൾ തമ്മിലുള്ള പാരസ്പര്യം മനസിലാക്കി പരമാവധി ഇതിന്റെ ഉള്ളിലേക്ക് ചേർത്ത് നിർത്തുന്ന ബജറ്റാണ് ഇത്. ബജറ്റ് തയ്യാറാക്കിയ ടീമിന് അഭിനന്ദനങ്ങൾ. ബജറ്റ് അംഗീകരിക്കുന്നു.

**ശ്രീ വൈ ഓസ്റ്റോൺ**

ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ കെ എച് ബാബുജാൻ അവതരിപ്പിച്ച ബജറ്റിനെ സ്വാഗതം ചെയ്യുന്നു. ക്ലിഫിന്റെ പുരോഗതിക്കു 30 ലക്ഷം അനുവദിച്ചത്, കെ യു റേഡിയോയുടെ പ്രവർത്തനം തുടങ്ങുന്നത്, അഫിലിയേറ്റഡ് കോളേജുകളിലെ ജേർണലുകൾക്കുള്ള ധനസഹായം, ഗവേഷണ മേഖലയിലെ വികസനത്തിനായുള്ള പദ്ധതികൾ എന്നിവയെ സ്വാഗതം ചെയ്യുന്നു. ബ്രഹ്മപുരം മാലിന്യ സംസ്കരണ മേഖലയിൽ പാരിസ്ഥിക ആഘാത പഠനം, മത്സ്യ കർഷകരെ സഹായിക്കാൻ മൊബൈൽ ആപ്പ് വികസിപ്പിക്കാനുള്ള പദ്ധതി എന്നിവ പൊതുസമൂഹത്തോടുള്ള കരുതലാണ് കാണിക്കുന്നത്. മലയാളത്തിൽ ഭരണഭാഷ കോഴ്സ് ആരംഭിക്കുന്നതിനുള്ള തുക വകയിരുത്തിയത്, പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ ഓൺലൈൻ മൂല്യനിർണയ പദ്ധതി ആവിഷ്കരിച്ചത് എന്നിവ അഭിനന്ദനാർഹമാണ്. സെനറ്റ് ഹൗസ് ക്യാമ്പസിൽ ജിംനേഷ്യവും ഹെൽത്ത് ക്ലബും തുടങ്ങുന്നതിലൂടെയും റിക്രിയേഷൻ ക്ലബ് കെട്ടിട നവീകരണത്തിന് തുക അനുവദിച്ചതിലൂടെയും സർവകലാശാല ജീവനക്കാരെ ചേർത്ത് പിടിക്കുകയാണ്. അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും പരിശീലനത്തിനായി 50 ലക്ഷം രൂപ അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു, അനധ്യാപകരുടെ രണ്ടാം ഘട്ട പരിശീലനത്തിനായി വകയിരുത്തിയ 5 ലക്ഷം രൂപ കുറച്ചു കൂടി വർധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മികച്ച നിലയിൽ പ്രവർത്തിക്കുന്ന uit, uim, kucte കളുടെ വികസനത്തിന് അനുവദിച്ച 50 ലക്ഷം രൂപയുടെ പദ്ധതി അടിസ്ഥാന സൗകര്യമില്ലാത്ത സെന്ററുകളുടെ വികസനത്തിനു കൂടി പദ്ധതി വിഭാവനം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. സെനറ്റ് ഹൗസ് ക്യാമ്പസിലെ വാഷ് റൂമുകളുടെ നവീകരണത്തിന് തുക അനുവദിക്കണം. കൊല്ലം ജില്ലയിലെ എല്ലാ വിദ്യാർഥികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ SN കോളേജിലെ സർവകലാശാല ലൈബ്രറിയും ഇൻഫർമേഷൻ സെന്ററും കൂടി യോജിപ്പിച്ചു ഒരു പദ്ധതി വിഭാവനം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അഫിലിയേറ്റഡ് കോളേജിലെ ലൈബ്രറികൾക്കു കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 25000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന സമ്മാന പദ്ധതി ഈ ബജറ്റിലും ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ശ്രീ വിഷ്ണു എ**

ഒരു സസ്റ്റൈനബിൾ ബജറ്റായ ഇതിനെ അംഗീകരിക്കുന്നു. വിദ്യാർത്ഥി പക്ഷ നിലപാടുകളിൽ, പാരിസ്ഥിതിക ബോധത്തിൽ പൊതു സമൂഹത്തോടുള്ള കടപ്പാടിൽ എല്ലാം ഒരു സർവകലാശാല കൊണ്ടു അർത്ഥമാക്കുന്നത് എന്താണ് എന്ന് കൃത്യമായി തെളിയിക്കാൻ ഈ ബജറ്റിന് കഴിഞ്ഞിട്ടുണ്ട്. ഓഗ്മെന്റഡ് റിയാലിറ്റി, വെർചൽ റിയാലിറ്റി എന്നീ നവാധുനിക മേഖലകളിലുൾപ്പടെ സർവകലാശാല ശ്രദ്ധ പുലർത്തി മുന്നോട്ടു പോകുന്നത് അഭിനന്ദനാർഹമാണ്. ജാതിമത വ്യത്യാസമില്ലാതെ എല്ലാവരെയും

യോജിപ്പിച്ച കൊണ്ടുള്ള മത നിരപേക്ഷ യോഗയാണ് ലക്ഷ്യം എന്ന് ബജറ്റിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. യോഗയ്ക്ക് ദൈവികമായ കലയാണെന്ന രീതിയിൽ അനുഷ്ഠാന രൂപം കൊടുക്കുന്നതിനെയാണ് എതിർക്കേണ്ടത്. ആരോഗ്യപരമായി നമ്മുടെ ശരീരത്തിന് അനുയോജ്യമായ തരത്തിൽ യോഗയെ ഉയർത്തി കൊണ്ട് വന്ന അന്താരാഷ്ട്ര യോഗ ദിനത്തിൽ യോഗയുടെ ഈ സന്ദേശം സർവകലാശാലയുടെ മുഴുവൻ ക്യാമ്പസിലേക്കും വിദ്യാർഥികളിലേക്കും എത്തിക്കുന്നതിനും വേണ്ടിയിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്. നമ്മുടെ സാമൂഹിക അന്തരീക്ഷങ്ങളെല്ലാം രൂപീകരിക്കുന്നതിന് വേണ്ടി പങ്കു വഹിച്ച ആളുകളുടെ അനുഭവങ്ങൾ പങ്കു വെക്കുന്നതിനു വേണ്ടിയും നമ്മുടെ സംസ്കാരത്തെ അടുത്തറിയുന്നതിനു വേണ്ടിയും നമ്മളെങ്ങനെ നമ്മളായി എന്നും തിരിച്ചറിയുന്നതിനു വഴിയൊരുക്കുന്ന തരത്തിലുള്ള കേരള സമ്മേളനം പോലെയുള്ള പരിപാടികൾ സർവകലാശാലയിൽ ഇനിയും ഉണ്ടാകണം. ഒരു തുടക്കമെന്ന നിലയിൽ കേരള സമ്മേളനത്തിന് തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. സർവകലാശാല വാർത്തകൾ മാത്രമല്ല കലാപരമായ കഴിവുള്ള അധ്യാപകരുടെയും വിദ്യാർഥികളുടെയും പരിപാടികൾ, നമ്മുടെ നേട്ടങ്ങൾ എന്നിവ കെ യു റേഡിയോ വഴി പുറത്തേക്കു കാണിക്കാൻ സാധിക്കും. ഹാക്കിങ്, ബഗ്ഗിങ് എന്നിവ പോലെയുള്ള വിഷയങ്ങൾ ഒഴിവാക്കി ഓൺലൈൻ വാല്യുവേഷൻ നടത്താൻ കഴിഞ്ഞാൽ അത് ചരിത്രപരമായ നേട്ടമായിരിക്കും. സർവകലാശാല യൂണിയൻ നിരന്തരം ആവശ്യപ്പെട്ടിരുന്ന നൃത്ത സംഗീത മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനു സർവകലാശാലയിലെ വിദ്യാർഥികളുടെ പേരിൽ നന്ദി അറിയിക്കുന്നു.

**<u>ശ്രീ ആദിത്യൻ എസ് ആർ</u>**

ബഹുമാനപ്പെട്ട അഡ്വ. ബാബുജാൻ സാർ അവതരിപ്പിച്ച ബഡ്ജറ്റ് ഹൃദയത്തോട് ചേർത്തുപിടിച്ചു കൊണ്ട് അംഗീകരിക്കുകയാണ്. ആരോഗ്യമേഖലയെയും കായികമേഖലയെയും ചരിത്രത്തെയും നവോഥാനത്തെയുമെല്ലാം ചേർത്ത് പിടിച്ച ഒരു സമഗ്ര ബജറ്റാണ്. തീരദേശ മേഖലയിലെ വിദ്യാർഥികളുടെ ഗവേഷണങ്ങളെ പിന്തുണക്കുന്ന നിർദേശങ്ങൾ ബജറ്റ് മുന്നോട്ടു വക്കുന്നു. റിസർച്ച് യുണിയനായാലും ഡിപ്പാർട്മെന്റ്സ് യുണിയനായാലും സർവകലാശാല യുണിയനായാലും ജനാധിപത്യ വേദികൾ കൂടുതൽ തുറന്നു കൊടുക്കുന്ന പിന്തുണ ബജറ്റ് കൈക്കൊണ്ടിട്ടുണ്ട്. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി രജിസ്ട്രേഷൻ മുതൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് വരെയുള്ള കാര്യങ്ങൾ ഓൺലൈൻ ആക്കാനുള്ള നിർദേശം സ്വാഗതാർഹമാണ് uit, uim, ബി എഡ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാനുള്ള ഇടപെടൽ ബജറ്റിന്റെ ഭാഗമായി ഉണ്ടാകണം. ആരോഗ്യമേഖലയെക്കുറിച്ചുള്ള നിർദേശങ്ങളും കാര്യവട്ടം ക്യാമ്പസ്സിൽ റോസ് ഗാർഡൻ സ്ഥാപിക്കുമെന്ന നിർദേശവും സ്വാഗതാർഹമാണ്.

**<u>ഡോ പ്രമോദ് എൻ</u>**

കേരളത്തിലെ ഇടതു പക്ഷ സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന നവ വൈജ്ഞാനിക സമൂഹമായി കേരളം മാറുക എന്ന ലക്ഷ്യത്തോട് ചേർന്ന് നിന്ന് കേരള സർവകലാശാല അവതരിപ്പിച്ച ബജറ്റാണ് ഇത്.

സ്കോളേഴ്സ് വാലി പോലുള്ള പദ്ധതികൾ, എല്ലാവരുടെയും ആവശ്യമായ കാര്യവട്ടം ക്യാമ്പസ്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന റീഡിങ് ഹാൾ എന്നിവയെ

സ്വാഗതം ചെയ്യുന്നു. അഫിലിയേറ്റഡ് കോളേജുകളിലെ റിസർച്ച് സെന്ററുകൾ സാറ്റലൈറ്റ് സെന്ററുകളാക്കും എന്നത് വളരെ സന്തോഷം പകരുന്നു, എന്നാൽ 5 സെന്ററുകൾക്ക് 2 ലക്ഷം വീതം എന്നത് 25 സെന്ററുകൾക്ക് 2 ലക്ഷം വീതം എന്നാക്കി മാറ്റണം. അഫിലിയേറ്റഡ് കോളേജിലെ ജേർണലുകൾക്കുള്ള സഹായം, സിലബസ് പരിഷ്കരണത്തിനും അധ്യാപക പരിശീലനത്തിനും തുക വകയിരുത്തിയത് എന്നിവ സ്വാഗതാർഹമാണ്. സെമിനാറുകൾക്ക് 25 ലക്ഷം എന്നുള്ളത് വർധിപ്പിക്കണം. സ്റ്റാറ്റിസ്റ്റിക്കൽ കൺസൾട്ടൻസി സെന്റർ ഒരു മികച്ച സെന്റർ ആയി ഉയർന്ന് എല്ലാവര്ക്കും ഗുണം ചെയ്യട്ടെ എന്ന് ആശംസിക്കുന്നു. പഠന വകുപ്പുകളിൽ നടത്തുന്ന അന്താരാഷ്ട്ര കോൺഫറൻസിൽ അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷകരെ പങ്കെടുപ്പിക്കും എന്നുള്ളതും അന്താരാഷ്ട്ര ജേർണലുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള സഹായവും അഫിലിയേറ്റഡ് കോളേജിലെ ഗവേഷകർക്ക് പ്രയോജനകരമായി മാറണം. കേരളത്തിലെ ഏറ്റവും വലിയ തിന്മകളായ ജാതിചിന്തക്കും മത ബോധത്തിനും പ്രഹരമേല്പിച്ച എല്ലാ നവോത്ഥാന മുന്നേറ്റങ്ങൾക്കും കാരണമായ വൈക്കം സത്യാഗ്രഹത്തിന്റെ 100–ാം വാർഷികത്തിന് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും ഫണ്ട് അനുവദിക്കുകയും വേണം. ഡിസാസ്റ്റർ മാനേജ്മെന്റ്, ആർട്ടിഫിഷൽ ഇന്റലിജൻസ്, റോബോട്ടിക് എഞ്ചിനീയറിംഗ് എന്നിവക്ക് കൂടുതൽ തുക അനുവദിക്കണം ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമ്പോൾ നല്ല വരുമാന മാർഗമായ അഫിലിയേറ്റഡ് കോളജ് സംവിധാനം ഇല്ലാതാകും. അതിനാൽ തനതു വരുമാനം വർധിപ്പിക്കാൻ മറ്റു പദ്ധതികൾ ആവിഷ്കരിക്കണം

<u>ഡോ സോജു എസ്</u>

3 വർഷ ബിരുദ പ്രോഗ്രാമുകൾ അടുത്ത 2 വർഷത്തിൽ 4 വർഷമാകും. NEP 2020 ഒരു വലിയ വിഭാഗം വിദ്യാർഥികളെ ഉന്നത വിദ്യാഭ്യസ രംഗത്ത് നിന്ന് പുറത്താക്കും. കേരള ബദൽ എന്നതിന്റെ മാതൃകയാണ് ഈ ബജറ്റ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണം ആകാംക്ഷയോടെ നോക്കുകയാണ്. പരിസ്ഥിതി സൗഹാർദത്തിന്റെ ഭാഗമായി ഒരു സോളാർ പൗവേർഡ് യൂണിവേഴ്സിറ്റി ആയി മാറും എന്നതും കൂടുതൽ ബഗ്ഗി സർവീസ് ആരംഭിക്കുമെന്നതും, ബ്രഹ്മപുരം പാരിസ്ഥിക ആഘാത പഠനം നടത്തും എന്നതും ഹരിതാലയം പദ്ധതിയുടെ രണ്ടാം ഘട്ടം ഊർജിതമായി നടത്തും എന്നുമുള്ള ബജറ്റ് പ്രഖ്യാപനം കേരള സർവകലാശാല പാരിസ്ഥിതിക പ്രശ്നങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റെ തെളിവാണ്. ഒരു റേഡിയോ ടവർ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ, കെ യു റേഡിയോ, നവീകരിച്ച ഹോസ്റ്റലുകൾ, കോഫി ഷോപ്, കൂടുതൽ സൗഹാർദ പരമായ സ്റ്റുഡന്റ് അമിനിറ്റി സെന്റർ എന്നിവയിലൂടെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഒരു ഡിഗ്നിഫൈഡ് ക്യാമ്പസ് ലൈഫ് കേരള സർവകലാശാല ഈ ബജറ്റിലൂടെ ഉറപ്പു നൽകുന്നു. ശ്രീ നാരായണ പഠന ഗവേഷണ കേന്ദ്രം ആരംഭിക്കാൻ പോകുന്ന ശ്രീനാരായണ ഫിലോസഫി യെക്കുറിച്ചുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ പ്രോഗ്രാം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മഹാത്മാ അയ്യൻകാളി സെന്ററിൽ നടത്താൻ പോകുന്ന സെമിനാറുകൾ കേരള സമൂഹത്തിനു ഒന്നാകെ പ്രയോജനപ്പെടും. ഭരണഘടന അവബോധം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി ബജറ്റ് വിഭാവനം ചെയ്യുന്നു. കേരള സർവകലാശാലയിൽ ഗവേഷണം നടത്തുന്ന എല്ലാവർക്കും ഫെല്ലോഷിപ്പ് നൽകുമെന്ന പ്രഖ്യാപനവും പോസ്റ്റ് ഡോക്ടറൽ

ഫെലോഷിപ്പ് 30000 രൂപയാക്കുമെന്നതും സ്വാഗതം ചെയ്യുന്നു. ഈ ഏപ്രിൽ മുതൽ തുടങ്ങുന്ന പാഠ്യപദ്ധതി പരിഷ്കാരം ഏറ്റവും മികവുറ്റ രീതിയിലാക്കുന്നതിനു തുക വകയിരുത്തിയതിനെ അഭിനന്ദിക്കുന്നു. ടെക്നോപാർക്കുമായും മറ്റ് ഇൻഡസ്ട്രികളുമായി സഹകരിച്ച് വിദ്യാർഥികൾക്ക് കൂടുതൽ പ്രായോഗിക പരിശീലനം നൽകും എന്ന് ബജറ്റിൽ നിന്നും മനസിലാക്കാൻ കഴിയും. ബിസിനസ് അനാലിസിസിൽ പി ജി ഡിപ്ലോമ ആരംഭിക്കുന്നത്, മറ്റൊരു സർവകലാശാലയും അരംഭിക്കാത്ത വെൻചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിക്കുന്നത് എന്നിവയെ സ്വാഗതം ചെയ്യുന്നു. വളരെ വിജയകരമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന SLCM നും ഇന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ്ങിനും തുക വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. ബജറ്റ് അംഗീകരിക്കുന്നു.

<u>ഡോ എബ്രഹാം എ</u>

ഈ ബജറ്റിന് പിന്നിലെ അധ്വാനത്തെയും അതിലെ കവിതകളെയും സ്വാഗതം ചെയ്യുന്നു. ടെക്നോളജിയോടുള്ള ആഭിമുഖ്യം ഈ ബജറ്റ് പുലർത്തിയിട്ടുണ്ട്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസം ഏതു ദിശയിലേക്കാണ് എന്ന തീരുമാനം നമ്മൾ എടുക്കേണ്ടതായിട്ടുണ്ട്. ഒരു കാലത്തു കേരള സർവകലാശാലയിലാണ് എല്ലാ അധ്യയനവും നടന്നിരുന്നത്. ഇന്ന് ആരോഗ്യമേഖലക്കു വേറെ, കലക്ക് വേറെ എന്ന രീതിയിൽ ഓരോന്നിനും സർവ്വകലാശാലകൾ ഉണ്ടാക്കി. എന്നാൽ NEP 2020 ൽ വ്യക്തമായി പറയുന്നുണ്ട് എല്ലാ മികവും ഡിസിപ്ലിന്റെ ഇന്റർഫേസിൽ ആണ് എന്ന്. എല്ലാ വിഷയ വിദഗ്ധരും ഒരുമിച്ച ചേർന്ന് ചിന്തിക്കുമ്പോഴാണ് മികവുണ്ടാകുന്നത്. ഒരു കൺസോളിഡേറ്റഡ് എഫക്ട് ഇല്ലാതെ ഓരോ മേഖലക്കും വീതം വയ്ക്കുകയാണ് ബജറ്റ് ചെയ്തത്. isbn ഫ്രീ ആയി ലഭിക്കുമ്പോൾ അത് നേടിയെടുക്കാൻ 10 ലക്ഷം രൂപ വകയിരുത്തിയത് എന്തിനാണ്. അതുപോലെ ഓട്ടോമാറ്റിക് സംവിധാനങ്ങൾ മൊബൈലിൽ ലഭ്യമാകുന്ന കാലത്തു ഓട്ടോമാറ്റിക് വെതർ സ്റ്റേഷന്റെ ആവശ്യമുണ്ടോ? വളരെ നന്നായി ചെയ്തിരിക്കുന്ന ബജറ്റിന്റെ ട്രസ്റ്റ് ഏരിയ ഐഡന്റിഫൈ ചെയ്യാൻ പറ്റുന്നില്ല. ഔട്ട് കം ബേസ്ഡ് സിലബസ് പരിഷകരണം ഇപ്പോൾ എവിടെ എത്തി നില്ക്കുന്നു എന്നും അഡാപ്റ്റീവ് ലേർണിങ് തുടങ്ങിയ പുതിയ ടെക്നോളജികളിലേക്കുള്ള ഷിഫ്റ്റ് ഇതിൽ വന്നിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

<u>ശ്രീ സിബി സി ബാബു</u>

തന്റെ മുന്നിൽ വന്നിട്ടുള്ള പ്രൊപ്പോസലുകളിൽ കുറച്ചൊക്കെ ഫണ്ടുകൾ വച്ച് എല്ലാവരെയും തൃപ്തിപ്പെടുത്താൻ ഫിനാൻസ് കമ്മിറ്റി കൺവീനർ ശ്രമിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ ബജറ്റിന്റെ തീം എന്താണ് എന്ന് വ്യക്തമാവാത്ത തരത്തിലുള്ള ബജറ്റാണ് ഇത്. 810.13 കോടിയുടെ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. എന്നാൽ കഴിഞ്ഞ വർഷങ്ങളിൽ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റിലുണ്ടായ കുറവ് പരിഗണിക്കുമ്പോൾ ഈ വർഷം 740 –750 കോടിയുടെ കാര്യങ്ങളാണ് നമുക്ക് ചെയ്യാൻ സാധിക്കുന്നത്. പുതിയ പാഠ്യപദ്ധതിക്ക് 50 ലക്ഷം രൂപ അനുവദിച്ചതും അധ്യാപക /അനധ്യാപക പരിശീലനത്തിന് 50 ലക്ഷം വകയിരുത്തിയതുമടക്കം പല നല്ല നിർദേശങ്ങളും ബജറ്റിലുണ്ട്. കാര്യവട്ടത്തെ റീഡിങ് റൂമിന് 1 കോടി രൂപ അനുവദിച്ചത് കാര്യവട്ടം ക്യാമ്പസ്സിനെ 24 മണിക്കൂറും പ്രവർത്തിക്കുന്നതാക്കുതിന്റെ സൂചനയായി കാണുന്നു. ക്ലിഫിന്റെ പ്രവർത്തനത്തിന് ഈ വർഷവും 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പോസ്റ്റ് ഗ്രാജുവേറ്റ് പഠനത്തിന് സഹായകമായ വീഡിയോ ക്ലാസുകൾ KU പാഠശാല വഴി ലഭ്യമാക്കുന്നതിന് നാമമാത്രമായ 5 ലക്ഷം രൂപയാണ് അനുവദിച്ചത്. ബിരുദ ബിരുദാനന്തര ബിരുദ പഠനത്തിനാവശ്യമായ വീഡിയോ ക്ലാസുകൾ KU പാഠശാല വഴി നൽകുന്നതിന് 50 ലക്ഷം രൂപയെങ്കിലും നീക്കി വയ്ക്കണമെന്നാണ് എന്റെ അപേക്ഷ. സ്പോർട്സ് കോംപ്ലക്സ്

ന് 50 ലക്ഷം നീക്കിവച്ചതും 5 ഗവേഷണ കേന്ദ്രങ്ങൾക്ക് 2 ലക്ഷം വീതം അനുവദിച്ചതും സ്വാഗതാർഹമാണ്. അത് കോളേജുകൾക്കും നൽകണം. ബിരുദ പഠനത്തിന് ശേഷം അരിയറും മറ്റും മൂലം തുടർ പഠനത്തിന് സാവകാശം നേരിടുന്ന കുട്ടികൾക്ക് അഫിലിയേറ്റഡ് കോളേജുകളിൽ ചേർന്ന് ഒരു വർഷത്തേക്കെങ്കിലും പരിശീലനം തുടർന്ന് കൊണ്ടുപോകുന്നതിന് ആവശ്യമായ സ്കോളർഷിപ് ഈ ബജറ്റിന്റെ ഭാഗമായി വെക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഡ്മിഷനുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും പരീക്ഷാഫലങ്ങൾ റീവാല്യവേഷൻ റിസൾട്ടുകൾ എന്നിവ കൃത്യസമയത്ത് കൊണ്ടുവരാനും ബന്ധപെട്ട സെക്ഷനുകൾ ജാഗ്രത കാണിക്കണം. പല വാല്യവേഷൻ ക്യാമ്പുകളും വളരെ പരിതാപകരമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നത്. മതിയായ ടോയിലേറ്റ് സൗകര്യങ്ങളും പലയിടത്തുമില്ല. വാല്യവേഷൻ ക്യാമ്പുകൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുകയും ഇപ്പോഴുള്ളവയിൽ മതിയായ സൗകര്യം ഒരുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി. ഷാജിത എസ്</u>

ദ്രുതഗതിയിൽ മാറുന്ന കാലത്തിനനുസരിച്ചുള്ള ബജറ്റിനെ അംഗീകരിക്കുന്നു. സമൂഹത്തെ കണക്കിലെടുത്തു കൊണ്ട് ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കുന്നത്, ഭരണഘടനക്കൊപ്പം പദ്ധതി, മത്സ്യകർഷകർക്കുവേണ്ടി ആപ്പ്, സഞ്ചരിക്കുന്ന പുസ്തകശാല എന്നിവയെ അഭിനന്ദിക്കുന്നു. ക്യാമ്പസ്സിലെ നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 3 ലക്ഷം മതിയോ എന്ന് ആശങ്കപ്പെടുന്നു. എ++ നേടിയ നമ്മുടെ യൂണിവേഴ്സിറ്റി, ലോകം സംസാരിച്ചു കൊണ്ടിരിക്കുന്ന ജൻഡർ ജസ്റ്റിസ്, ജൻഡർ ഫ്രണ്ട്ലി ക്യാമ്പസ്, ജൻഡർ സെൻസിറ്റൈസേഷൻ എന്നിവയെക്കുറിച്ചു മൗനം പാലിച്ചതെന്താണെന്ന് ആശങ്കപ്പെടുകയാണ്.

<u>ഡോ എൻ പി ചന്ദ്രശേഖരൻ</u>

ജനാധിപത്യത്തിന്റെ സാന്നിധ്യമുള്ളതുകൊണ്ടാണ് ഒരിടവേളയ്ക്കുശേഷം എനിക്കിവിടെ വരാനും വാക്കുകൾ അവതരിപ്പിക്കാനും സാധിക്കുന്നത്. അതേ ജനാധിപത്യത്തിന്റെ സത്തയായ ബജറ്റ് അവതരിപ്പിച്ച Adv. കെ. എച് ബാബുജാന് അഭിനന്ദനങ്ങൾ. ബജറ്റ് അംഗീകരിക്കുന്നു. വിദ്യാഭ്യാസം ഇതുവരെ മുന്നോട്ട് വന്നത് ഏറ്റുമുട്ടലുകളില്ലാതെയും ചോദ്യം ചെയ്യപ്പെടാതെയും അല്ല. കേംബ്രിഡ്ജും ഓക്സ് ഫോർഡും ഒക്കെ ഒരുകാലത്തു മതം പഠിപ്പിക്കലിനായിരുന്നു സമർപ്പിച്ചിരുന്നത്. ഓക്സ് ഫോഡിൽ നിന്ന് ഷെല്ലിയെ നിരീശ്വരത്വത്തിനു പുറത്താക്കിയവർക്കൊപ്പമല്ല ഷെല്ലിക്കൊപ്പമാണ് നമ്മുടെ കാലം നിൽക്കുന്നത്. സർവകലാശാലകളുടെ ജനാധിപത്യ രീതികൾ തകർക്കാനുള്ള പ്രവണതകൾക്കെതിരായിട്ടുള്ള ധാര മുന്നോട്ട് വെക്കുന്നതും പുത്തൻ വിദ്യാഭ്യാസ നയത്തിന്റെ പ്രതിലോമ നയങ്ങൾക്കെതിരെയുമാണ് ഈ ബജറ്റ്. ട്രാൻസ്‌ലേഷൻ റിസർച്ച് & ഇന്നോവേഷൻ സെന്ററും സ്കാൻഡിയം സാന്നിധ്യം കണ്ടെത്താനുള്ള പഠനം , സമഗ്ര സാക്ഷരതക്കുവേണ്ടിയുള്ള പ്രഖ്യാപനവുമെല്ലാം വിദ്യാഭ്യാസം സമൂഹത്തിന്റെ സ്വത്തിനെ സൃഷ്ടിക്കാനുള്ളതാണ് എന്ന് പറയുന്നു. വിദ്യഭ്യാസം കമ്പോളത്തിനു അല്ല കമ്പോളം വിദ്യാഭ്യാസത്തിനാണ് എന്ന് ഈ ബജറ്റ് പറയുന്നു. പുറത്തു നിന്ന് ഫണ്ട് സ്വീകരിക്കാനും ഇതര സ്ഥാപനങ്ങളുമായി കൈകോർക്കാനും ബജറ്റ് തയ്യാറാവുമ്പോൾ കച്ചവട സ്ഥാപനങ്ങൾക്ക് സാമൂഹിക ഉത്തരവാദിത്വങ്ങൾ ഉണ്ട് എന്ന് ഓർമ്മപ്പെടുത്തുകയും അതിനു വേദിയൊരുക്കുകയുമാണ് സർവകലാശാല ചെയ്യുന്നത്. KIIFB കൊണ്ട് ക്ലിഫ് ലോകോത്തരമാക്കുമെന്ന

പ്രഖ്യാപനവും, സ്റ്റാർട്ടപ്പ് ഗവേഷണ വെൻജ്വർ ക്യാപിറ്റൽ ഫണ്ടും നവ ഉദാരവത്കരണ നയത്തിന് വിരുദ്ധമായി കേരളം ചിന്തിക്കുന്നതാണ്. ഭരണഘടയോടൊപ്പം പദ്ധതിയും നവോത്ഥാന സെമിനാറും കേരള സമ്മേളനവും ഭരണ ഘടന ഉയർത്തിപ്പിടിക്കലിന്റെ ഭാഗമാണ്. ശ്രീനാരായണ ഫിലോസഫി പഠിപ്പിക്കുന്നതും മത നിരപേക്ഷ യോഗ പഠിപ്പിക്കുന്നതും മതേതരത്വത്തെ ഉദ്ഘോഷിക്കുന്നതിന്റെ ഭാഗമാണ്. വിവേകാനന്ദന് മുതൽ ഭഗത് സിങ്ങിന് വരെ വർഗീയ വ്യാഖ്യാനങ്ങൾ നൽകുന്ന കാലത്തു എതിർക്കുകയും മതേതര വാഗ്ദാനങ്ങൾ ഉയർത്തുകയും മുന്നോട്ടു വരികയും ചെയ്യും. അത് കൊണ്ടാണ് മതനിരപേക്ഷ യോഗയൊക്കെ പ്രസക്തമാകുന്നത്. വികേന്ദ്രീകരണ ശൈലിയാണ് ഈ ബജറ്റിന്റെ അജണ്ട. അതിനുദാഹരണമാണ് കോളേജുകൾ ഉപഗ്രഹ ഗവേഷണ കേന്ദ്രങ്ങളാകുമെന്ന പ്രഖ്യാപനം. കെ യു റേഡിയോയും മത്സ്യ കർഷകർക്ക് ആപ്പും ഒക്കെ സൗഹൃദത്തിന്റെ സന്ദേശമാണ് നൽകുന്നത്. ചില ഭാഷകളുടെ അടിച്ചേൽപ്പിക്കാൻ അല്ല മാതൃഭാഷയുടെ ആഘോഷം ആണ് ഈ ബജറ്റിന്റെ നയം. ഒരു പണ്ഡിതൻ എന്ന നിലയിൽ മാത്രമല്ല ഒരു ഭാഷക്ക് വ്യാകരണശാസ്ത്രവും സാഹിത്യശാസ്ത്രവും ഗദ്യശാസ്ത്രവും നൽകിയ പ്രാസവാദത്തിൽ സ്വന്തം മാതുലനെ എതിർത്തു പോലും ആധുനികതയോടൊപ്പം നിന്ന മഹാനായ അധ്യാപകനായ എ ആർ രാജരാജ വർമ്മയുടെ പേരിൽ ട്രാൻസ്‌ലേഷൻ റിസർച്ച് & സ്റ്റഡി സെന്റർ നാമകരണം ചെയ്യുന്നതിനെ അഭിനന്ദിക്കുന്നു. കുട്ടികളെ സംശയത്തോടെ നിരീക്ഷിക്കണമെന്നും ആണും പെണ്ണും ഒരുമിച്ച് ഇരിക്കുന്നതിലും നടക്കുന്നതിലും സംസാരിക്കുന്നതിലും അപകടം എന്ന് വിശ്വസിക്കുന്ന ഒരു കാലത്തു ക്യാമ്പസ് ലൈബ്രറി 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുമെന്നതു ധീരമായ പ്രഖ്യാപനമാണ്. വിദ്യാർഥികളുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും കൂട്ടായ്മയിൽ ജനാധിപത്യത്തിന്റെ ഘോഷണം നടത്താൻ നമ്മുടെ സർവകലാശാലക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

<u>ഡോ ബി രാജേന്ദ്രൻ</u>

ലോക നിലവാരത്തിന്റെ മുൻനിരയിലെത്തുവാനുള്ള പ്രവർത്തനങ്ങളാണ് കുറെ വർഷങ്ങളായി ഈ സർവകലാശാലയിൽ നടക്കുന്നത്. സർവകലാശാലയുടെ വളർച്ചക്ക് നേർസാക്ഷ്യം വഹിക്കുന്ന ഈ ബജറ്റിനെ ഞാൻ അംഗീകരിക്കുന്നു. വരും കാലത്തേ അഭിമുഖീകരിക്കുന്നതിനും ലോകത്തിനു മുൻപിൽ തല ഉയർത്തി നിൽക്കുന്ന ഒരു തലമുറയെ വാർത്തെടുക്കക്കുന്നതിനു അടിത്തറയിടുന്ന ബജറ്റാണ് ഇത്. വിദ്യാർഥികളെയും അധ്യാപകരെയും ജീവനക്കാരെയും മാത്രമല്ല പൊതുസമൂഹത്തെ ഒന്നാകെ ഉൾക്കൊണ്ടുകൊണ്ടുള്ള ബഡ്ജറ്റാണ് ഇത്. പരിമിതമായ വിഭവങ്ങളും വർധിച്ച ചെലവുകളും അഭിമുഖീകരിക്കുന്ന ഒരു ഘട്ടത്തിൽ ബജറ്റിന് മുന്നോടിയായി വിവിധ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി റെവന്യൂ മൊബിലൈസഷൻ കമ്മിറ്റി രൂപീകരിക്കുകയും അവരുടെ അഭിപ്രായവും കൂടി ഉൾപ്പെടുത്തി ഏറെ ആത്മാർത്ഥതയോടെയാണ് ബജറ്റ് തയ്യാറാക്കിയത്. ഇതിനു മുൻകൈയെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു. ചെറിയ പ്രശ്നങ്ങൾ മുതൽ മുടി കൊഴിച്ചിൽ, ആരോഗ്യപൂർണമായ വാർദ്ധക്യം നഴ്സറി സ്കൂൾ നവീകരണം തുടങ്ങി എല്ലാത്തിനും പദ്ധതികൾ ഉൾപ്പെടുത്തി. കേരള സർവകലാശാലക്കു സ്വന്തമായി വെൻചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചത് വളരെ അഭിമാനകരമാണ്. ഏറ്റവും കൂടുതൽ സാമ്പത്തിക തട്ടിപ്പ് നടക്കുന്ന കേരളത്തിൽ അതിനു പരിഹാരമായി RBI, SEBI, IRDA എന്നി ധനകാര്യ ഏജൻസികളുടെ ധനസഹായത്തോടെ IMK യുടെ കീഴിൽ ഒരു ഫിനാൻഷ്യൽ ലിറ്ററസി സെന്റർ ആരംഭിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>**ശ്രീ. അജിന്ത് അജയ്**</u>

ജനാധിപത്യവിരുദ്ധമായി പുറത്താക്കിയ 15 സഹപ്രവർത്തകർ തിരിച്ചെത്തിയത് ജനാധിപത്യത്ജിന്റെയും സഭയുടെയും വിജയമാണ്. ഇന്നലെ ബജറ്റ് അവതരിപ്പിക്കുമ്പോൾ എനിക്ക് ഓർമ വന്നത് വയലാർ രാമവർമയുടെ അശ്വമേധം എന്ന കവിതയാണ്. സർവകലാശാലയുടെ എല്ലാ കോണുകളിലേക്കും പായിച്ച കുതിരക്കു ശക്തി പകർന്നത് ഇവിടുത്തെ സിൻഡിക്കേറ്റ് ആണ്. കാര്യവട്ടത്തെ 24 മണിക്കൂറും പ്രവർത്തിക്കുന്ന റീഡിങ് റൂം, PDF വിദ്യാർഥികൾക്ക് ആശ്വാസമായ 30000 രൂപ നൽകുന്ന പദ്ധതി, യൂണിവേഴ്സിറ്റി ലൈബ്രറിക്ക് 10 ലക്ഷം മാറ്റിവച്ചത്, കാര്യവട്ടത്തെ ക്യാമ്പസ്സിലെ ലൈബ്രറിയുടെ വികസനത്തിനായി 20 ലക്ഷം മാറ്റിവച്ചുൾപ്പടെയുള്ള പ്രഖ്യാപനത്തിൽ അഭിമാനം കൊള്ളുന്നു. 44 ഡിപ്പാർട്മെൻറ് ലൈബ്രറികൾക്കു 1 ലക്ഷം വീതം അനുവദിച്ചു കൊണ്ട് ഈ ബജറ്റ് മാതൃകയാകുന്നു. ഗവേഷകർക്ക് അന്താരാഷ്ട്ര ജേർണലുകളിൽ പ്രബന്ധങ്ങൾ പ്രസിദ്ധികരിക്കുന്നതിനും isbn ഉള്ള പുസ്തകങ്ങൾ പ്രസിദ്ധികരിക്കുന്നതിനും സഹായം പ്രഖ്യാപിച്ചിരിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള പുസ്തകങ്ങൾ പ്രസിദ്ധികരിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾ തീർക്കാൻ വിദ്യാർത്ഥികൾക്കു വേണ്ടിയാണ് 10 ലക്ഷം രൂപയുടെ സഹായം. സ്കോളർസ് വാലി പോലെയുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. Ph.D ഫെല്ലോഷിപ്പ് കൂടി വർധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. NAAC A++ സർവകലാശാലക്കു ലഭിക്കാൻ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിച്ചത് കാര്യവട്ടം ക്യാമ്പസാണ്. സർവകലാശാല ക്യാമ്പസ്സിന്റെ വികസനം കേരളം സർവകലാശാലയുടെ വികസനമായും കേരള സർവകലാശാലയുടെ വികസനം കേരളത്തിന്റെ വികസനമായും ഇന്ത്യയും ലോകവും നോക്കിക്കാണും. പുതുതായി 3 ഹോസ്റ്റലുകളും നിലവിലുള്ളവക്ക് 5 ലക്ഷം മാറ്റിവക്കുമെന്നും പ്രഖ്യാപിച്ചിരിക്കുന്നു. സ്പോർട്സ് കോംപ്ലക്സ്, ഇലക്ട്രിക്ക് ബഗ്ഗി, സമ്പൂർണ സൗരോർജ സർവകലാശാല എന്നിവയെ സ്വാഗതം ചെയ്യുന്നു. റിസർച്ച് യൂണിയൻ, ഡിപ്പാർട്മെന്റ്സ് യൂണിയൻ, യൂണിവേഴ്സിറ്റി യൂണിയൻ എന്നിവക്ക് 65 ലക്ഷം രൂപ മാറ്റിവച്ചിരിക്കുന്നു. അയ്യൻകാളി അംബേദ്കർ ശ്രീനാരായണ ഗുരു സെന്ററുകൾക്ക് തുക അനുവദിച്ചിരിക്കുന്നു. വയലാർ രാമവർമ പറഞ്ഞതുപോലെ ഈശ്വരന്റെ ദിവ്യശക്തിയോ മാന്ത്രികന്റെ ചെപ്പടി വിദ്യയോ അല്ല സിൻഡിക്കേറ്റിന്റെയും അതുൾക്കൊള്ളുന്ന രാഷ്ട്രീയത്തിന്റെ ഇച്ഛാബോധത്തിന്റെയും പ്രഖ്യാപനമാണ് ഈ ബജറ്റ്. അതിനെ പൂർണ രീതിയിൽ സ്വാഗതം ചെയ്യുന്നു.

<u>**ശ്രീ മുഹമ്മദ് ഷാഹിൻ**</u>

കാര്യവട്ടത്തെ ക്യാമ്പസ്, റിസർച്ച്, കായികം, പരീക്ഷ മൂല്യനിർണയം തുടങ്ങി എല്ലാ മേഖലക്കും ഊന്നൽ നൽകിയ വിദ്യാർഥി പക്ഷ ബജറ്റാണ്.15 പേര് നിയമയുദ്ധം ചെയ്തു തിരിച്ചെത്തിയതിൽ നിന്ന് ഒരു കാര്യം ഉറപ്പാണ് ഈ സർവകലാശാല എക്കാലവും ഉയർത്തിയ ജനാധിപത്യവും നാടിനെ രാജ്യത്തിൻറെ നെറുകയിലേക്ക് ഉയർത്താനുള്ള പ്രവർത്തനങ്ങളും അതിന്റെ ഭാഗത്തു നിന്നുണ്ടാകും. ഇതുമായി ബന്ധപെട്ടു കടമ്മനിട്ടയുടെ നാലു വരികളാണ് ഓർമ്മ വരുന്നത്.

എല്ലാ കോട്ടകൊത്തളങ്ങളും പുരാവസ്തുക്കളാകും

എല്ലാ പീരങ്കികളും നിശബ്ദമായി തുരുമ്പിക്കും

എല്ലാ സുൽത്താന്മാരും വെളിച്ചം കടക്കാത്ത ഇരുളറയിലൂടെ ഒളിച്ചോട്ടം.

ഉറക്കച്ചടവില്ലാത്ത നമ്മുടെ കുഞ്ഞുങ്ങൾ കൗതകപൂർവ്വം ഇതെല്ലം നോക്കിക്കാണും.

ജനാധിപത്യം മരിച്ചിട്ടില്ലന്നതിന്റെ തെളിവാണ് തിരിച്ച വന്ന സെനറ്റംഗങ്ങൾ. ഈ കരുത്താർജ്ജിച്ച ബജറ്റിന് എല്ലാവിധ പിന്തുണയും വിദ്യാർഥിപക്ഷത്തു നിന്ന് സ്വീകരിച്ച നടപടികൾക്ക് പിന്തുണയും അർപ്പിക്കുന്നു.

ഡോ വിനോദ്കുമാർ ടി ജി നായർ

ബജറ്റ് അവതരിപ്പിക്കുമ്പോൾ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ എത്രത്തോളം നടപ്പിലാക്കി എന്ന് പരിശോധിക്കാറുണ്ടോ?. സർവകലാശാലയെ സമ്പൂർണ സൗരോർജ സർവകലാശാലയാക്കുന്നതിന് കേന്ദ്ര ഏജൻസികളുടെയും സംസ്ഥാനത്തിന്റെയും വിഹിതം എത്ര വീതമാണ് എന്ന് കൃത്യമായി രേഖപ്പെടുത്തിയാൽ നന്നായിരുന്നു. സർവകലാശാല യോഗ പോലുള്ള കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ മതവും വേണ്ട മതനിരപേക്ഷതയും വേണ്ട യോഗ എന്ന് മാത്രം പറയുന്നതായിരിക്കും ഉചിതം. എന്തുകൊണ്ട് കുട്ടികൾ മറ്റു സംസ്ഥാനങ്ങളിലേക്കും രാജ്യത്തേക്കും പഠിക്കാൻ പോകുന്നു, കോഴ്സുകളും പരീക്ഷകളും സമയത്തിന് തീർക്കാനും റിസൾട്ടുകൾ സമയത്തിനു പ്രഖ്യാപിക്കാനും കഴിയാതിരിക്കുന്നത് എന്നിവയൊക്കെ NEP 2020 ആയി താരതമ്യപ്പെടുത്തി അതിന്റെ സമഗ്രത മനസിലാക്കിയാൽ നന്നായിരിക്കും.

മറുപടി പ്രസംഗം

ആദരണീയനായ വി സി, ബഹുമാന്യരായ അംഗങ്ങളെ, കഴിഞ്ഞ ദിവസം അവതരിപ്പിച്ച ബജറ്റിനെക്കുറിച്ചു സമഗ്രവും ഗൗരവ പൂർണമായ ചർച്ചകളാണ് ഇവിടെ നടന്നത്. ബജറ്റിനെക്കുറിച്ചു പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി പറയുന്നു. എന്റെ മാത്രമല്ല സർവകലാശാലയിലെ എല്ലാ വിഭാത്തിൽപ്പെട്ട ആളുകളുടെയും പ്രയത്ന ഫലമായിട്ടാണ് ഈ ബജറ്റ് രൂപപ്പെട്ടത്.

ചട്ടമ്പിസ്വാമികളെക്കുറിച്ചു ബജറ്റിന്റെ ഭാഗമായി നടന്ന ചർച്ചകളിൽ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിൽ ബജറ്റിൽ വരുമായിരുന്നു. DTP ചെയ്തപ്പോൾ വന്നതാണ് അക്ഷരപ്പിശക്. 35-ാമത്തെ ഇനത്തിൽ കെഎംഎംൽ ന്റെ കൂടെ IREയും ചേർക്കാം. ഭരണഘടന ഇല്ലാതാക്കാൻ നോക്കുമ്പോൾ ഭരണഘടനെയെക്കുറിച്ചു പറയേണ്ടി വരുന്നത് പോലെയാണ് മതനിരപേക്ഷ യോഗയും മതനിരപേക്ഷതയെ ഇല്ലാതാക്കാൻ നോക്കുന്നതുകൊണ്ടാണ് മതനിരപേക്ഷ യോഗ എന്ന് എടുത്തുപറയേണ്ടി വരുന്നത്. എക്സ്പർട്ട് കൺസൾട്ടൻസിയുടെ കാര്യം സ്കോളേഴ്സ് വാലിയിൽ പറയുന്നുണ്ട്. ജൻഡർ സെൻസിറ്റൈസേഷൻ കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തി പ്രവർത്തനം നടന്നു വരുന്നു. കൂടാതെ കലോത്സവത്തിൽ കലാപ്രതിഭ, കലാതിലകം എന്നിവ കൂടാതെ ട്രാൻസ് ജൻഡേഴ്സിന് കലാര്ത്നം എന്ന ഒരു പുരസ്കാരം കൂടി പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്.

390000 sqft കെട്ടിടം പണി പൂർത്തിയായി. 120000 sqft കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 300000 sqft കെട്ടിട നിർമ്മാണത്തിന്റെ കരാർ നടപടികളുമായി മുന്നോട്ട് പോകുന്നു. 800000 ലേറെ sqft കെട്ടിടനിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുകയോ നടന്നുകൊണ്ടിരിക്കുകയോ ചെയ്യുന്നു.

പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ആരോഗ്യ പൂർണമായ വാർദ്ധക്യം, മുടി കൊഴിച്ചിലുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ക്യാൻസറുമായി ബന്ധപ്പെട്ട പഠനം തുടങ്ങിയവ സർവകലാശാലയുടെ കാര്യത്തിൽ മാത്രമല്ല നമ്മുടെ ഒരോരുത്തരുടെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടെന്നതിനു തെളിവാണ്.

ഇവിടെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില കൂട്ടിച്ചേർക്കലുകൾ കൂടി ബജറ്റിന്റെ ഭാഗമാക്കേണ്ടതായിട്ടുണ്ട്.

1. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട നിർദേശം. പെർഫോമിംഗ് & വിഷ്വൽ ആർട്സിന്റെ പേര് മാറ്റി ഭരത് മുരളി പെർഫോമിംഗ് & വിഷ്വൽ ആർട്സ് എന്നാക്കും. ഈ വർഷം സെന്ററിന്റെ പ്രവർത്തനത്തിൽ വൈക്കം സത്യാഗ്രഹവുമായി ബന്ധപെട്ട വാഗൺ തീയേറ്ററിന് 10 ലക്ഷം രൂപ മാറ്റി വയ്ക്കും.

2. കേരള പഠന ഗവേഷണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാധിരാജ ചട്ടമ്പി സ്വാമി സ്മാരക അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം ഉണ്ടാക്കും. അതിന്റെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

3. IMK യുടെ കീഴിൽ ഒരു ഫൈനാൻസ് ലിറ്ററസി സെൽ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.

4. അഫിലിയേറ്റഡ് കോളേജിലെ നോൺ ടീച്ചിങ് സ്റ്റാഫിന്റെ പരിശീലനത്തിന് 5 ലക്ഷം രൂപ എന്നുള്ളത് 10 ലക്ഷം രൂപയായി വർധിപ്പിക്കുന്നു.

5. അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളെ സാറ്റലൈറ്റ് സെന്ററുകളാക്കും. 5 സെന്ററുകൾ എന്ന് പറഞ്ഞത് വർധിപ്പിക്കണം എന്ന അഭ്യർഥന മാനിച്ച് 10 കേന്ദ്രങ്ങളാക്കി 20 ലക്ഷം രൂപ വകയിരുത്തുന്നു.

6. കഴിഞ്ഞ വർഷത്തെ മികച്ച ലൈബ്രറി പദ്ധതി ഈ വർഷവും തുടരും . 25000 രൂപയാണ് സമ്മാനം

വളരെ നല്ല സഹകരണമാണ് ബഹുമാനപ്പെട്ട വൈസ് ചാൻസിലർ, സെനറ്റംഗങ്ങൾ , നസീബ് സാറും ഗോപിചന്ദ്രൻ സാറും ഉൾപ്പടെയുള്ള സിൻഡിക്കേറ്റിലെ സഹപ്രവർത്തകർ, ഫിനാൻസ് ഓഫിസറും ഫിനാൻസ് വിഭാഗവും രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, DPD എന്നി സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ തുടങ്ങിയവർ ബജറ്റിന്റെ തയ്യാറെടുപ്പുമായി ബന്ധപ്പെട്ട ഫിനാൻസ് കമ്മിറ്റിയോടും അതിന്റെ കൺവീനറോടും വളരെ നല്ല രീതിയിലാണ് സഹകരിച്ചത്. എല്ലാ വിഭാഗം ജീവനക്കാരും അവരുടെ ചുമതലകൾ നിർവഹിച്ചിട്ടുണ്ട് ബജറ്റിന്റെ കവർ പേജ് തയ്യാറാക്കിയ ഫിനാൻസ് വിഭാഗത്തിലെ സെക്ഷൻ ഓഫീസർ ശ്രീമതി അരുണാ ഗോപാലകൃഷണനെ പ്രത്യേകം അഭിനന്ദിക്കുന്നു.

7 വർഷം തുടർച്ചയായി ബജറ്റ് അവതരിപ്പിക്കാനുള്ള അവസരവും ഭാഗ്യവും എനിക്ക് ലഭിച്ചു. ഈ 7 വർഷം കൂടുതൽ ഉത്തരവാദിത്വവും ചുമതലയും ഉള്ളതുകൊണ്ട് കുറേക്കൂടി കാര്യങ്ങൾ പഠിക്കുവാനും മനസിലാക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ

എല്ലാവരുമായി കാര്യങ്ങൾ പങ്കു വയ്ക്കുവാനും ഞാൻ പരിശ്രമിച്ചിട്ടുണ്ട്. സർവകലാശാലയുടെ ഒരു നല്ല കാലഘട്ടത്തിനു പറ്റിയ മൊത്തം അന്തരീക്ഷം ഇവിടെ ഉണ്ടായിരുന്നു. സർവകലാശാലയുടെ നല്ല കാലഘട്ടത്തിൽ ഇത്തരം ഒരു ചുമതല നിർവഹിക്കാൻ പറ്റിയതുവഴി നിങ്ങളോടൊപ്പം എനിക്കും സർവകലാശാലയുടെ വളർച്ചയിൽ ഒരു പങ്കു വഹിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യത്തോട് കൂടി എന്റെ മറുപടി പ്രസംഗം അവസാനിപ്പിക്കുന്നു.

The Vice-Chancellor declared that the Financial Estimates of the University for the year 2023-24 is passed.

## *(II)* Business brought forward by the Vice-Chancellor and the Syndicate.

**04. Amendment of clause 14.3 of the Regulations relating to the First Degree Programme under CBCS System-Consideration of- reg. (Ac.L)**

The Clause 14.3 of the Regulations relating to the First Degree Programme under CBCS System reads that the University Level Monitoring Committee shall be reconstituted by the Vice-Chancellor immediately on the commencement of each academic year.

The University Level Monitoring Committee shall consist of the following members,

1) The Pro-Vice-Chancellor
2) Two Members of the Syndicate representing Teachers of the Affiliated Colleges nominated by the Vice-Chancellor.
3) A dean nominated by the Vice-Chancellor
4) The Controller of Examinations
5) The Director, College Development Council (DCDC)
6) A Student Representative of the Syndicate
7) Two Members of the Academic Council nominated by the Vice-Chancellor.

The Vice-Chancellor, subject to reporting to the Syndicate, reconstituted the University Level Monitoring Committee (ULMC) by including one additional member of the Syndicate (from the category of Teachers of the Affiliated colleges) from 2021-22 Academic year onwards. U.O.No.Ac.AV.1/ULMC/2021 dated 20.07.2021 was issued in this regard.

The Syndicate held on 16.03.2022 vide item No.38.44.01,resolved to approve the recommendation of the University Level Monitoring Committee (ULMC) regarding the amendment of clause 14.3 of Regulations relating to the First Degree Programme under CBCS System regarding the reconstitution of ULMC.

Sanction was accorded by the Vice Chancellor, subject to reporting to the Academic Council for amending the clause 14.3 in the Regulations relating to the First Degree Programme under CBCS System, regarding the reconstitution of University Level Monitoring Committee (ULMC) as stated below and U.O No. 4543/2022/UOK dated 10.06.2022 has been issued in this regard.

The ULMC shall consist of the following members,

1) The Pro-Vice-Chancellor
2) **Three Members** of the Syndicate representing Teachers of the Affiliated Colleges nominated by the Vice-Chancellor.
3) A Dean nominated by the Vice-Chancellor
4) The Controller of Examinations
5) The Director, College Development Council (DCDC)
6) A Student Representative of the Syndicate
7) Two Members of the Academic Council nominated by the Vice- Chancellor.

The Academic Council at its meeting held on 07/01/2022 vide item no.(1) 74 considered and resolved to approve the amendment in Clause 14.3 of the Regulations relating to First Degree Programmes under CBCS System regarding the reconstitution of the University Level Monitoring Committee (ULMC).

Serial no.2 clause 14.3 in the Regulations to be amended as follows and shall be effected from the Academic year 2021-2022.

**AMENDMENT PROPOSAL**

| Existing Clause 14.3 | Proposed Amendment |
|---|---|
| 1) The Pro-Vice-Chancellor | 1) The Pro-Vice-Chancellor |
| 2) Two Members of the Syndicate representing Teachers of the Affiliated Colleges nominated by the Vice-Chancellor. | **2) Three Members of the Syndicate representing Teachers of the Affiliated Colleges nominated by the Vice-Chancellor.** |
| 3) A Dean nominated by the Vice-Chancellor | 3) A Dean nominated by the Vice-Chancellor |
| 4) The Controller of Examinations | 4) The Controller of Examinations |
| 5) The Director, College Development Council (DCDC) | 5) The Director, College Development Council (DCDC) |
| 6) A Student Representative of the Syndicate | 6) Student Representative of the Syndicate |
| 7) Two Members of the Academic Council nominated by the Vice-Chancellor. | 7) Two Members of the Academic Council nominated by the Vice-Chancellor. |

The above amendment to the Regulations relating to First Degree Programmes under CBCS System has to be laid before the Senate as stipulated under Section 39(1) of the Kerala University Act, 1974.

.

**The House considered and approved the** above amendment to the Regulations relating to First Degree Programmes under CBCS System as stipulated under Section 39(1) of the Kerala University Act, 1974.

==================================================================

**05. Amendment to the Regulations relating to Recognition of Examinations/Degrees of State Boards/Statutory Universities/Deemed Universities/ Other Institutions- Consideration of- reg. (Ac.L)**

The Academic Council at its meeting held on 16/09/2022 vide item No.(1).128 considered and resolved to approve the amendment proposal regarding the Recognition of Examinations / Degrees of State Boards/ Statutory Universities / Deemed Universities / other institutions. On the basis of the recommendations of the Chairman of various boards of studies and the Dean of respective Faculties, the Degree / Examinations / Diploma awarded by the State Boards / Statutory Universities/ Institutions as per the details shown in the Statement appended are recognized as equivalent to the corresponding Examinations / Degrees of this University either on reciprocal basis or for specific purposes such as higher studies or employment as the case may be by the Vice Chancellor, subject to reporting to the Academic Council in exercise of the power conferred on him as per Section 10(13) of the Kerala University Act , 1974.

The Degrees / Diploma awarded by other Universities and recognized by the University of Kerala have to be incorporated in the “Regulations and Degrees of other Universities by an amendment.

The Academic Council at its meeting held on 07/01/2023 vide item no.(1)73 considered the matter and resolved to adopt the amendment to the regulations.

Amendment proposal as follows:

**Amendment Proposal**

"That in Chapter IV- [NORMS FOR GRANTING RECOGNITION/ EQUIVALENCE TO EXAMINATIONS, DEGREES etc. OF UNIVERSITIES OR BODIES OF FOREIGN COUNTRIES] of the ***Regulations Relating to Recognition of Examinations and Degrees of other Universities,*** the following be inserted to the existing entries under relevant Universities/Institutions under the Heading "Degrees and Examinations of other Universities and Institutions recognized by the University of Kerala."

(List of degrees /exams appended)

The above amendment to Regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/Other Institutions is laid before the Senate for consideration and adoption as envisaged under Section 39 (1) of the Kerala University Act, 1974.

**The House considered and approved the** above amendment to Regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/Other Institutions as envisaged under Section 39 (1) of the Kerala University Act, 1974.

==========================================================================

**06. Amendment of Regulations relating to Continuous Evaluation (CE) in the Regulations of First Degree Programmes under CBCS System-Consideration of-reg. (Ac.L)**

The clauses 12.7 and 12.16 ( para 3 ) of the Regulations relating to First Degree Programmes under CBCS system 2013 regarding criteria for passing a course and reappearance of Continuous Evaluation were as follows:

**Clause 12.7**: "A minimum of 40% marks (E grade) shall be required for passing a course with a separate minimum of 40% marks (E Grade) for Continuous Evaluation(CE) and End Semester Evaluation (ESE)". Later the said clause was amended vide U.O No.Ac.AV/1/1UG Sem/2010 dated 06.05.2016, w.e.f 2015 admissions as "A minimum of 35% marks (E Grade) shall be required for passing a course with a separate minimum of 35%marks (E Grade) for Continuous Evaluation (CE) and End Semester Evaluation (ESE)".

**Clause 12.16 (Para 3)**: "In both cases (i.e. failure to obtain 'E' Grade for individual Course/Courses) and 'SCPA of 4.00) students shall not be allowed to repeat the Semester, but the marks secured by them for the CE part shall be carried over and added to the marks obtained in the ESE they reappear. However, those who fail in the CE (i.e. those who fail to secure a minimum of 'E' grade) will have one chance to improve the same (except the marks for attendance) along with next regular batch of students."

The Syndicate at its meeting held on 28.04.2020, resolved to exclude the marks for attendance in Continuous Evaluation (CE) for First Degree Programmes under CBCS System and the minimum marks prescribed for CE, as recommended by the Sub-Committee constituted to study the complaints regarding internal marks and University Level Monitoring Committee held on 19.02.2020 and 28.02.2020. Subsequently, the above clauses relating to criteria for passing a course and reappearance of CE were amended and UO No.Ac.AV.1/Attendance marks/CE/2021 dated 17.09.2021 was issued and implemented w.e.f 2020 admissions, as detailed below:

**Clause 12.7:** "A minimum of 35% marks (E Grade) shall be required for passing a course with a separate minimum of 35% (E Grade) for End Semester Evaluation (ESE)."

**Clause 12.16 (para 3)**: In both cases (i.e. failure to obtain 'E' Grade for individual Course/Courses and 'SCPA of 4.00) students shall not be allowed to repeat the Semester, but the marks secured by them for the CE part shall be carried over and added to the marks obtained in the ESE they reappear. Those who fail to secure a pass minimum of 35% (E Grade) for a course will have one chance to improve CE marks for the course."

The Academic Council at its meeting held on 07.10.2021, resolved to retain the pass minimum for Continuous Evaluation (CE) component for the First Degree Programmes under CBCS System and to replace the word, "improve" with "reappear". Accordingly, the following clauses 12.7 and 12.16 of the Regulations relating to First Degree Programmes under CBCS system were further

modified as follows and UO.No.Ac.AV/1/CE/pass minimum/2021 dated 15.12.2021 had been issued in this regard.

**Clause 12.7**: "A minimum of 35% marks (E grade) shall be required for passing a course with a separate minimum of 35% marks (E Grade) for Continuous Evaluation (CE) and End Semester Evaluation (ESE)"

**Clause 12.16 (para 3)**: In both cases (i.e. failure to obtain 'E' Grade for individual Course/Courses and 'SCPA of 4.00) students shall not be allowed to repeat the Semester, but the marks secured by them for the CE part shall be carried over and added to the marks obtained in the ESE they reappear. Those who fail in the CE (i.e. those who fail to secure a minimum of 'E' grade) will have one chance to reappear for the same, along with the next regular batch of students."

The University Level Monitoring Committee (ULMC) at its meeting held on 11.03.2022 considered the matter of effecting the said amendments in the Regulations related to First Degree Programmes under CBCS System and recommended to approve the proposal for amending the clauses 12.7 and 12.16 (para 3) in the Regulations as follows:

**Clause 12.16 (Para 3)**: *In both cases (i.e. failure to obtain 'E' Grade for individual Course/Courses and 'SCPA of 4.00) students shall not be allowed to repeat the Semester, but the marks secured by them for the CE part shall be carried over and added to the marks obtained in the ESE they reappear. Those who fail in the CE (i.e. those who fail to secure a minimum of 'E' grade) will have two chances to reappear for the same, along with the next regular batch of students."*

The Syndicate at its meeting held on 16.03.2022 vide Item No**.** 38.44.02 resolved that the above recommendations of the meeting of the University Level Monitoring Committee (ULMC) held on 11.03.2022 be approved. Further resolved to place the proposal before the Academic Council.

The Academic Council at its meeting held on 1/04/2022 vide item no.(I) 109 considered the matter and resolved to approve the amendments.

The amendment proposal relating to Continuous Evaluation (CE) in the Regulations of First Degree Programmes under CBCS System is as follows,

**Amendment Proposal**

| Sl No. | Clause | Existing | Proposed Amendment |
|---|---|---|---|
| 1 | 7.11 | **Attendance**: Students who secure a minimum of 75% attendance in the aggregate for all the Courses of a semester taken together alone will be allowed to register for End Semester Evaluation. Others have to repeat the semester along with the next batch, unless they could make up the shortage of attendance through condonation. However the award of Grade for attendance in CE shall be made course-wise. Condonation of shortage of attendance to a maximum of 10 days in a semester subject to a maximum of two times during the whole period of a Degree Programme shall be granted by the University on valid grounds. This condonation shall not be considered for awarding marks for CE. Benefits of attendance for a maximum of 10 days in a semester shall be granted to students who participate/attend University Union activities, meetings | **Attendance**: Students who secure a minimum of 75% attendance in the aggregate for all the Courses of a semester taken together alone will be allowed to register for End Semester Evaluation. Others have to repeat the semester along with the next batch, unless they could make up the shortage of attendance through condonation. **However the award of Grade for attendance in CE shall be made course wise - for practicals only**. Condonation of shortage of attendance to a maximum of 10 days in a semester subject to a maximum of two times during the whole period of a Degree Programme shall be granted by the University on valid grounds. **This condonation shall not be considered for awarding marks for CE in practicals**. Benefits of attendance for a maximum of 10 days in a semester shall be granted to students who participate/ attend University Union activities, |

<table>
<tr><td></td><td></td><td>of the University Bodies and Extra Curricular Activities, on production of participation/ attendance certificate by the University Authorities/Principals as the case may be. But in such cases, condonation will be considered for award of marks for CE.</td><td>meetings of the University Bodies and Extra Curricular Activities, on production of participation/ attendance certificate by the University Authorities/Principals as the case may be. But in such cases, condonation will be considered for award of marks for CE in practicals only.</td></tr>
<tr><td>2</td><td>9.2.2</td><td>The allotment of marks for attendance shall be as follows:
<table>
<tr><td>Attendance less than 51%</td><td>0 Mark</td></tr>
<tr><td>51% to 60%</td><td>1 Mark</td></tr>
<tr><td>61% to 70%</td><td>2 Marks</td></tr>
<tr><td>71% to 80%</td><td>3 Marks</td></tr>
<tr><td>81% to 90%</td><td>4 Marks</td></tr>
<tr><td>91% to 100%</td><td>5 Marks</td></tr>
</table></td><td>The allotment of marks for attendance for practicals shall be as follows:
<table>
<tr><td>Attendance less than 51%</td><td>0 Mark</td></tr>
<tr><td>51% to 60%</td><td>1 Mark</td></tr>
<tr><td>61% to 70%</td><td>2 Marks</td></tr>
<tr><td>71% to 80%</td><td>3 Marks</td></tr>
<tr><td>81% to 90%</td><td>4 Marks</td></tr>
<tr><td>91% to 100%</td><td>5 Marks</td></tr>
</table></td></tr>
<tr><td>3</td><td>12.3</td><td>The marks of CE shall be consolidated by adding the marks of Attendance, Assignment/ Seminar and Test paper respectively for a particular Course.
<table>
<tr><td>a</td><td>Attendance</td><td>5 marks</td></tr>
<tr><td>b</td><td>Assignment/Seminar</td><td>5 marks</td></tr>
<tr><td>c</td><td>Test Paper</td><td>10 marks</td></tr>
</table></td><td>The marks of CE shall be consolidated by adding the marks of Assignment/ Seminar and Test paper respectively for a particular Course
<table>
<tr><td>a</td><td>Assignment/Seminar</td><td>10 marks</td></tr>
<tr><td>b</td><td>Test Paper</td><td>10 marks</td></tr>
</table></td></tr>
<tr><td>4</td><td>12.7</td><td>A minimum of 35% marks (E Grade )shall be required for passing a Course with a separate minimum of 35% (E Grade) for Continuous Evaluation and End Semester Evaluation</td><td>A minimum of 35% marks (E Grade) shall be required for passing a course with a separate minimum of 35% marks (E Grade) for Continuous Evaluation (CE) and End Semester Evaluation (ESE).</td></tr>
<tr><td>5</td><td>12.16 (para 3)</td><td>In both cases (i.e. failure to obtain ‘E’ Grade for individual Course/ Courses and ‘SCPA of 4.00) students shall not be allowed to repeat the semester, but the marks secured by them for the CE part shall be carried over and added to the marks obtained in the ESE they reappear. However, those who fail in the CE (i.e. those who fail to secure a minimum of ‘E’ grade) will have one chance to improve the same (except the marks for attendance) along with next regular batch of students.</td><td>In both cases (i.e. failure to obtain ‘E’ Grade for individual Course/Courses and ‘SCPA of 4.00) students shall not be allowed to repeat the Semester, but the marks secured by them for the CE part shall be carried over and added to the marks obtained in the ESE they reappear. Those who fail in the CE (i.e. those who fail to secure a minimum of ‘E’ grade) will have two chances to reappear for the same, along with the next regular batch of students.”</td></tr>
</table>

As stipulated under section 39(1) of the Kerala University Act,1974,the above amendment to “the Regulations relating to Continuous Evaluation(CE) of First Degree Programmes under CBCS System” was laid before the Senate held on 19/11/2022 vide item no.(II)03.The House considered the same after detailed deliberations resolved to approve amendment to “the Regulations relating to Continuous evaluation (CE) of First Degree programmes Under CBCS System” except to the extent of Clause 9.2.2

The House further resolved to refer Clause 9.2.2 of the amendment back to Academic Council for detailed examination and proposal thereof.

Accordingly, Clause 9.2.2. of the amendment to “the Regulations relating to Continuous Evaluation (CE) of First Degree Programmes under CBCS System” was placed before the Academic Council for detailed examination and proposal thereof.

The Special meeting of the Academic Council held on 07/01/2023; vide item no. (I) 73 examined Clause 9.2.2 of the amendment to “the Regulations relating to Continuous Evaluation (CE) of First Degree Programmes under CBCS System” as per the resolution of the Senate held on 19/11/2022 and resolved to approve the amendment as such without any changes.

The above amendment to “the Regulations relating to Continuous Evaluation (CE) of First Degree Programmes under CBCS System” is laid before the Senate for consideration and adoption as envisaged under Section 39 (1) of the Kerala University Act, 1974.

**The House considered and approved the** above amendment the Regulations relating to Continuous Evaluation (CE) of First Degree Programmes under CBCS System as envisaged under Section 39 (1) of the Kerala University Act, 1974.

==================================================================

**07. Annual Report of the University for the year 2022 – Review of the draft report– Consideration of- reg. (Ac.D)**

As per Sub-Section (5) Statute (10) in Chapter 6 of the Kerala University First Statutes 1977, the Annual Report of University of Kerala as approved by the Syndicate should be placed before the annual meeting of the Senate for review.

The meeting of the Syndicate held on 28.02.2023 vide Item No.52.83 considered the Draft Annual Report of the University of Kerala for the year 2022 and resolved to approve the Draft Annual Report-2022 of the University and place the same before the Senate for consideration.

As per the orders of the Vice Chancellor the Draft Annual Report of University of Kerala for the year 2022 is placed before the Senate for review.

**The House considered and approved the Annual Report of the University for the year 2022.**

==================================================================

**08. Report on the Audit of Accounts of University of Kerala for the year 2020-21 – reg. (OAD III)**

**The House did not consider the matter as the report was not received from Kerala State Audit Department.**

==================================================================

**<u>Additional Item</u>**

**Government Budget Speech 2022-23-"Establishment of Science Park at Thiruvananthapuram-University of Kerala –Consideration of-reg:- (Pl.A)**

The Government of Kerala had decided to establish four Science Parks in the state and an amount of Rs.1000 crores were allocated in the Budget Speech 2022-23 for the purpose. University Kerala was shortlisted as one of the prospective collaborators of this project vide letter No.20/EVP/2022/KSCSTE dated 27/8/2022**.** It was pointed that, project requires nearly 10 to 15 acres of land of the University as part of project and that park is proposed as an autonomous institution managed by the Director and the Governing Council appointed by the Govt. of Kerala.

Accordingly, a Sub Committee of the Syndicate has been constituted to study all the aspects of the Project and for a detailed report to be placed before the Senate. The subcommittee has submitted the detailed report for the project, vide report dated 30.03.2023 **(Appendix I)**

The Government has accorded administrative sanction, *vide* G.O No.3/2023/S&TD dated 25.03.2023 for establishing Science Parks. The University of Kerala is mentioned as the 'Principal

Associated University' for the location of Thiruvananthapuram. The Science park will consist of two block spanning an area of 10 Lakhs sq.ft and will require an investment of 200 crores. The park shall be established with the funding from the KIIFB. The KSCSTE is designated as the SPV for executing the project. The KSITIL is entrusted with the task of identifying the availability of land and to facilitate the process for acquiring it to establish the science park **[Appendix II].**

The above matters were placed before the Syndicate. The Syndicate , at its meeting held on 30.03.2023, vide item no.54.27, considered the report of the subcommittee and resolved to accept the report and place the same before the Senate scheduled on 31.03.2023 for consideration.

As per the order of the Vice Chancellor, the report of the Sub Committee regarding the "Establishment of Science park at Thiruvanathapuram" is hereby placed before the Senate for consideration.

| |
|---|
| **The House considered and approved** the detailed report for the project submitted by the Sub Committee of the Syndicate constituted to study all the aspects of the project regarding the "Establishment of Science park at Thiruvanathapuram" and entrusted the Syndicate to take further action in this matter. |

==============================================================

## (III) Resolutions given notice of by the Members

| | |
|---|---|
| **ശ്രീ. ആദിത്യൻ.എസ്.ആർ** | |
| 1. | കേരളാ യൂണിവേഴ്സിറ്റിക്ക് കീഴിലെ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളിൽ കലാ–കായിക രംഗത്ത് മുന്നിലെത്തുന്ന വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് സംവിധാനങ്ങൾ ആരംഭിക്കണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. |
| **Sri. Muhammed Shahin** ***seconded the resolution.***<br>***The Vice-Chancellor replied that the matter can be examined.*** | |
| **ശ്രീ. അജിന്ത് അജയ്** | |
| 2. | CSS ന്റെ ഭാഗമായിട്ടുള്ള ആലപ്പുഴയിലെയും, സിറ്റിയിലെയും കാമ്പസുകൾ അക്കാദമിക്, അക്കാദമികേതര ആവശ്യങ്ങൾക്കായി പൂർണ്ണമായും കാര്യവട്ടം കാമ്പസിന്റെ ഭാഗമാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. |
| **Sri. Adithyan S.R** ***seconded the resolution.***<br>***The Vice-Chancellor replied that the matter can be examined.*** | |
| **ശ്രീ. ആദിത്യൻ.എസ്.ആർ** | |
| 3. | കേരളാ യൂണിവേഴ്സിറ്റിക്ക് കീഴിലെ കോളേജ് കാമ്പസുകളിലെ വിദ്യാർത്ഥി യൂണിയനെ നയിക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഭാഗമായ The Chairman, The Vice Chairman എന്നത് ലിംഗവിവേചനം സൃഷ്ടിക്കുന്ന തരത്തിലുള്ളവ ആയതിനാൽ അത് തിരുത്തി The Chairperson , The Vice Chairperson എന്നരീതിയിലേക്ക് മാറ്റണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്. |
| **Sri. Ajinth Ajay** ***seconded the resolution.***<br>***Vice-Chancellor replied that the matter can be examined.*** | |
| ***The resolution moved by Prof. (Dr.) S. Sekaran was not taken up by the House since the member was not present at that time.*** | |

ഫിനാൻസ് കമ്മിറ്റി കൺവീനറുടെ കാലാവധി കഴിയുന്നതിനാൽ ആശംസകൾ അർപ്പിച്ച് സംസാരിക്കാൻ വൈസ് ചാൻസിലർ അംഗങ്ങളെ ക്ഷണിച്ചു.

**ഡോ. എസ്. നസീബ്**

കഴിഞ്ഞ അഞ്ചാറു വർഷം സർവകലാശാലയുടെ വികസനത്തിൽ വലിയ കുതിപ്പാണ് സംഭവിച്ചത്. കാര്യവട്ടം ക്യാമ്പസിനെ ഒരു സെന്റർ ഓഫ് എക്സലൻസും സർവകലാശാലയുടെ ഐക്കണുമാക്കി മാറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് വി.സി, പി.വി.സി, മറ്റ് അഡ്മിനിസ്ട്രേറ്റീവ് സംവിധാനങ്ങൾക്കൊപ്പം നേതൃത്വം കൊടുത്തത് സർവകലാശാലാ സിൻഡിക്കേറ്റാണ്. അതിന് നേതൃത്വം കൊടുത്ത ഫിനാൻസ് കമ്മിറ്റി കൺവീനറുടെ പ്രവർത്തനങ്ങൾ എടുത്തു പറയാതെ വയ്യ. വ്യത്യസ്ത മേഖലയിലുള്ള ജനങ്ങളുമായി ഇടപെടുന്ന വ്യക്തിയെന്ന നിലയിൽ ഏത് കാര്യത്തെക്കുറിച്ചും വ്യക്തമായ അഭിപ്രായം പറയാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്. ആലപ്പുഴയിലെ ഒരു ഗ്രാമത്തിൽ നിന്നും സർവകലാശാലയിൽ കൃത്യസമയത്ത് എത്തി പ്രവർത്തനങ്ങളിൽ പങ്കെടുക്കുക എന്നത് സമർപ്പിത മനസ്കനായ വ്യക്തി യുടെ ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനമായിട്ടേ കാണാൻ കഴിയൂ. 7 ബജറ്റ് അദ്ദേഹം പൂർത്തിയാക്കി. ഇപ്പോഴത്തെ ബജറ്റിൽ ക്രഷ് മുതൽ വാർദ്ധക്യത്തെ വരെ അഡ്രസ്സ് ചെയ്തിട്ടുണ്ട്. സർവകലാശാല എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന് അദ്ദേഹ ത്തിന്റെ ബജറ്റിലുണ്ട്. കേരള സർവകലാശാലക്ക് ഒരിക്കലും മറക്കാനാകാത്ത സമർപ്പിത പ്രവർത്തനത്തിന്റെ മാതൃക സൃഷ്ടിച്ചാണ് അദ്ദേഹം 7ാമത്തെ ബജറ്റ് അവതരിപ്പിച്ചതെന്ന് നമുക്ക് അഭിമാനപൂർവം ഓർക്കാം. അദ്ദേഹത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**അഡ്വ. ബി. ബാലചന്ദ്രൻ**

കഴിഞ്ഞ 6 ബജറ്റിൽ 4 എണ്ണം അവതരിപ്പിച്ചപ്പോഴും ഞാനിവിടെയുണ്ട്. കൂടെ യുള്ള എല്ലാവരേയും യോജിപ്പിച്ചു കൊണ്ടു പോകാനുള്ള അഡ്വ. ബാബുജാന്റെ പരി ശ്രമം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. A++ സർവകലാശാലക്ക് നേടിത്തന്ന പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയത് ഫിനാൻസ് കമ്മിറ്റി കൺവീനറായ അഡ്വ. ബാബു ജാനാണ്. വി.സി, പി.വി.സി, വകുപ്പ് മേധാവികൾ, വിദ്യാർത്ഥികൾ, ജീവനക്കാർ തുടങ്ങി എല്ലാവരേയും യോജിപ്പിച്ചു കൊണ്ട് A++ നേടിയെടുക്കുവാൻ വേണ്ടി നടത്തിയ പ്രവർത്തനം എനിക്ക് വളരെ മാതൃകാപരമായി തോന്നിയിട്ടുണ്ട്. അത് ഭാവിയിലും നമുക്ക് ഗുണകരമാവും. അദ്ദേഹത്തിന് എല്ലാ ആശംസകളും നേരുന്നു.

**ഡോ. ഗോപ്ചന്ദ്രൻ കെ. ജി.**

ബാബുജാൻ സാറിന്റെ കാലഘട്ടം കേരള സർവകലാശാലയുടെ ചരിത്രത്തിൽ അടയാളപ്പെടുത്തുമെന്നതിന് ഒരു സംശയവുമില്ല. ഇവിടെ എത്തിക്കഴിഞ്ഞാൽ 24 മണിക്കൂറും യൂണിവേഴ്സിറ്റിയുടെ കാര്യങ്ങൾ പഠിക്കുക, വേണ്ട മാറ്റങ്ങൾ വരു ത്തുക ശരിയായിട്ടുള്ള കാര്യമാണങ്കിൽ മാറ്റം വരുത്താൻ സമ്മതിക്കാതിരിക്കുക തുട ങ്ങിയ നിർബന്ധബുദ്ധി അദ്ദേഹത്തിനുണ്ട്. ഏതു കാര്യവും വിശദമായി പഠിച്ചും ആ രംഗത്തുള്ള വിദഗ്ധരുമായി ചർച്ച ചെയ്തും മാത്രമേ അദ്ദേഹം തീരുമാനമെടുക്കാറു ള്ളൂ. ആ തീരുമാനം വളരെ ശരിയായിരിക്കുകയും ചെയ്യും. ഈ ബജറ്റിൽ തന്നെ ഓഗ്മെന്റഡ് റിയാലാറ്റി, വെർചൽ റിയാലാറ്റി തുടങ്ങിയ പ്രൊപ്പോസലുകൾ വിദഗ്ധ രുമായി ചർച്ച ചെയ്ത് വിദ്യാർത്ഥികൾക്ക് ഏറ്റവും ഉചിതമായ രീതിയിൽ അദ്ദേഹം കൊണ്ടുവന്നിട്ടുണ്ട്. ബാബുജാൻ സാറിന് ഭാവിയിൽ കൂടുതൽ ഉയരങ്ങളിലെത്താൻ കഴിയട്ടെ എന്നാശംസിക്കുന്നു.

**ശ്രീ. അജിന്ത് അജയ്**

സിൻഡിക്കേറ്റ് അംഗം എന്ന നിലയിൽ വിദ്യാർത്ഥികളുടെ ഏത് ആവശ്യവുമായി ബാബുജാൻ സാറിനെ സമീപിച്ചാലും ഉടൻ തന്നെ അതിനു വേണ്ട പരിഹാരം ചെയ്യും. റിസർച്ച് യൂണിയന്റെ ഫണ്ടാണെങ്കിലും യൂണിവേഴ്സിറ്റി യൂണിയന്റെ ഫണ്ടാണെങ്കിലും വളരെ പോസിറ്റീവ് ആയി അതിനെ സമീപിക്കുകയും കാര്യങ്ങൾ ശരിയാക്കുകയും ചെയ്യും. ഹോസ്റ്റൽ മോണിറ്ററിങ് കമ്മിറ്റിയിൽ വിദ്യാർത്ഥികളുടെ പൾസ് മനസിലാക്കി ബാബുജാൻ സാർ ഇടപെടലുകൾ നടത്താറുണ്ട്. അടുത്ത സിൻഡിക്കേറ്റിൽ അദ്ദേഹം ഇല്ല എന്നത് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വലിയ വിടവാണ് സൃഷ്ടിക്കുന്നത്. അദ്ദേഹത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**ശ്രീ. അരുൺകുമാർ ആർ**

സിൻഡിക്കേറ്റിൽ അംഗമായതിനു ശേഷം പലരുമായും ക്ഷോഭിച്ചു സംസാരിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും ഒരു തവണ പോലും ബാബുജാൻ സാറുമായി അങ്ങനെ സംസാരിക്കേണ്ട അവസരം ഉണ്ടായിട്ടില്ല. മീറ്റിംഗുകളിൽ അജണ്ടയുടെ മെരിറ്റ് മാത്രമേ ബാബുജാൻ സാർ നോക്കാറുള്ളൂ. ഏത് കാര്യത്തിലും നമ്മുടെ അഭിപ്രായം പറയാനുള്ള അവസരം അദ്ദേഹം നൽകാറുണ്ട്. പുതിയ കാലഘട്ടത്തിലെ രാഷ്ട്രീയത്തിന് അദ്ദേഹം എത്രത്തോളം അനുയോജ്യനാണ് എന്ന് സംശയമുണ്ട്. സമൂഹത്തിലെ പാവപ്പെട്ടവരുടെ പ്രശ്നങ്ങളിലടപെട്ടു ന്യായമായ പരിഹാരം കാണാൻ അദ്ദേഹത്തിനു സാധിക്കുന്നു. എല്ലാ വിഭാഗം ജീവനക്കാരേയും കൂട്ടിയോജിപ്പിച്ചു കൊണ്ടു പോകാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. സർവകലാശാലക്ക് A++ കിട്ടാൻ ഇടയായത് അദ്ദേഹത്തിന്റെ നേതൃത്വം കൊണ്ടാണ്. അദ്ദേഹത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**ശ്രീ സന്ദീപ് ലാൽ എസ്**

ലോകത്തെ വിശാലമായി കാണുകയും തന്റെ ചിന്താഗതികളെ നിരന്തരം നവീകരിക്കുകയും ചെയ്യുന്ന കുറച്ചു പേർക്കൊപ്പം ഒരു വർഷക്കാലം സിൻഡിക്കേറ്റിൽ പ്രവർത്തിക്കാൻ സാധിച്ചത് ഒരു പ്രധാനപ്പെട്ട കാര്യമായി കാണുന്നു. പരീക്ഷ മാറ്റിവക്കൽ പോലെയുള്ള ആവശ്യങ്ങൾക്ക് ബാബുജാൻ സാർ എതിരായിരുന്നു. ഏറ്റവും മെരിറ്റുള്ള തീരുമാനമായിരുന്നു അതെന്ന് പിന്നീട് ആലോചിക്കുമ്പോൾ മനസിലാകും. എല്ലാ സിൻഡിക്കേറ്റംഗങ്ങളേയും കൂട്ടിയോജിപ്പിച്ച് ചേർത്തുപിടിച്ചു കൊണ്ട് പോകുന്ന ആളാണ് അദ്ദേഹം. കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ ഇതിനേക്കാൾ പ്രസിദ്ധനായി അറിയപ്പെടാൻ അദ്ദേഹത്തിനാകട്ടെ എന്ന് പ്രത്യാശിക്കുന്നു. അദ്ദേഹത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**ശ്രീ. വൈ ഓസ്ബോൺ**

എയ്ഡഡ് കോളേജുകളിലെ അനധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സർവകലാശാലാ സ്റ്റാറ്റ്യൂട്ട് അനുസരിച്ചാണെങ്കിലും ഞങ്ങൾക്ക് വേണ്ട പരിഗണന ലഭിക്കാറില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ സർവകലാശാലയുടെ ചരിത്രത്തിൽ ആദ്യമായി ഞങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചു.

ഈ ബജറ്റിലും പരിശീലന പരിപാടിയുടെ രണ്ടാം ഘട്ടത്തിന് 5 ലക്ഷം രൂപ അനുവദി ക്കയും, അത് അപര്യാപ്തമാണന്നും കൂട്ടണമെന്നുമുള്ള എന്റെ അഭ്യർത്ഥന മാനിച്ച് മറുപടി പ്രസംഗത്തിൽ അത് 10 ലക്ഷം രൂപയാക്കി വർധിപ്പിച്ചു കൊണ്ട് സർവകലാ ശാലയുടെ മുഖ്യധാരയിലേക്ക് ഞങ്ങളെ കൈപിടിച്ചുയർത്തുന്നതിന് മുഖ്യപങ്ക് വഹിച്ച ബാബുജാൻ സാറിനോടുള്ള സ്നേഹവും നന്ദിയും കടപ്പാടും രേഖപ്പെടുത്തു ന്നു. അദ്ദേഹത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

<u>ഡോ. എം. വിജയൻ പിള്ള</u>

ബാബുജാൻ സാർ അവതരിപ്പിച്ച ഓരോ ബജറ്റും ഒന്നിനൊന്നു മെച്ചം ആയിരു ന്നു. എല്ലാ മേഖലയിലുള്ളവരേയും പരിഗണിച്ചിട്ടുള്ള ബജറ്റാണ് അദ്ദേഹം തയ്യാറാ ക്കിയിട്ടുള്ളത്. ബജറ്റിനെ സമ്പൂർണ്ണമാക്കാനുള്ള ശ്രമം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടാകാറുണ്ട്. സാറിന്റെ മാതൃക വ്യക്തി ജീവിതത്തിൽ പകർത്താൻ ഞാൻ ശ്രമിക്കാറുണ്ട്. ഞാൻ വിചാരിക്കുന്നത് ബാബുജാൻ സാറിന് ഇനിയും സെന റ്റിൽ വരാൻ സാധിക്കുമെന്നാണ്. ഒരുപാട് നല്ല അനുഭവങ്ങൾ തന്നിട്ടുള്ള ബാബു ജാൻ സാറിന് എല്ലാ വിധ ആശംസകളും നേരുന്നു.

<u>പ്രൊഫ. കെ. ലളിത</u>

മീറ്റിങ്ങുകളിൽ ഏത് അജണ്ട ആയാലും അതിന്റെ അർത്ഥ തലങ്ങൾ പെട്ടന്ന് മനസിലാക്കാനും മാനുഷിക വശം മുൻനിർത്തി തീരുമാനമെടുക്കാനും ബാബുജാൻ സാറിന് പ്രത്യേക കഴിവാണ്. അതിന് സാറിനെ എത്ര അനുമോദിച്ചാലും മതിയാവില്ല. എല്ലാവർക്കും പറയാനുള്ള കാര്യം സാർ ക്ഷമയോടെ കേൾക്കും. കാര്യം സാധിച്ച പ്രതീതിയാണ് അതുകൊണ്ട് ഉണ്ടാകുന്നത്. സാറിന് ഇനിയും കൂടുതൽ ഉയരങ്ങളിലെ ത്താനുള്ള കഴിവും മനസുമുണ്ട്. എല്ലാവരോടും മാനുഷിക പരിഗണനയോടെ ഇട പെടുന്ന ഇത്തരം സുമനസുകളെ ആണ് പൊതു രംഗത്ത് നമുക്കാവശ്യമുള്ളത്. സാറിന് എല്ലാ ആശംസകളും നേരുന്നു.

***The Chair thanked the members for their co-operation.***

***The meeting was adjourned sine-die at 11.00 a.m.***

| | |
|---|---|
| **Sd/-** | **Sd/-** |
| **REGISTRAR** | **VICE-CHANCELLOR** |

University Buildings,
Thiruvananthapuram.
31.03.2023